# MODEL READERS

## SIXTH BOOK

(REVISED EDITION)

BY

VIDWAN G. SANKARA KURUP.

---

# മാതൃകാപാഠാവലി

# ആറാം പുസ്തകം.

(പരിഷ്കരിച്ച പതിപ്പ്)

പ്രണേതാവ്.

**വിദ്വാൻ ജി. ശങ്കരക്കുറുപ്പ്.**

മഹാരാജാസ് കോളേജ്, എറണാകുളം.

---

**V. SUNDRA IYER & SONS,**

TRICHUR & ERNAKULAM.

[*Price 7 As.*

538

3345
343

# MODEL READERS

## SIXTH BOOK

(REVISED EDITION)

BY

VIDWAN G. SANKARA KURUP.

---

# മാതൃകാപാഠാവലി

## ആറാം പുസ്തകം.

(പരിഷ്ക്കരിച്ച പതിപ്പ്.)

പ്രണേതാവ്,

വിദ്വാൻ ജി. ശങ്കരക്കുറുപ്പ്.
മഹാരാജാസ് കോളെജ്, എറണാകുളം

---

V. SUNDRA IYER & SONS,
TRICHUR & ERNAKULAM.

[*Price 7 As.*

343
~~No: 191~~
MANAVIRUL ISLAM HIGH SCHOOL
Date 343
ERNAKULAM.

# പ്രസ്താവന.

ഈ രാജ്യത്തെ പാഠപദ്ധതിയനുസരിച്ചു രചിച്ചിട്ടുള്ള 'മാതൃകാപാഠാവലി'യുടെ ഒരു സംസ്കരിച്ച പതിപ്പ് ആണ് ഞങ്ങൾ ഇവിടെ പ്രകാശിപ്പിക്കുന്നതു്. വിഷയവൈചിത്ര്യത്തിലും പ്രതിപാദനവൈശദ്യത്തിലും ദൃഷ്ടിപതിപ്പിച്ചുകൊണ്ടു പ്രസാധനം ചെയ്യുന്ന പ്രസ്തുത ഗ്രന്ഥപരമ്പര അദ്ധ്യേതാക്കൾക്കു പ്രമോദത്തോടും പ്രയോജനത്തോടുംകൂടി വായിക്കുവാൻ ഉപകരിക്കുമെന്നാണ് വിശ്വാസം. അഭ്യുദയകാംക്ഷികളായ സാഹിത്യകാരന്മാരിൽ ചിലരും, അദ്ധ്യയനകുശലന്മാരായ സുഹൃത്തുക്കളിൽ പലരും അമൂല്യങ്ങളായ നിർദ്ദേശങ്ങൾ നൽകി സഹായിച്ചിട്ടുള്ളതിനു ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു.

— ജി.

...VIRUL ISLAM HIGH SCHO... ERNAKULAM

# വിഷയവിവരം.


| | | |
|---|---|---|
| 1. | അത്ഭുതജനകമായ ലോകം | 1 |
| 2. | അക്ബർ | 8 |
| 3. | സഹകരണം | 14 |
| *4. | പ്രഭാതതാരം | 19 |
| 5. | വെളിച്ചം | 20 |
| 6. | സസ്യങ്ങൾ | 24 |
| *7. | പിതൃഭക്തി | 29 |
| 8. | ജപ്പാൻ | 33 |
| 9. | സമുദ്രം | 40 |
| *10. | ഒരരിപ്പിറാവ് | 44 |
| 11. | കുഞ്ചൻനമ്പ്യാർ | 47 |
| 12. | ജീവികളും ജീവിതോപകരണങ്ങളും | 52 |
| *13. | കന്നിമാസം | 57 |
| 14. | സനാതനൻ | 58 |
| 15. | വില | 63 |
| *16. | ഈശ്വരപ്രാർത്ഥന | 66 |
| 17. | ശ്രീശങ്കരാചാര്യർ | 68 |
| 18. | കമ്പിയില്ലാക്കമ്പി | 75 |
| *19. | ദ്വാരക | 78 |
| 20. | ക്ഷയം | 80 |
| 21. | സമയവിനിയോഗം | 83 |

| | | |
|---|---|---|
| 24. | ചാപഭഞ്ജനം | 100 |
| *25. | ബാലലീല | 104 |
| 26. | ധനം | 107 |
| 27. | ലോഹങ്ങൾ | 110 |
| | | 113 |
| | ിട്ട് അഹമ്മദ് ഖാൻ | 116 |
| | | 119 |
| | ന്മദേശം | 121 |
| | തി | 126 |

## മാതൃകാപാഠാവലി

# ആറാം പുസ്തകം

HIGH SCHOOL ERNAKULAM.

## ൧. അത്ഭുതജനകമായ ലോകം.

"ശ്യാമപ്പുമെത്ത, ചഞ്ചൽക്കുളിർ വിശറി, മണീ-
കീർണ്ണമാം നീലമേലാ-
പ്പോമൽത്തങ്കഗ്ഗോളോപ്പീവക വിഭവശതം
ചേർന്ന കേളീഗൃഹം മേ
പ്രേമത്താലേ സ്വയം തന്നരുളിയ പരമോ-
ദാരശീലന്റെ മുൻപിൽ
കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹഹ! മല-
ത്തുന്ന ഞാനെത്ര ഭോഷൻ!"

വള്ളത്തോൾ.

നിങ്ങൾ നിവസിക്കുന്ന ഗൃഹത്തിന്റെ പുരോഭാഗത്തു മനോഹരമായ ഒരു ആരാമവും, പാർശ്വഭാഗത്തു നിർമ്മലമായ ഒരു തടാകവും ഉണ്ടെന്നു സങ്കല്പിക്കുക. എന്നാൽ അതൊന്നും ദർശിക്കാതെ മുറിക്കകത്തു് ഒരു മൂലയ്ക്കൽ തനിച്ചിരുന്നാൽ, അതു് എത്രമാത്രം പരിതാപകരമായിരിക്കും! അനർഘമായ ജ്ഞാനവും നിഷ്കന്മഷമായ ആനന്ദവും നേടുവാൻ ഉപകരിക്കുന്ന ദുർല്ലഭങ്ങളായ എത്ര സന്ദർഭങ്ങളാണു് ലോകമഹാഗൃഹത്തിലെ അംഗമായ മനുഷ്യൻ ദിവസം

പ്രതി ഇപ്രകാരം നശിപ്പിച്ചു കളയുന്നതു്! മുകളിൽ നീലനിർമ്മലവും അപാരവും ആയ ആകാശം; ചുററും പക്ഷിമൃഗാദികളും വൃക്ഷലതാദികളുംനിറഞ്ഞ ഭൂഭാഗം; എവിടെ നോക്കിയാലാണു് ആഹ്ലാദത്തിനും ജ്ഞാനാർജ്ജനത്തിനും വകയില്ലാത്തതു്.

പ്രകൃതിസൌന്ദര്യം ആസ്വദിക്കണമെങ്കിൽ ദേശസഞ്ചാരം ചെയ്യണമെന്നു ചിലർ വിചാരിക്കുന്നു. അചരങ്ങളായ വസ്തുക്കളെ മാത്രമേ സശ്രദ്ധം വീക്ഷിക്കുവാനും ഗ്രഹിക്കുവാനും രസമുള്ളു എന്നാണു മററു ചിലരുടെ മിത്ഥ്യാബോധം. എന്നാൽ നമ്മുടെ ചുററും തന്നെ അനേകം അത്ഭുതങ്ങൾ ഉണ്ടെന്നും, അവ ശ്രദ്ധാർഹങ്ങളാണെന്നും, അറിഞ്ഞിരിക്കേണ്ടതാകുന്നു. വിശ്വപ്രസിദ്ധനായ സർ ഐസക് ന്യൂട്ടൻ, കേവലം ബാലനായിരുന്ന കാലത്തു്, ഉദ്യാനത്തിൽവച്ചു കണ്ട ഒരു സാധാരണസംഭവത്തിൽനിന്നാണു് ഒരു വലിയ പ്രകൃതിരഹസ്യം അനുമാനിച്ചതു്. വൃക്ഷശാഖയിൽ നിന്നു് ഒരു ഫലം താഴേയ്ക്കു പതിയ്ക്കുന്നതു കണ്ടപ്പോൾ എന്തുകൊണ്ടു് അതു മുകളിലേയ്ക്കു പോകുന്നില്ല എന്നു് ആ ജിജ്ഞാസു സ്വയം ചോദിച്ചു. ആ പ്രശ്നത്തിൻെറ ഫലമായിട്ടു് 'ഭൂമി പദാർത്ഥങ്ങളെ ആകർഷിക്കുന്നുണ്ടെ'ന്നു വിശദമായപ്പോൾ ന്യൂട്ടനു് എന്തൊരു ആനന്ദം ആണു് ഉണ്ടായിരിക്കുക എന്നു് ഊഹിക്കാമല്ലോ. പ്രകൃതിയെ ശ്രദ്ധയോടും സ്നേഹത്തോടുംകൂടി ആരാധിച്ചാൽ, ആ കർമ്മം നിഷ്ഫലമാവുകയില്ല, നിശ്ചയംതന്നെ.

ഗൃഹത്തിന്റെ നാലുപാടുംതന്നെ നമുക്ക് ദൃഷ്ടിപതിപ്പിക്കുക. പുരോഭാഗത്തു നില്ക്കുന്ന ഉന്നതമായ കേരവൃക്ഷത്തിന്റെ മടലിൽ കൂടുകെട്ടി അതിലിരുന്ന് ഊഴിഞ്ഞാലാടുന്ന കുരുവിയെ നോക്കുക. അതിന്റെ സഹജമായ ശില്പസാമർത്ഥ്യം നിങ്ങളെ ആശ്ചര്യപ്പെടുത്തുന്നില്ലേ ? തെങ്ങിന്റേയും നെല്ലിന്റേയും ഓല കീറിക്കൊണ്ടുവന്നു സുഖവാസോചിതമായ വിധത്തിൽ നീഡം നിർമ്മിച്ച് മാർദ്ദവമേറിയ തൂവലുകളും മററും അന്തർഭാഗത്തു വിരിച്ച് മുട്ടകളേയും കുഞ്ഞുങ്ങളേയും സസ്നേഹം വളർത്തുന്ന ആ പക്ഷിയുടെ ജീവിതം ആരെയാണ് ആനന്ദിപ്പിക്കാതിരിക്കുക!

ആ കൂട്ടിൽ ഇരിക്കുന്നവയേക്കാൾ എത്ര മനോഹരമാണ് ആരാമത്തിൽ അങ്ങുമിങ്ങും പാറിപ്പറന്നുകൊണ്ടിരിക്കുന്ന ചിത്രശലഭങ്ങളും അന്യപക്ഷികളും. പൂക്കൾതോറും പറന്നുനടക്കുന്ന വിചിത്രവർണ്ണങ്ങളായ പൂമ്പാററകളെക്കണ്ടാൽ മഴവില്ല് പൊടിച്ച് അതിന്റെ ശകലങ്ങൾ വാരിവിതറിയിരിക്കയാണെന്നുതോന്നും. മൈന, മഞ്ഞക്കിളി, തത്ത, മരംകൊത്തി, പ്രാവ് മുതലായ വിഹഗങ്ങൾ എത്ര മനോഹരങ്ങളാണ് ! ലോകഗൃഹത്തിലെ ഉല്ലാസവും ഉത്സാഹവും നിറഞ്ഞ അംഗങ്ങളാണ് അവയെല്ലാം. ആകൃതി, ശബ്ദം, വർണ്ണം മുതലായവയിൽ അവയ്ക്ക് എന്താണു ഭേദം എന്നു നിരീക്ഷിച്ച് ഗ്രഹിക്കുന്നതു രസകരമായിരിക്കയില്ലേ. അവ എങ്ങനെയാണ് ജീവിക്കുന്നതെന്നു അന്വേഷിച്ചറിയുന്നത് കൗതുകാവഹമായിരിക്കയി

ല്ലേ? നാം ജീവിക്കുന്ന ലോകത്തെ മധുരാരവങ്ങളാലും വിവിധവർണ്ണങ്ങളാലും മോഹനമാക്കുന്ന അവയോട് എത്ര കൃതജ്ഞതയുള്ളവർ ആയിരിക്കണം നാം ?

ഉദ്യാനത്തിൽനിന്നുതന്നെ അനേകശതം ലഘുജീവികളെക്കുറിച്ചു ശ്രദ്ധേയങ്ങളായ പല തത്വങ്ങളും നിങ്ങൾക്ക് അറിയുവാൻ സാധിക്കുന്നതാണ്. അനേകായിരം സൂക്ഷ്മജീവികൾ കേവലം മാംസചക്ഷുസ്സുകൾക്കു വിഷയമാവുകയില്ല. ഒരുപിടി മണ്ണിൽ നാലുകോടി ജീവികളുണ്ടെന്ന് ഒരു പ്രകൃതിശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നു! അദൃശ്യങ്ങളായ പരമാണുക്കളുടെ കഥയിരിക്കട്ടെ; ദൃശ്യങ്ങളായ എത്ര മഹാത്ഭുതങ്ങളാണ് ഒരു തോട്ടത്തിൽ ഉള്ളതു്! ഓരോ പുഷ്പത്തിനും പ്രത്യേകം കാലമുണ്ട്; ഓരോ ജീവിക്കും സ്വയമായ സ്ഥാനമുണ്ട്; വിസ്മയനീയമായ ഒരു ജീവിതക്രമമാണ് അവിടെ പ്രത്യക്ഷമാകുന്നതു്

മധുമക്ഷിക ഉപജീവനത്തിനു പുഷ്പങ്ങളെ ആശ്രയിക്കുന്നു; അതിനുപകരം പരാഗാധാനത്തിനു പൂക്കളെ സഹായിക്കയും ചെയ്യുന്നു. പരിശ്രമശീലന്മാരായ കൃഷീവലന്മാരെപ്പോലെ, ഞാഞ്ഞൂളുകൾ സസ്യങ്ങൾക്കു വളരുവാൻ അനുകൂലമാകത്തക്കവണ്ണം മണ്ണ് ഇളക്കിമറിച്ചിടുന്നു. നാം കേവലം നിസ്സാരങ്ങളായി ഗണിച്ചുപോരുന്ന ജീവികൾ മനുഷ്യവാസത്തിന് ഉചിതമായ വിധത്തിൽ ലോകത്തെ പരിഷ്കരിക്കുന്നവയാണെന്നു മനസ്സിലാക്കുവാൻ ഇനിയും ഉദാഹരണം ആവശ്യമില്ലല്ലോ. അവയുടെ ജീവിതത്തെക്കുറിച്ചു

നമുക്കു നിശ്ചയമായും ഒരു ജിജ്ഞാസ അങ്കുരിക്കേണ്ട തല്ലേ? ജീവിതത്തിൽ പരസ്പരം സഹായിക്കുന്നവർ അന്യോന്യം അറിഞ്ഞിരിക്കേണ്ടതുകൂടി ആവശ്യമാകുന്നു.

ഇനി ആരാമത്തിൽനിന്നു്, പരന്നുകിടക്കുന്ന പാടത്തേയ്ക്കു കടന്നുനോക്കാം. അവിടെയും പ്രകൃതി അത്യന്തം ആകർഷമായ ഭാവത്തോടുകൂടി വിജ്ഞാനപ്രദാനത്തിനു സന്നദ്ധയായിട്ടാണു കാണപ്പെടുന്നതു്. വയലുകളിൽ കതിരുകളുടെ ഭാരംകൊണ്ടു ചാഞ്ഞുനിൽക്കുന്ന നെല്ലു മുതലായ ധാന്യങ്ങൾ നമുക്കുവേണ്ടിയല്ലേ ജീവിക്കുന്നതു്? വിതക്കുന്നതുമുതൽ കൊയ്യുന്നതുവരെയുള്ള ആ സസ്യപരമ്പരയുടെ ചരിത്രം സശ്രദ്ധം വീക്ഷിക്കുന്നതും മററു ചെടികളുടേതുമായി താരതമ്യപ്പെടുത്തുന്നതും രസാവഹമായിരിക്കും.

സമീപത്തുതന്നെയുള്ള തടാകത്തിൻെറ കരയിലേയ്ക്കു ചെല്ലുക. അവിടെ എത്ര വലിയ യുദ്ധങ്ങളും ജീവിതപരിണാമങ്ങളുമാണു നടക്കുന്നതു്? മത്സ്യങ്ങളും തവളകളും പാമ്പുകളും ജീവധാരണത്തിനുവേണ്ടി കലഹിച്ചുകൊണ്ടിരിക്കുന്ന ഒരു ചെറിയലോകം അവിടെയും കാണാം. തരംനോക്കി മത്സ്യങ്ങളെ പിടിക്കുവാൻ വക്കത്തു കണ്ണടച്ചിരിക്കുന്ന പൂച്ചസ്സന്ന്യാസിയായ കൊക്കിൻെറ കൌശലം അത്ഭുതാവഹമത്രേ. ജലാന്തർഭാഗത്തുനിന്നു മത്സ്യങ്ങൾ ഉയർന്നുവരുന്നതു നോക്കി ഉന്നംപിഴയ്ക്കാതെ മുകളിൽ പറന്നുനിൽക്കുന്ന 'പൊന്മ' എത്ര അഴകേറിയ ഒരു പക്ഷിയാണു്? സൂ

ത്രക്കാരനായ ബകത്തിൻേറയും പരിശ്രമശാലിയും ധീരനും ആയ 'മീൻകൊത്തി'യുടേയും സ്വഭാവം എത്ര വിഭിന്നമായിരിക്കുന്നു ?

ഒരു തവളയുടെ ജീവിതത്തിലുള്ള ദശാപരിണാമങ്ങൾ നേരിട്ടു കണ്ടറിയുന്നതു് ആഹ്ലാദജനകമായിരിക്കും. ആ ജീവി നാം വിചാരിക്കുന്നതുപോലെ അത്ര നിസ്സാരമല്ല. അന്ധകാരമായിക്കിടന്നിരുന്ന പ്രപഞ്ചത്തിനു് ഒന്നാമതായി പ്രകാശം നൽകിയതു് സൂര്യനാണെങ്കിൽ, ലോകത്തിൻെറ ഭയങ്കരമായ നിശ്ശബ്ദത ആദ്യം ഭഞ്ജിച്ചതു മണ്ഡൂകമാണെന്നത്രേ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

നദീതീരത്തു ചെന്നു് ഒരു ഉരുണ്ട കല്ലു് എടുത്തു നോക്കുക. അതിൽനിന്നു നിങ്ങൾക്കു് ഒന്നും ഗ്രഹിക്കുവാൻ ഇല്ലേ? ആ ശിലാശകലത്തിനു് ഇത്ര മനോഹരമായ ആകൃതിയും മിനുസവും എങ്ങനെ സിദ്ധിച്ചു? കല്ലിൻെറ അത്ഭുതജനകമായ പഴയ കഥ മുഴുവൻ അറിയുവാൻ ആഗ്രഹമുണ്ടായാൽ അതു നിങ്ങൾക്കു് ദുർഗ്രഹമായിരിക്കുകയില്ല. അനേകായിരം വർഷങ്ങൾക്കു മുൻപു് ആ ശിലാശകലം കൂർത്തുമൂർത്ത ഒരു കരിങ്കൽച്ചില്ലായിരുന്നു. ഉന്നതമായ പർവ്വതത്തിൻെറ ഉപരിഭാഗത്തു് എവിടെയോ ആണു് അന്നു് അതു കിടന്നിരുന്നതു്. ഒരു ചെറിയ അരുവി അതിനെ തട്ടിയുരുട്ടി പുഴയിൽ എത്തിച്ചു. അനന്തരം, പ്രവാഹശക്തികൊണ്ടു് അപ്രകാരംതന്നെ വന്നുചേർന്നിരുന്ന അനേകം ശിലാഖണ്ഡങ്ങളുമായി കൂട്ടിമുട്ടി, അധോഭാഗത്തുള്ള

കരിമ്പാറകളിൽ ഉരഞ്ഞു വളരെക്കാലം സഞ്ചരിച്ചിട്ടാണ് അതു് ഇത്ര കമനീയമായ ഒരു രൂപം പ്രാപിച്ചതു്. ഇനിയും ആ ശിലാശകലം ജലപ്രവാഹത്തിൽ തന്നെ കിടക്കുകയാണെങ്കിൽ സമുദ്രത്തിൽ എത്തുമ്പോഴെക്കു കേവലം ഒരു മൺതരിയായി പരിണമിക്കും.

ഇനി മുകളിലേക്ക് ഒന്നു ദൃഷ്ടിപായിക്കുക. അനന്തരമായ പ്രപഞ്ചസൗന്ദര്യം അവിടേയും പ്രത്യക്ഷമാകുന്നില്ലേ? ഈ ലോകമഹാഗൃഹത്തിനു വേണ്ട വെളിച്ചം എങ്ങനെ സിദ്ധിക്കുന്നു? പകൽ ആദിത്യനും, രാത്രിസമയത്തു ചന്ദ്രനും നക്ഷത്രങ്ങളും ഇല്ലായിരുന്നെങ്കിൽ ഭൂഗോളം അന്ധകാരനിബിഡവും അതിഭയങ്കരവും ആയിത്തീരുമായിരുന്നുവല്ലോ. അവയിൽ ഏതെങ്കിലും ഒരു ഗോളത്തെപ്പററി പഠിക്കുവാൻതന്നെ ഒരു ജന്മം മതിയാവുകയില്ല.

തന്നെ നിഷ്കളങ്കമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവൎക്കു നവനവങ്ങളായ അത്ഭുതങ്ങൾ പ്രത്യക്ഷമാക്കുവാനും നിസ്സീമമായ ആനന്ദം പ്രദാനം ചെയ്‌വാനും സന്നദ്ധയായിട്ടാണ് പ്രകൃതി വൎത്തിക്കുന്നതു്.

## ൨. അക്ബർ.

പുത്രവത്സലനായ ബേബർ ചക്രവർത്തിയെപ്പററി നിങ്ങരം മുമ്പൊരിക്കൽ പഠിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിൻെറ ഭരണത്തിനുശേഷം ഹുമയൂൺ രാജകുമാരൻ സിംഹാസനാരോഹണം ചെയ്തു. അദ്ദേഹത്തിനു ചിരകാലം രാജ്യം ഭരിക്കുവാനുള്ള ഭാഗ്യം ഉണ്ടായില്ല. പത്താൻ രാജാവായ ഷേർഷ് ഹുമയൂണിനെ തോല്പിച്ചു രാജ്യഭ്രഷ്ടനാക്കി. പരാജിതനായ അദ്ദേഹം പൂർണ്ണഗർഭയായ പത്നിയോടുകൂടി പ്രാണരക്ഷാർത്ഥം അഫ്ഘാനിസ്ഥാനത്തിലേയ്ക്കു പലായനം ചെയ്തു. ആ ദമ്പതിമാർ മാർഗ്ഗമദ്ധ്യത്തിലുള്ള ഒരു മണലരണ്യത്തിൽ തളർന്നിരിക്കുന്ന സമയത്താണു ചരിത്രപ്രസിദ്ധനായ അക്ബർ ജനിച്ചതു്. ഹുമയൂൺ തൻെറ കയ്യിൽ തത്സമയത്തുണ്ടായിരുന്ന ഒരു കസ്തൂരിപ്പെട്ടി തുറന്നു്, 'ഇതിൻെറ സുഗന്ധം എവിടെയെല്ലാം വ്യാപിക്കുന്നുവോ, അവിടെയെല്ലാം എൻെറ ഈ പുത്രൻെറ കീർത്തിയും പരക്കും' എന്നു പറയുകയുണ്ടായത്രേ.

ആകൃതിയിലും പ്രകൃതിയിലും അക്ബറിനു് പിതാമഹനായ ബേബറിനോടായിരുന്ന സാദൃശ്യം. അദ്ദേഹത്തെപ്പോലെ കായികാഭ്യാസിയും വിനോദപ്രിയനും യുദ്ധവീരനുമായിരുന്ന അക്ബർ ഒരു വലിയ രാജ്യതന്ത്രജ്ഞൻകൂടി ആയിരുന്നു.

ക്ലേശഭൂയിഷ്ഠമായിരുന്നു അദ്ദേഹത്തിൻെറ ബാല്യം. അഫ്ഗാനിസ്ഥാനത്തിൽ താമസിക്കുന്ന കാലത്തു് അക്ബർ ഇളയച്ഛൻെറ തടവുകാരനായിത്തീർന്നു.

ഹുമയൂൺ രണ്ടു തവണ പുത്രനെ വീണ്ടെടുക്കയുണ്ടായെങ്കിലും അക്ബർ വീണ്ടും ബന്ദിയാക്കപ്പെട്ടു. ഒരു സന്ദർഭത്തിൽ ക്രൂരനായ അഫ്ഘാൻ രാജാവു് ആ ബാലനെ വധിക്കുന്നതിനുതന്നെ തുനിഞ്ഞു. ഇങ്ങനെ ആപത്തിനോടു മല്ലിട്ടു വളൎന്നുവന്ന അക്ബർ പതിമൂന്നു വയസ്സു പ്രായം ചെല്ലുന്നതിനു മുൻപു അതിധീരനായ ഒരു യോദ്ധാവായി. പരിസരങ്ങളാണല്ലോ മനുഷ്യപ്രകൃതിയെ രൂപപ്പെടുത്തുന്നതു്.

ഇതിനിടയ്ക്കു ഷേർഷായുടെ കൈയിൽനിന്നു ഹുമയൂൺ തന്റെ നഷ്ടമായ സാമ്രാജ്യം വീണ്ടെടുത്തു. പക്ഷേ ചക്രവർത്തിക്കു് അധികകാലം രാജ്യം സുഖിച്ചിരിക്കുവാൻ സാധിച്ചില്ല. അരമനയിലെ കോണിയുടെ മുകളിൽ നിന്നു കാൽവഴുതി വീണു് അദ്ദേഹം പെട്ടെന്നു് മരിച്ചുപോയി. ആ സമയത്തു അക്ബർ, മാതുലനും ദസനാനായകനുമായ ബീറാംഖാനോടുകൂടി പഞ്ചാബിൽ ഒരു ലഹള ശമിപ്പിക്കുവാൻ പോയിരിക്കയായിരുന്നു. അപ്പോഴാണു് പിതാവിന്റെ മരണവൃത്താന്തം അറിഞ്ഞതു്.

"ആപത്തു വരുമ്പോൾ കൂട്ടത്തോടെ" എന്നു പറയാറുണ്ടല്ലോ. ഉടനെ അനേകായിരം ഭടന്മാരുടെ നേതാവും സാഹസികനുമായ ഹെമു എന്നൊരു ഹിന്ദുയോദ്ധാവു് ഡൽഹിനഗരം പിടിച്ചടക്കുകയും മുഗൾഭരണം ഭാരതവർഷത്തിൽനിന്നു തുടച്ചുകളയുമെന്നു വീരവാദം മുഴക്കുകയും ചെയ്തു. ഇത്രയും പ്രബലനായ ഒരു ശത്രുവിനോടു് എതിരിടുന്നതു് എളുപ്പമായിരുന്നില്ല.

അക്ബറിൻെറ സ്വഭാവം നല്ലപോലെ അറിഞ്ഞിട്ടില്ലാതിരുന്ന ഗുണകാംക്ഷികളായ അനുയായികൾ കുമാരനോട്ട നാട്ടവിട്ട പോകുന്നതിനുകൂടി ഉപദേശിച്ചു. പക്ഷേ ധീരനായ അക്ബർ പൈതൃകമായ സിംഹാസനം വീണ്ടെടുക്കുവാൻ പടയ്ക്കൊരുങ്ങുകയാണ് ചെയ്തതു്. പാനിപ്പട്ടിൽ വച്ചുണ്ടായ ഘോരസമരത്തിൽ ഹെമു പരാജിതനായപ്പോൾ തങ്ങളുടെ കൊച്ചുചക്രവൎത്തിയുടെ യോഗ്യത ജനങ്ങൾക്കു ബോദ്ധ്യമായി.

ബന്ധനസ്ഥനായ ആ ശത്രുവിനോട്ട് അക്ബറിൻെറ പെരുമാററം എത്ര ആദരണീയമായിരുന്നു! വ്രണിതനായ ഹെമുവിനെ വധിക്കുവാനായി ബീറാംഖാൻ ചക്രവൎത്തിയുടെ മുൻപിൽ ആനയിച്ചു. ശത്രുവിൻെറ ദയനീയസ്ഥിതികണ്ട് ആൎദ്രഹൃദയനായ ആ വീരൻ ഇപ്രകാരമാണു പറഞ്ഞതു്. "ഞാൻ ഇയാളെ ഉപദ്രവിക്കുകയില്ല. ഇയാൾ മൃതപ്രായനാണ്. ശക്തിയുണ്ടായിരുന്നെങ്കിൽ ഞാൻ ദ്വന്ദ്വയുദ്ധത്തിനു വിളിക്കുമായിരുന്നു." പക്ഷെ താൻ തന്നെയാണ് ചക്രവൎത്തിയെന്നു വിചാരിച്ചിരുന്ന ബീറാംഖാനു ക്ഷമയുണ്ടായില്ല. അയാൾ വാളൊരു വീശുവീശി. ഹെമുവിൻെറ ശിരസ്സു നിലത്തു കിടന്നുരുണ്ടു.

ലജ്ജയാലും അപമാനത്താലും അക്ബർ മുഖം തിരിച്ചുകളഞ്ഞു. അന്നുതന്നെ അദ്ദേഹം ക്രൂരനായ ബീറാംഖാനെ നാട്ടിൽനിന്നു നിഷ്കാസനവും ചെയ്തു.

അക്ബറിൻെറ ഇനിയുള്ള ഇരുപതുകൊല്ലത്തെ ചരിത്രം തുടരെത്തുടരെയുള്ള യുദ്ധങ്ങളുടെ ചരിത്രം

തന്നെയാണ്. ഇരുപതു വർഷങ്ങൾക്കു മുൻപു സ്വന്തം പ്രാണനുവേണ്ടി യുദ്ധം ചെയ്യേണ്ടിവന്ന അക്ബർ ഒടുവിൽ വടക്കെ ഇൻഡ്യയുടെ ഏകാധിപതിയായി.

അദ്ദേഹത്തിൻെറ കാലത്തിനു നാലുനൂററാണ്ടുകൾ മുൻപുതന്നെ വിദേശീയരുടെ കൊള്ളകൾകൊണ്ടു അവശമായി കിടന്നിരുന്ന ഭാരതം ക്ഷുദ്രന്മാരായ പല രാജാക്കന്മാരുടെ യുദ്ധങ്ങൾകൊണ്ടും സൌന്ദര്യപ്പിണക്കങ്ങൾകൊണ്ടും അന്നും വ്യാകുലമായിരുന്നു. തുണ്ടു തുണ്ടായി കിടന്നിരുന്ന ഭാരതവർഷം പ്രബലമായ ഒരു ശക്തിയുടെ കീഴിലായാലല്ലാതെ സൽഭരണമോ ക്ഷേമമോ സാദ്ധ്യമായിരുന്നില്ല. അതു മനസ്സിലാക്കി ഒരു സാമ്രാജ്യം സ്ഥാപിക്കുവാൻ പരിശ്രമം തുടങ്ങിയ ആ രാജ്യതന്ത്രജ്ഞൻ ഉത്തരഭാരതത്തെ മുഴുവൻ തൻെറ വെണ്കൊററക്കുടയുടെ കീഴിലാക്കിയ ശേഷമേ അടങ്ങിയുള്ളു. വടക്കു കാൻഡഹാർ, തെക്കു ബീജപുരം, പടിഞ്ഞാറു സൂററ്, കിഴക്കു ബർമ്മ ഇവയായിരുന്നു അക്ബറുടെ സാമ്രാജ്യസീമകൾ.

എന്നാൽ വിപുലമായ ഒരു സാമ്രാജ്യത്തിൻെറ അധിപനെന്ന നിലയിലല്ല അക്ബറെ ഇന്നു സ്മരിച്ചു വരുന്നതു്; ബുദ്ധിമാനും വിശാലമനസ്കനും നയശാലിയുമായ ഭരണകർത്താവു് എന്ന നിലയിലാണ്. ഇത്രയും വലിയ ഒരു സാമ്രാജ്യത്തെ കേവലം വാളിൻെറ ശക്തികൊണ്ടു ഭരിക്കുവാൻ ശ്രമിക്കുന്നതു് അനാശാസ്യവും ആപൽകരവുമാണെന്നു് അദ്ദേഹം ധരിച്ചു. ജനങ്ങൾക്കു തൻെറ നേരെ ഭക്തിയും സ്നേഹവും ഉണ്ടാ

ക്കുവാനാണ് അദ്ദേഹം ശ്രമിച്ചതു്. സാമ്രാജ്യത്തിലെ നിലങ്ങളെല്ലാം സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു പരിശോധിപ്പിച്ച് അവയ്ക്കു് എത്രയും ലഘുവായ നികുതി നിശ്ചയിച്ചു; പത്തുകൊല്ലത്തിലൊരിക്കൽ നികുതി വേണ്ടുംവണ്ണം പരിഷ്കരിക്കുവാൻ വേണ്ട വ്യവസ്ഥയും ചെയ്തു. ജനങ്ങൾക്കും ഗവമ്മേൻറിനും ഒരുപോലെ ഇത്രമാത്രം ഗുണകരമായ ഒരു രജഭോഗസമ്പ്രദായം ഇൻഡ്യയിൽ അക്ബറുടെ കാലത്തിനു മുൻപോ പിൻപോ ഉണ്ടായിട്ടില്ല.

ഹിന്ദുക്കളും മുസൽമാന്മാരും ഒരേ ഈശ്വരൻെറ സന്താനങ്ങളാണെന്നും, തൻെറ പ്രജകളെല്ലാം തനിക്ക് ഒന്നുപോലെയാണെന്നും, അദ്ദേഹം വിശ്വസിച്ചു; മററുള്ളവരെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. മുഗൾസാമ്രാജ്യത്തിലെ ഏററവും വലിയ ഉദ്യോഗങ്ങൾ ഹിന്ദുക്കൾക്കും ലഭിക്കാവുന്നതാക്കി. അക്ബറുടെ സൈന്യത്തിൽ ഏററവും പ്രധാനമായ ഒരു ഭാഗം രാജപുത്രരായിരുന്നു. മാനസിംഹനായിരുന്നു സൈന്യാധിപൻ. ടോഡർമാൾ ധനകാര്യമന്ത്രിയായിരുന്നു. ജയപുരം രാജകുമാരിയെ അക്ബർ തൻെറ പട്ടമഹിഷിയായി വരിച്ചു. പിന്നീട് ഹിന്ദുക്കളുടെ ആത്മാഭിമാനത്തെയും മടിശ്ശീലയേയും ഒന്നുപോലെ ശോഷിപ്പിച്ചിരുന്ന "ജെസിയ" തുടങ്ങിയ മതപരങ്ങളായ നികുതികൾ നിത്തൽചെയ്തു. ഹിന്ദു അനാചാരങ്ങളേയും അക്ബർ തടയാതിരുന്നില്ല. സതിയെന്ന ക്രൂരകമ്മം പൈശാചികമാണെന്നു പറഞ്ഞു

അക്ബർ അതു വിലക്കി. ചക്രവൎത്തിയുടെ ഉദ്ദേശ്യ ശുദ്ധിയും മഹാമനസ്കതയും ഗ്രഹിച്ച് തൃപ്തന്മാരായ രാജപുത്രന്മാർ അദ്ദേഹത്തിൻെറ വിജയത്തിനും സാമ്രാജ്യത്തിൻെറ ശ്രേയസ്സിനും നിൎവ്യാജമായി പ്രവൎത്തിച്ചു വന്നു.

പക്ഷേ, ഹിന്ദുക്കളും മുഹമ്മദീയരും തമ്മിലുള്ള താൽക്കാലികമായ ഈ മൈത്രി തൻെറ കാലത്തിനു ശേഷം നിലനില്ക്കുന്നതല്ലെന്ന് അക്ബർ ചക്രവൎത്തിക്ക് അറിയാമായിരുന്നു. മതം നിമിത്തമായ ഈ ഭിന്നിപ്പു അവസാനിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം പരിശ്രമിച്ചു. ഒരു മുഹമ്മദീയനായിരുന്നെങ്കിലും, അക്ബർ അന്യമതാവലംബികളെ ആദരിക്കാതിരുന്നില്ല. ലോകത്തിലെ മഹാമതങ്ങളെപ്പററി വിദ്വാന്മാരെക്കൊണ്ടു വാദപ്രതിവാദം നടത്തിച്ച് അവയിൽ ആദരണീയങ്ങളായ ഭാഗങ്ങളെമാത്രം സ്വീകരിച്ച് ക്രോഡീകരിക്കുന്നതിനും മററുംവേണ്ടി ബുദ്ധിമാനായ ചക്രവൎത്തി അനേകം സ്വൎണ്ണനാണയങ്ങളും,രാത്രികളും വിനിയോഗിച്ചിട്ടുണ്ട്. മഹാന്മാരായ വിദ്വാന്മാൎക്കു സമ്മേളിക്കുവാനായി ലോകപ്രസിദ്ധമായ 'ഇബദത്ത് ഖാന' എന്നു മനോഹരമന്ദിരം അദ്ദേഹം നിൎമ്മിച്ചു. ഹിന്ദുവും, ക്രിസ്ത്യാനിയും,മുസൽമാനും ആരാധിക്കുന്ന ദൈവം ഒന്നാണ് എന്നു അദ്ദേഹം പറഞ്ഞിട്ടുണ്ട്. എന്തൊരു മഹാമനസ്കത! ഇത്രയും വിശാലമായ ഹൃദയം ലോകത്തിനുമുഴവൻ രുചിക്കുന്നതായ ഒരു മഹാമതം സ്ഥാപിക്കുവാൻ ശ്രമിച്ചതിൽ അത്ഭുതമുണ്ടോ?

"ഡിൻ ഇല്ലാഹി"എന്ന ഒരു മതം അക്ബർ സ്ഥാപിച്ചു. കേവലം ഒരു രാജാവിനാൽ നിർമ്മിതമായ ആ മതം എത്രതന്നെ മഹനീയമായിരുന്നിട്ടും ലോകത്തിൻെറ ശ്രദ്ധയെ ആകർഷിക്കുവാൻ അതു ശക്തമായില്ല. ചക്രവർത്തിയുടെ ജീവകാലത്തുതന്നെ അതിന്നു പ്രാബല്യം കുറവായിരുന്നു. അദ്ദേഹത്തിൻെറ മരണത്തോടുകൂടി അതു നിശ്ശേഷം നശിക്കുകയുംചെയ്തു. ദൈവൈക്യം പ്രകാശിപ്പിച്ച് മനുഷ്യരിൽ ഐക്യവും പരസ്പരസ്നേഹവും വർദ്ധിപ്പിക്കുവാനുള്ള ശ്രമത്തിൽ സംഭവിക്കുന്ന പരാജയംപോലും അഭിമാനകരമല്ലേ ?

അത്രമാത്രം പ്രജാക്ഷേമതൽപരനും നയവിശാരദനും സമാധാനപ്രിയനും ആയിരുന്ന ഒരു ചക്രവർത്തിയെ നാനാമതസ്ഥരും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നതിൽ എന്താണത്ഭുതം ?

അന്തഃഛിദ്രങ്ങൾകൊണ്ടു വ്യാകുലമായി കിടന്നിരുന്ന രണ്ടുമൂന്നു ചെറുനഗരങ്ങളുടെ രാജാവായി ജീവിതമാരംഭിച്ച അക്ബർ വിശാലമായ ഹിന്ദുസ്ഥാനത്തിൻെറ ഏകച്ഛത്രാധിപതിയായി മരിച്ചു.

---

## ൩. സഹകരണം.

മനുഷ്യസഹജമായ ഒരു ഉൽകൃഷ്ടഗുണമാകുന്നു സമുദായജീവിതത്തിനുള്ള വാസന. സമുദ്രയാത്രയിൽ സംഭവിച്ച ആപത്തു നിമിത്തം വിജനമായ ഒരു ദ്വീ

പിൽ ഏകാകിയായി താമസിക്കേണ്ടിവന്ന ഒരാറം, ഏകാന്തതയുടെ ദുസ്സഹതനിമിത്തം, "ഹാ ! എനിക്ക് ഒരു പാരാവതത്തിൻെറ ചിറകുണ്ടായിരുന്നെങ്കിൽ, എൻെറ സ്നേഹിതന്മാരുടേയും ബന്ധുക്കളുടേയും സമീപത്തു് അതിവേഗത്തിൽ പറന്നെത്തുമായിരുന്നു", എന്നു പറഞ്ഞു വിലപിച്ചുവത്രെ. പരരെ സഹായിക്കാതെയും പരൻെറ സഹായം കൂടാതെയും ലോകത്തിൽ ജീവിക്കുക ദുഷ്കരമാകുന്നു. പരിഷ്കൃതലോകത്തിൽ ഓരോ മനുഷ്യനും ലഭിക്കുന്ന സുഖവും ജീവിതസൗകര്യവും അവനവൻതന്നെ സമ്പാദിച്ചിട്ടുള്ളതല്ലെന്നു വ്യക്തമാണല്ലോ. വ്യക്തികളുടെ യത്നം സമുദായത്തിനും സമുദായത്തിൻെറ യത്നം വ്യക്തികഠംക്കും ഉപകരിക്കേണ്ടതാകുന്നു. ഈ ആദശമാണു സഹകരണത്തിൻെറ അടിസ്ഥാനം.

"സഹകരണം" എന്ന പദത്തിന് ഒരുമിച്ചു പ്രവത്തിക്കുക എന്നാണ് അത്ഥം. ഒരു സമുദായത്തിലെ എല്ലാ വ്യക്തികളും പരസ്പരം ബന്ധമുള്ളവരാണെന്ന ബോധത്തോടുകൂടി അന്യോന്യം സഹായിക്കുകയും വിശ്വസിക്കുകയും ചെയ്യുകയാണു സഹകരണത്തിന് ഏകമാഗ്ഗം. ഈ ഉദ്ദേശം സാധിക്കുന്നതിനാണ് ഇക്കാലത്തു് ഈ നാട്ടിൽ പല ദിക്കുകളിലും പരസ്പരസഹായസംഘങ്ങഠം ആരംഭിച്ചിട്ടുള്ളതു്. നിധ്നരായ കഷകന്മാക്കും, മൂലധനം ഇല്ലാത്തതിനാൽ വിഷമിക്കുന്ന തൊഴിലാളികഠംക്കും, കടക്കാരായ വേലക്കാക്കും ഈ സ്ഥാപനങ്ങഠം സഹായമാവാതിരിക്കുകയില്ല.

നമ്മുടെ നാട്ടുകാർ പണ്ടുതന്നെ സഹകരണതൽ പരന്മാർ ആകുന്നു. അവർ പരസ്പരം സഹായിക്കുന്നതിനു വേണ്ടി മാത്രമാണു കുറികളും മററും നടത്തിയിരുന്നതു്. പ്രയത്നംചെയ്തു കിട്ടുന്ന ആദായത്തിന്റെ ഒരംശംകൊണ്ടു കുറി നടത്തുവാനും, ഒരു ഗണ്യമായ തുക സമ്പാദിക്കുവാനും തന്മൂലം പലക്കും സാധിച്ചിരുന്നില്ലെന്നു പറഞ്ഞുകൂട. എങ്കിലും, ഇന്നു് അതിന്റെ ഉദ്ദേശ്യവും സമ്പ്രദായവും തീരെ മാറിപ്പോയിരിക്കുന്നതിനാൽ ദരിദ്രന്മാൎക്കു കുറി ഉപകാരത്തേക്കാൾ അധികം ഉപദ്രവമാണു ചെയ്യുന്നതു്.

ആധുനികസമ്പ്രദായത്തിലുള്ള സഹകരണം കഴിഞ്ഞ ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ ജൎമ്മനിയിലാണു് ആരംഭിച്ചതു്. റയിൻനദീതീരത്തു് ഉണ്ടായിരുന്ന ഒരു കാൎഷികസംസ്ഥാനം ക്ഷാമപീഡിതമായിത്തീൎന്നു. അദ്ദേശവാസികളായ കൎഷകന്മാൎക്കു ഋണപീഡ ദുൎഭരമായി. അവരുടെ നിലങ്ങൾ മിക്കവാറും ധനികന്മാൎക്കു പണയപ്പെട്ടു. ദയനീയമായ ആ അവസ്ഥയിൽനിന്നു്, നിസ്സഹായരും ദരിദ്രരും ആയ കൎഷകന്മാരെ മോചിപ്പിക്കുവാൻ 'റെയ്ഫീസൻ' എന്ന സമുദായസേവകനു സഹകരണം മാത്രമാണു് ഉപായമായി തോന്നിയതു്. അദ്ദേഹം ഓരോഗ്രാമത്തിലും പരസ്പരസഹായസംഘം സ്ഥാപിച്ചു.

അതതു ദേശത്തുള്ളവൎക്കു മാത്രമേ സംഘങ്ങളിൽ അംഗങ്ങളായിച്ചേരുവാൻ പാടുള്ളു എന്നായിരുന്നു നിയമം. അന്യ ദേശക്കാർ അപരിചിതരാക

കൊണ്ട് അവരുടെ വിശ്വാസ്യത നിശ്ചയിക്കുവാൻ നിവൃത്തിയില്ലല്ലൊ. ഒരു സംഘത്തിൽനിന്ന് അതിലെ അംഗങ്ങൾക്കു മാത്രമേ കടം കൊടുക്കാവൂ എന്ന് അദ്ദേഹം അനുശാസിച്ചിരുന്നു. ആ കടം പലതവണയായി അടച്ചുതീർത്താൽ മതിയെന്നു നിശ്ചയിച്ചിരുന്നതിനാൽ കൃഷീവലന്മാൎക്ക് ഋണമോചനത്തിനു പ്രയാസമുണ്ടായിരുന്നില്ല. സംഘത്തിനുവേണ്ട മൂലധനം ദേശവാസികൾ മിതവ്യയം ചെയ്തു ബാക്കിവയ്ക്കുന്നതു ആദായം തന്നെയായിരുന്നു.

അദ്ദേഹത്തിൻെറ ആദൎശമനുസരിച്ച് ആ സംഘങ്ങൾ മുപ്പതുവൎഷം പ്രവൎത്തിച്ചപ്പോൾ ആ പ്രദേശത്ത് ഋണപീഡിതന്മാർ ഇല്ലാതായി. തന്മൂലം ജനങ്ങളുടെ ജീവിതം ക്ലേശരഹിതവുമായിത്തീൎന്നു ഇന്ന് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും തദ്ദശങ്ങളായ സംഘങ്ങൾ പ്രചരിച്ചിട്ടുണ്ട്. കഴ്സൺപ്രഭുവിൻെറ കാലത്ത് ഭാരതഖണ്ഡത്തിൽ പരസ്പരസഹായ സംഘങ്ങൾ സ്ഥാപിച്ചു. പത്തൊമ്പതാം ശതാബ്ദത്തിൻെറ മദ്ധ്യത്തിൽ ജൎമ്മനിയിലുണ്ടായിരുന്ന ആ കാൎഷികസംഘത്തിൻെറ ദയനീയാവസ്ഥ അണുപോലും ഭേദംകൂടാതെ ഇൻഡ്യയിലും കണ്ടിട്ടാണ് പ്രഭു ജനങ്ങളെ സഹകരണോത്സുകരാക്കുവാൻ ഉദ്യമിച്ചത്.

പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചിട്ടുള്ള ഗ്രാമങ്ങളിലെ കൃഷിക്കാർ ഇക്കാലത്തു ധനികന്മാരുടെ അടുക്കൽച്ചെന്ന് അമിതമായ പലിശയ്ക്കു പണം കടം

വാങ്ങാതെ ആവശ്യം വരുമ്പോൾ സംഘത്തെത്തന്നെ ശരണം പ്രാപിക്കുന്നു. തന്നിമിത്തം അവർ കൊടുക്കുന്ന ലഘുവായ പലിശയുടെ ഒരു ഭാഗംതന്നെ അവക്കു വീതിച്ചു കിട്ടുന്നുമുണ്ട്. പ്രതിവർഷം കൃഷിയിൽനിന്നു കിട്ടുന്ന അല്പമായ ആദായംകൊണ്ടു കാലക്രമത്തിൽ കടം തീക്കുവാനും പ്രയാസം നേരിടുന്നില്ല. കൃഷിക്കാക്കുമാത്രമല്ല, മററുള്ളവക്കും ഇപ്രകാരമുള്ള സംഘങ്ങൾ ഉപകരിക്കുന്നുണ്ട്.

മറെറാരു തരത്തിലുള്ള സഹകരണവും നടന്നുവരുന്നു. ഒരു പ്രദേശത്തു നിവസിക്കുന്ന ജനങ്ങൾ എല്ലാം യഥാശക്തി പണമെടുത്തു മൂലധനമുണ്ടാക്കി വ്യാപാരം നടത്തുകയാണ് ഇതിന്റെ സ്വഭാവം. ആദായമുള്ള കാലത്ത് ആവശ്യമുള്ള പദാത്ഥങ്ങൾ വാങ്ങിശേഖരിച്ചു മിതമായ വിലയ്ക്കു വില്ക്കുന്നതിനാൽ ഗ്രാമക്കാക്കു നഷ്ടം സംഭവിക്കുന്നില്ല; ഇറക്കിയിട്ടുള്ള പണത്തിന്റെ തോതനുസരിച്ചു വഷാവസാനത്തിൽ ലാഭം വീതിച്ചുകൊടുക്കുകയും ചെയ്യും. പാശ്ചാത്യരാജ്യങ്ങളിലെന്നപോലെ നമ്മുടെ നാട്ടിൽ ഈവക്ദശങ്ങളായ സ്ഥാപനങ്ങൾ ഇനിയും പ്രചരിച്ചു കഴിഞ്ഞിട്ടില്ല.

ഇത്രയും ഗുണപ്രദമായിരുന്നിട്ടും പരസ്പരസഹായസംഘങ്ങൾക്ക് നമ്മുടെ നാട്ടിൽ പ്രചാരം സിദ്ധിക്കാതിരിക്കുന്നതു് ജനങ്ങളുടെ അജ്ഞതകൊണ്ടാകുന്നു. സഹകരണത്തെപ്പററി അവക്കു ശരിയായ ബോധവും വിശ്വാസവും ഉണ്ടാക്കുവാൻ വിദ്യാഭ്യാസം സിദ്ധിച്ച

വരാണു ശ്രമിക്കേണ്ടതു്. ദാരിദ്ര്യം, കടം, തൊഴിലില്ലായ്മ മുതലായ ദോഷങ്ങൾ ഇല്ലാതാക്കുന്നതിനു സഹായിക്കുന്ന സഹകരണപ്രസ്ഥാനം രാജ്യത്തിനു് ഒരു അനുഗ്രഹമാകുന്നു.

---

## ൪. പ്രഭാതതാരം.

(പാന)

ലാളനീയകളേബരമാം പുലർ-
വേളതന്റെ പൊന്നോമലപ്പൈതലേ,

മന്ദഹാസമധുരമാം നിന്മുഖം
മന്മതിക്കല്ലൊ മന്നിന്നുമുത്സവം !

പാഴിരുളിലടഞ്ഞു കിടക്കുന്ന
പാരിടത്തെ പ്രകാശോന്മുഖമാക്കാൻ

സാവധാനം സമാഗമിക്കും ജഗൽ-
പ്പാവനാത്മൻ, ഭവദാഗമത്തിങ്കൽ

സ്വാഗതഗീതം പാടുന്നു പക്ഷികൾ ;
സാഗരം മുഴക്കുന്നു പെരുമ്പറ ;

മാരുതൻ ധൃതോത്സാഹം ചരിക്കുന്നു
മാർഗ്ഗമൊക്കെയും പുഷ്പം വിരിക്കുവാൻ ;

മാമരങ്ങളറിയാതെ തുള്ളുന്നു;
മാറിടം തുള്ളുമ്പുന്നു നദികൾക്കും.

തരമല്ലതു്; വററിപ്പോയാകാശ-
ത്താമരയില പററും ഹിമകണം.

സ്വർഗ്ഗം, ലോകമുണരുവാൻ കാണിച്ചു;
സ്വർണ്ണദീപിക പെട്ടെന്നു കെട്ടുപോയ്!

പ്രേമരൂപനാം ദൈവമേ, നിൻപദ-
ത്താമരപ്പൂ പൊഴിയും പരാഗവും

ഇത്രകൌതുകദായകമാണെങ്കി-
ലെത്ര കൌതുകമേകാ നിൻ ദർശനം!

ജി.

---

## ൭. വെളിച്ചം.

വെളിച്ചം എത്ര മനോഹരമാണു്! അതില്ലെങ്കിൽ നമുക്കു പദാർത്ഥങ്ങളെ കാണുവാനും പ്രപഞ്ചത്തിന്റെ രൂപവൈചിത്ര്യം ഗ്രഹിക്കുവാനും സാധിക്കുമായിരുന്നുവോ? അതിനെപ്പററി ഗ്രഹിക്കുന്തോറും അത്ഭുതാവഹമായി തോന്നാതിരിക്കുകയില്ല.

അചിന്ത്യമായ വേഗത്തിലാണു ശബ്ദം അന്തരീക്ഷത്തിൽക്കൂടി സഞ്ചരിക്കുന്നതു്. ഒരു നിമിഷത്തിനി

ടയ്ക്കു് അതു് 1100 അടി ദൂരം വ്യാപിക്കുന്നു. വെളിച്ചത്തിൻെറ ഗതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ശബ്ദം കേവലം മന്ദഗതിക്കാരനാണെന്നു തോന്നിപ്പോകും. ഒരു സെക്കൻ്റു സമയംകൊണ്ടു് ഭൂഗോളത്തെ ഏഴരവട്ടം പ്രദിക്ഷണം വയ്ക്കാൻ പ്രകാശത്തിനു സാധിക്കുന്നതാണു്.

ആകാശത്തിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്ന അദൃശ്യമായ ഒരു പദാർത്ഥമുണ്ടു്. 'ഈതർ' എന്നു് സംജ്ഞ നൽകിയിരിക്കുന്ന ഈ വസ്തുവിനു് ഗ്രഹണഗോചരമായ ഭാരമില്ല. പരമാണുക്കളുടെ ഇടയിൽപോലും പ്രവേശിച്ചിരിക്കുന്ന ഈതർ എത്ര നേർമ്മയുള്ളതായിരിക്കണം എന്നു് ഊഹിക്കുകതന്നെ അസാദ്ധ്യമാകുന്നു. പ്രസ്തുതപദാർത്ഥത്തിലുള്ള കമ്പനമാണു് പ്രകാശമെന്നു പറയാം. അതു തരംഗരൂപത്തിലാണു സഞ്ചരിക്കുന്നതു്.

പ്രകാശവീചികൾ എല്ലാം ഏകവർണ്ണങ്ങളല്ല. ഇന്ദ്രചാപത്തെ നിരീക്ഷിക്കുമ്പോഴോ, 'വർണ്ണവിഭാജക'ത്തിന്റെ (Spectroscope) സഹായത്തോടുകൂടി സൂര്യകിരണങ്ങളെ പരിശോധിക്കുമ്പോഴോ, ഈ തത്ത്വം സ്പഷ്ടമാകുന്നതാണു്. സപ്തവർണ്ണങ്ങൾ നമ്മുടെ ദൃഷ്ടിക്കു് അപ്പോൾ വിഷയമാകുന്നുണ്ടല്ലോ. രക്തം, രക്തപീതം (Orange), പീതം, ഹരിതം, ശ്യാമം, നീലം, രക്തനീലം (Violet) ഇങ്ങനെ ഈ നിറങ്ങൾക്കു നാമകരണം ചെയ്തിരിക്കുന്നു. ഓരോ വർണ്ണവും പ്രകാശമാണു്—വർണ്ണഭേദമുള്ള പ്രകാശം.

നാനാവണ്ണങ്ങളായ തേജഃകിരണങ്ങൾ പ്രത്യക്ഷമാകുന്നതിന് എന്താണ് ഹേതുവെന്ന് ഗ്രഹിച്ചിരിക്കേണ്ടതാണല്ലൊ. പ്രകാശതരംഗങ്ങളുടെ നീളത്തിലുള്ള ഏററക്കുറവുകളാണ് വണ്ണവൈവിധ്യത്തിനു കാരണമെന്നു അഭിജ്ഞന്മാരായ ശാസ്ത്രകാരന്മാർ പറയുന്നു. രക്തവണ്ണമായ രശ്മി ദൃശ്യങ്ങളായ കിരണങ്ങളിൽ ദീഘതമവും. രക്തനീലമായ മയൂഖംഇവയിൽ ഹ്രസ്വതമവുമാകുന്നു. മററു നിറങ്ങളുള്ള തേജഃകിരണങ്ങൾ രക്തരശ്മികളേക്കാൾ ഹ്രസ്വങ്ങളും രക്തനീലരശ്മികളേക്കാൾ ദീഘങ്ങളുമത്രെ.

നേത്രഗോചരങ്ങളായ പ്രകാശതരംഗങ്ങളെക്കുറിച്ചാണ് ഇതുവരെ പ്രതിപാദിച്ചതു്. ദശനവിഷയങ്ങളല്ലാത്ത ചില പ്രകാശവീചികൾകൂടി പ്രകൃതിശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയ്ക്കു ലക്ഷ്യമായിട്ടുണ്ടു്. രക്തവണ്ണങ്ങളായ തേജോവീചികളേക്കാൾ ദീഘതരമാണ് അവയിൽ ചിലതു്. ചിലതു് രക്തനീലങ്ങളേക്കാൾ ഹ്രസ്വതരങ്ങളുമാകുന്നു. മനുഷ്യസമുദായത്തിനു ഗുണകരമായ വിധത്തിൽ ഇവയെ പ്രവൎത്തിപ്പിക്കാമെന്നു ജിജ്ഞാസുക്കളായ നവീനശാസ്ത്രജ്ഞന്മാർ നിരീക്ഷിച്ചും പരീക്ഷിച്ചും മനസ്സിലാക്കിയിരിക്കുന്നു.

രക്തവണ്ണങ്ങളായ രശ്മികളെ ദൈഘ്യത്തിൽ അതിശയിക്കുന്നവയും നമ്മുടെ ദശനശക്തിയെ വഞ്ചിക്കുന്നവയും ആയ പ്രകാശതരംഗങ്ങൾ അനേകം രോഗങ്ങളെ നിവാരണം ചെയ്യുന്നതിന് ഉപകരിക്കുന്നുണ്ടു്. അതിനാൽ അവയെ സംബന്ധിക്കുന്ന ജ്ഞാനം ലോക

ത്തിന് അനുഗ്രഹമായിത്തീൎന്നിരിക്കുന്നു. 'ഛായാഗ്രഹണ'കലയുടെ അത്യത്ഭുതാവഹമായ] പുരോഗതിക്കും ഈ പ്രകാശവീചികൾ സഹായമായിത്തീൎന്നിട്ടുണ്ട്. സൂൎയ്യപ്രകാശം വേണ്ടിടത്തോളമില്ലാതെ ഛായ എടുക്കുവാൻ കഴിവുണ്ടായിരുന്നില്ല. ഈ അദൃശ്യരശ്മികൾ സ്വീകരിക്കുവാൻ ശക്തിയുള്ള യന്ത്രഫലകങ്ങളുണ്ടെങ്കിൽ മൂടൽമഞ്ഞുള്ളപ്പോൾക്കൂടി പടമെടുക്കാമെന്ന് അനുഭവപ്പെട്ടിരിക്കുന്നു. അന്തരീക്ഷം ഹിമനിബിഡമായിരിക്കുമ്പോൾ ഒന്നും തിരിച്ചറിയാൻ സാധിക്കാത്തതിനാൽ മഹാസമുദ്രത്തിൽ യാത്ര ചെയ്യുന്ന കപ്പലുകൾ ഹിമപോതങ്ങളിലും പാറകളിലും ചെന്നടിച്ചു തകൎന്നുപോവുക അസാധാരണ സംഭവം ആയിരുന്നില്ല. എന്നാൽ ഈ പരോക്ഷരശ്മികളുടെ സാന്നിദ്ധ്യത്താൽ പ്രതിനിമിഷം ചുററുപാടുമുള്ള സമുദ്രത്തിൻെറ വ്യക്തമായ ഛായ, അന്തരീക്ഷം അവ്യക്തമായിരിക്കുമ്പോഴും, എടുക്കുന്നതിനു പൎയ്യാപ്തമായ യന്ത്രം നിൎമ്മിച്ചിട്ടുള്ളതിനാൽ ഇപ്പോൾ നാവികന്മാൎക്കു മൂടൽമഞ്ഞിലും നിൎഭയം സമുദ്രയാത്ര സാദ്ധ്യമായിത്തീൎന്നിരിക്കുന്നു. മനുഷ്യദൃഷ്ടിക്കു വിഷയമായ വെളിച്ചത്തെ ഹിമാവരണം തടയുന്നുണ്ടെങ്കിലും ഈ രശ്മിവിശേഷം നിർബാധം വ്യാപരിക്കുന്നതുകൊണ്ടാണു പരിതഃസ്ഥലം യന്ത്രഫലകത്തിൽ നിഴലിക്കുന്നതു്.

രക്തനീലകിരണമാണല്ലോ ദൃശ്യമായവയിൽ വച്ചു് ഹ്രസ്വതമം. അതിനേക്കാൾ ദൈൎഘ്യം കുറഞ്ഞ

ചില കിരണങ്ങളുണ്ട്. ഇവ ആരോഗ്യദായകങ്ങളാകുന്നു. നമ്മുടെ ജീവിതചൈതന്യത്തെ വൎദ്ധിപ്പിക്കുവാൻ അത്യാവശ്യമായ ആ പരോക്ഷമരീചികൾ സൂൎയ്യനിൽനിന്നു ധാരാളം പ്രസരിക്കുന്നുണ്ട്. ചികിത്സാസമ്പ്രദായത്തിലും വൈദ്യവിജ്ഞാനത്തിലും അത്യന്തം അഭിവൃദ്ധി നേടിയിട്ടുള്ള പാശ്ചാത്യദേശങ്ങളിലും മററും രോഗികളെ ചികിത്സിക്കുന്നതിന് ഈ രശ്മികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. അസ്ഥികളുടെ വളൎച്ചയ്ക്കും പല്ലുകളുടെ രക്ഷയ്ക്കും ഉപകരിക്കുന്ന ഒരുതരം വിററാമിൻ ആഹാരപദാൎത്ഥങ്ങളിൽ കലൎത്തുന്ന ഈ അപ്രത്യക്ഷകിരണങ്ങൾ അമൂല്യങ്ങൾ തന്നെ.

---

## ൩. സസ്യങ്ങൾ.

നാം നിവസിക്കുന്ന ഭൂമുഖത്തിന്റെ മനോഹരതയ്ക്ക് മുഖ്യമായ ഹേതു വൃക്ഷങ്ങളും, ചെടികളും, വള്ളികളും ആകുന്നു. വിവിധവൎണ്ണങ്ങളായ സുരഭിലപുഷ്പങ്ങളും, കോമളങ്ങളായ ഇളംപ്രവാളങ്ങളും, നിബിഡമായി നിൽക്കുന്ന ഹരിതപത്രങ്ങളുംകൊണ്ടു സസ്യജാലത്തിന് ആരുടെ ഹൃദയവും ആകൎഷിക്കുവാൻ കഴിയും. എന്നാൽ കേവലം നയനാനന്ദത്തിനു മാത്രമാണോ അവ ഉപകരിക്കുന്നതു് ? സസ്യങ്ങൾ ഇല്ലായിരുന്നെങ്കിൽ മനുഷ്യൎക്കു മാത്രമല്ല, ഒരു ജീവിക്കും ഭൂമിയിൽ കഴിച്ചുകൂട്ടുവാൻ സാധിക്കുമായിരുന്നില്ല. ജീവ

സന്ധാരണത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണ സാധനം സസ്യലോകമാണല്ലൊ പ്രദാനം ചെയ്യുന്നത്.

രൂപം, പ്രയോജനം, വളൎച്ച, ഈ ധൎമ്മങ്ങളെ ആസ്പദമാക്കി നോക്കുന്നപക്ഷം സസ്യകുടുംബത്തിൽ അനേകശതം അംഗങ്ങളുണ്ടെന്നു കാണാം. പുഷ്പിക്കുന്നവ, പുഷ്പിക്കാത്തവ, പടൎന്നു കയറുന്നവ, പടൎന്നുകയറാത്തവ, കൊമ്പുള്ളവ, കൊമ്പില്ലാത്തവ, ഇങ്ങനെ വിഭജിക്കുവാൻ തുടങ്ങിയാൽ പെട്ടെന്ന് അവസാനിക്കുകയില്ല. ചെറിയ പുൽക്കൊടി തുടങ്ങി വലിയ മരം വരെ വ്യാപിച്ചിരിക്കുന്ന സസ്യസാമ്രാജ്യം അത്ര വിപുലവും വൈചിത്ര്യപൂൎണ്ണവുമാണ്.

സംസാരിക്കുവാനും സഞ്ചരിക്കുവാനും ശക്തി ഇല്ലാത്തതുകൊണ്ടു വൃക്ഷലതാദികൾ നിൎജ്ജീവങ്ങളാണെന്നു വിചാരിച്ചുപോകരുത്. ജനനം, വളൎച്ച, നാശം ഈ ജന്തുസാധാരണങ്ങളായ ധൎമ്മങ്ങൾ സസ്യങ്ങൾക്കും ഉണ്ട്. ആഹാരംകൂടാതെ വളരുവാൻ അവയ്ക്കും സാധിക്കുകയില്ല; ഏതെങ്കിലും ഭാഗത്തിനു കേടുപററിയാൽ അതു സ്വയം പരിഹരിക്കുന്നതിനുള്ള ശക്തിയും സസ്യങ്ങൾക്കു പ്രകൃതിസിദ്ധമാണ്; മാത്രമല്ല, അവയ്ക്കു സ്വവംശം വൎദ്ധിപ്പിക്കുവാനും കഴിവുണ്ടല്ലോ. അതിനാൽ സസ്യങ്ങളും സജീവങ്ങളാണെന്നു നമുക്ക് അനുമാനിക്കാം.

എങ്കിലും ജന്തുക്കൾക്കുള്ളതുപോലെ മരത്തിനും വള്ളിക്കും മററും മനശ്ശക്തി ഇല്ല. ഭക്ഷണസാധനത്തിൽ അധികഭാഗവും സ്വീകരിക്കുന്നതു മണ്ണിൽ

നിന്നാകയാൽ സസ്യങ്ങൾക്ക സഞ്ചരിക്കേണ്ട ആവശ്യം ഇല്ലെന്നു പറയാം. അതിനുള്ള ശക്തിയും പ്രകൃതി അവയ്ക്ക നൽകിയിട്ടില്ല. സസ്യങ്ങൾ ചരങ്ങളായിരുന്നെങ്കിൽ, അവയെ ഭക്ഷിച്ചു ജീവിക്കുന്ന ജന്തുക്കൾക്ക് ആഹാരസമ്പാദനത്തിനു വലിയ ക്ലേശം സംഭവിക്കുമായിരുന്നു. ജീവികൾ ഇംഗാലാമ്ലത്തേയും സസ്യങ്ങൾ അമ്ലജനകത്തേയും ആണു പുറത്തേയ്ക്കു വിടുന്നത്. ഇംഗാലം വൃക്ഷലതാദികൾക്കും അമ്ലജനകം മനുഷ്യമൃഗാദികൾക്കും അത്യാവശ്യമാകുന്നു.

ചില ചെടികൾ സന്ധ്യയ്ക്കു വാടുകയും പ്രഭാതത്തിൽ വീണ്ടും പച്ചപിടിച്ചു നില്ക്കുകയും പതിവാണ്. അപ്രകാരംതന്നെ ചില പൂക്കൾ വൈകുന്നേരം കൂമ്പും; രാവിലെ വിരിയും. തൊട്ടാവാടി മുതലായ ചില ചെടികൾ വല്ലതിന്റേയും സ്പർശമുണ്ടായാൽ വാടുന്നതും, കുറച്ചുകഴിഞ്ഞാൽ പൂർവ്വാവസ്ഥപ്രാപിക്കുന്നതും കാണാം. വലിയ വൃക്ഷശാഖകളോ മററാ നിമിത്തം സൂര്യരശ്മിയും വെളിച്ചവും കിട്ടുവാനും വളന്നുപോകുവാനും പ്രതിബന്ധം നേരിടുന്നപക്ഷം, ചെടികൾ സൗകര്യമുള്ള ഭാഗത്തേയ്ക്ക് ഒഴിഞ്ഞു വളഞ്ഞ് ഉയന്നുപോകുവാൻ ശ്രമിക്കും. ഈ സ്വഭാവവിശേഷങ്ങളും സസ്യങ്ങളുടെ സജീവത്വം സൂചിപ്പിക്കുന്നില്ലേ ?

വേരു്, തടി, ഇല, പൂവ്, കായ ഇവയാണു ഒരു ചെടിയുടെ വിഭാഗങ്ങൾ. വേരു്, എല്ലാസസ്യങ്ങൾക്കും കാണും. പൂവും കായും ചില ചെടികൾ

ക്ക് ഇല്ല. ഉള്ളവയ്ക്കുതന്നെയും പ്രത്യേക കാലങ്ങളിൽ മാത്രമേ ഉണ്ടാവുകയുമുള്ളു.

സസ്യങ്ങളുടെ എല്ലാ അവയവങ്ങൾക്കും പ്രവൃത്തികളുണ്ട്. നമ്മുടെ ആഹാരവിഷയത്തിൽ കൈ, വായ, വയർ എന്നിവയാണല്ലോ ഓരോ കൃത്യം നിർവ്വഹിക്കുന്നതു്. അതുപോലെ വേർ, തടി, ഇല എന്നീ മൂന്നവയവങ്ങളുടെ വ്യാപാരംകൊണ്ടാണ ഭൂരുഹങ്ങൾ ആഹാരം സ്വീകരിക്കുന്നതും ഉപയോഗക്ഷമമാക്കുന്നതും. അതുകൊണ്ട് അവ സസ്യങ്ങളുടെ മുഖ്യാവയവങ്ങളത്രെ.

പല സസ്യങ്ങളുടേയും വംശപരമ്പര നിലനിന്നുവരുന്നതു കായ്കളിൽ അടങ്ങിയിരിക്കുന്ന വിത്തുകൾകൊണ്ടാകുന്നു. പുഷ്പങ്ങളില്ലെങ്കിൽ കായുണ്ടാവുകയില്ലല്ലോ. എന്നാൽ ചില സസ്യങ്ങൾക്ക പൂവും കായും തീരെ ഉണ്ടാകുന്നതായിക്കാണുന്നില്ല. പൂക്കുന്നവയിൽ തന്നെയും ഏതാനും ചിലതു കായ്ക്കുന്നില്ല. പനിനീർച്ചെടി, അലറി മുതലായവയ്ക്കു പൂവുണ്ടെങ്കിലും കായുണ്ടാവുന്നില്ലല്ലോ. അവയുടെ കൊമ്പുകൾ വെട്ടിക്കുത്തിയാണ് പൊടിപ്പിക്കുന്നതു്.

സസ്യങ്ങൾക്ക് ആവശ്യമുള്ള ജലവും, പോഷകാംശങ്ങളും ലഭിക്കാതിരുന്നാൽ അവ നശിച്ചുപോകും. പോഷകദ്രവ്യങ്ങൾ സുലഭമായ സ്ഥലങ്ങളിൽ അവ തഴച്ചു വളരുന്നു. ആവശ്യമുള്ള ആഹാരം ഇലകളിലുള്ള ചെറുസുഷിരങ്ങൾ വഴിയായി വായുവിൽനിന്നും, വേരുകൾ വഴിയായി ഭൂമിയിൽ

നിന്നും അവ സമ്പാദിക്കുന്നു. വായുവിൽനിന്നും യഥേഷ്ടം ആഹാരം ശേഖരിപ്പാനും വേരിൽനിന്നു തടിയിൽകൂടി വരുന്നതു പാകപ്പെടുത്തുവാനും സൂര്യരശ്മിയുടെ സഹായം കൂടിയേ കഴിയൂ. വൃക്ഷച്ഛായയിൽ വളരുന്ന സസ്യങ്ങൾക്കു ക്രമമായ പുഷ്ടി ഉണ്ടായിക്കാണാത്തതു സൂര്യപ്രകാശം വേണ്ടവിധം കിട്ടായ്കനിമിത്തമാണു്. അതുപോലെ അധികം ഉറച്ചുകിടക്കുന്ന മണ്ണിലും പാറപ്പുറത്തും, സസ്യങ്ങളുടെ വേരുകൾക്കു സഞ്ചരിക്കുവാനും, ആഹാരം സ്വീകരിപ്പാനും വിഷമമായതുകൊണ്ടു്, അവ നല്ലപോലെ വളരുകയില്ല.

ഏതെങ്കിലും ഒരു മരത്തിന്മേൽ വെട്ടിനോക്കുന്നതായാൽ മുറിവേററ ഭാഗത്തുനിന്നു ഒരു ദ്രവം ഒഴുകിവരും. ആ ദ്രവം അതിന്റെ രക്തമാണെന്നുതന്നെ പറയാം. നമ്മുടെ ശരീരത്തിൽ രക്തസഞ്ചാരം ഉണ്ടാകുന്നതു മാറിടത്തിനു താഴെ അല്പം ഇടത്തുമാറി സ്ഥിതിചെയ്യുന്ന ഹൃദയത്തിന്റെ നിരന്തരമായ ശ്വാസവികാസങ്ങൾകൊണ്ടാകുന്നു. സസ്യങ്ങളിലാകട്ടെ തടികളിലും കൊമ്പുകളിലുംകൂടി, ഇലകളുടെ അററം വരെ, വ്യാപിച്ചു കിടക്കുന്ന ഞരമ്പുകളിൽ അവിടവിടെത്തന്നെ ഈ ശ്വാസവികാസങ്ങൾ നടക്കുന്നതിനാലാണു് ഈ രസം സർവ്വത്ര വ്യാപിക്കുന്നതു്.

# ൭. പിതൃഭക്തി.

ശ്രീരാമദേവനും ചോദിച്ചിതന്നേരം:—
"കാരണമെന്തൊന്നു താതദുഃഖത്തിന്നു്?

നേരേ പറവിനറിഞ്ഞതവ"രെന്നതു
നേരം പറഞ്ഞിതു കേകയപുത്രിയും:

"കാരണം താതദുഃഖത്തിന്നു നീ തന്നെ;
പാരിൽ സുഖം ദുഃഖമൂലമല്ലോ നൃണാം.

ചേതസി നീ നിരൂപിക്കിലെല്ലതിനി-
ത്താതനു ദുഃഖനിവൃത്തി വരുവാനും.

ഭൎത്തൃദുഃഖോപശാന്തിക്കു കിഞ്ചിൽ തനയാ
കൎത്തവ്യമായൊരു കൎമ്മമെന്നായ്‌വരും.

സത്യവാദിശ്രേഷ്ഠനായ പിതാവിനെ
സത്യപ്രതിജ്ഞനാക്കീടുക നീ;യതു

ചിത്തഹിതം നൃപതീന്ദ്രനു നിൎണ്ണയം;
പുത്രരിൽ ജ്യേഷ്ഠനാകുന്നതു നീയല്ലോ.

രണ്ടു വരം മമ ദത്തമായിട്ടുണ്ടു്
പണ്ടു നിൻ താതനാൽ സന്തുഷ്ടചേതസാ

നിന്നാലെ സാദ്ധ്യമായുള്ളോന്നതുരണ്ടു-
മിന്നു തരേണമെന്നൎത്ഥിക്കയും ചെയ്തേൻ.

നിന്നോടതു പറഞ്ഞീടുവാൻ നാണിച്ചു
ഖിന്നനായ്ത്തുന്നിതു താതനറിക നീ.

സത്യപാശേന സംബദ്ധനാം താതനെ-
സ്സത്വരം രക്ഷിപ്പതിന്നു യോഗ്യൻ ഭവാൻ

പുന്നാമമാകും നരകത്തിൽനിന്നുടൻ
തന്നുടെ താതനെ ത്രാണനം ചെയ്കയാൽ

പുത്രരെന്നുള്ള ശബ്ദം വിധിച്ചു ശത-
പത്രസമുത്ഭവനെന്നുമറിക നീ."

മാതൃവചനശ്രുലാഭിഹതനായ
മേദിനീപാലകുമാരനാം രാമനും

ഏത്രയുമേററം വ്യഥിതനായ് ചൊല്ലിനാൻ,
"ഇത്രയെല്ലാം പറയേണമോ മാതാവേ !

താതാത്ഥമായിട്ടു ജീവനെത്തന്നെയും
മാതാവുതന്നെയും സീതയെത്തന്നെയും

ഞാനുപേക്ഷിപ്പനതിനില്ല സംശയം;
മാനസേ ഖേദമതിനെനിക്കില്ലേതും.

രാജ്യമെന്നാകിലും താതൻ നിയോഗിക്കിൽ
ത്യാജ്യമെന്നാലെന്നറിക നീ മാതാവേ !

ലക്ഷ്മണൻതന്നെ ത്യജിക്കെന്നു ചൊൽകിലും
തൽക്ഷണം ഞാനുപേക്ഷിപ്പനറിക നീ.

പാവകൻതങ്കൽ പതിക്കേണമെങ്കിലു-
മേവം വിഷം കുടിക്കേണമെന്നാകിലും,

താതൻ നിയോഗിക്കിലേതുമേ സംശയം
ചേതസി ചെററില്ലെനിക്കെന്നറിക നീ.
താതകാൎയ്യമനാജ്ഞപ്തമെന്നാകിലും
മോദേന ചെയ്യുന്നാ നന്ദനനുത്തമൻ;
പിത്രാനിയുക്തനായിട്ട ചെയ്യുന്നവൻ
മദ്ധ്യമനായുള്ള പുത്രനറിഞ്ഞാലും;
ഉക്തമെന്നാകിലുമിക്കാൎയ്യമെന്നാലെ
കൎത്തവ്യമല്ലെന്നു വച്ചടങ്ങുന്നവൻ
പിത്രോൎമ്മലമെന്നു ചൊല്ലുന്നു സജ്ജന-
മിത്ഥമെല്ലാം പരിജ്ഞാതം മയാധുനാ.
ആകയാൽ താതനിയോഗമനുഷ്ഠിപ്പാ-
നാകുലമേതുമെനിക്കില്ല നിൎണ്ണയം.
സത്യം കരോമ്യഹം സത്യം കരോമ്യഹം
സത്യം മയോക്തം മറിച്ചു രണ്ടാമ്പുരാ."

രാമപ്രതിജ്ഞ കേട്ടോരു കൈകേയിയും
രാമനോടാശു ചൊല്ലീടിനാളാദരാൽ:—
"താതൻ നിനക്കഭിഷേകാൎത്ഥമായുട-
നാദരാൽ സംഭരിച്ചോരു സംഭാരങ്ങൾ-
കൊണ്ടഭിഷേകം ഭരതനു ചെയ്യണം
രണ്ടാം വരം പിന്നെയൊന്നുണ്ട വേണ്ടുന്നു

നീ പതിന്നാലു സംവത്സരം കാനനേ
താപസവേഷേണ വാഴ്കയും വേണം ;
നിന്നോടതു നിയോഗിപ്പാൻ മടിയുണ്ട്,
മന്നവനിന്നതു ദുഃഖമാകുന്നതും."

എന്നതു കേട്ട ശ്രീരാമനും ചൊല്ലിനാൻ,
"ഇന്നതിനെന്തൊരു വൈഷമ്യമായതും ?
ചെയ്കഭിഷേകം ഭരതനു, ഞാനിനി
വൈകാതെ പോവെൻ വനത്തിനു മാതാവേ!
എന്തതെന്നോടു ചൊല്ലാഞ്ഞു? പിതാവതു
ചിന്തിച്ചു ദുഃഖിപ്പതിനെന്തുകാരണം?
രാജ്യത്തെ രക്ഷിപ്പതിന്നു മതിയവൻ ;
രാജ്യമുപേക്ഷിപ്പതിന്നു ഞാനും മതി.
ദണ്ഡമത്രേ രാജ്യഭാരം വഹിപ്പതു,
ദണ്ഡകവാസത്തിനേററമെളുതല്ലൊ.
സ്നേഹമെന്നെക്കുറിച്ചേററമമ്മയ്ക്കുമി-
ദ്ദേഹമാത്രം ഭരിക്കെന്നു വിധിക്കയാൽ.
ആകാശഗംഗയെപ്പാതാളലോകത്തു
വേഗേന കൊണ്ടുചെന്നാക്കിബ്ഭഗീരഥൻ
തൃപ്തിവരുത്തി പിതൃക്കൾക്കു; പൂരുവും
തൃപ്തനാക്കീടിനാൻ താതനു തന്നുടെ

യൗവനം നല്കിജ്ജരാനരയും വാങ്ങി,
ദിവ്യന്മാരായിപ്പിതൃപ്രസാദത്തിനാൽ·
അല്പമായുള്ളൊരു കാര്യം നിരൂപിച്ചു
മൽപിതാ ദുഃഖിപ്പതിനില്ലവകാശം."

തുഞ്ചത്തെഴുത്തച്ഛൻ.

---

## വ്യ. ജപ്പാൻ.

ഏഷ്യാഖണ്ഡത്തിൻെറ പല ഭാഗങ്ങളും സമ്പൽസമൃദ്ധങ്ങളും പരിഷ്കാരകേന്ദ്രങ്ങളുമായി ശോഭിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നു പ്രബലങ്ങളും പ്രസിദ്ധങ്ങളും ആയിരുന്ന ചില പൗരസ്ത്യസാമ്രാജ്യങ്ങളെക്കുറിച്ച് ചരിത്രത്തിൽനിന്നു നമുക്കു ഗ്രഹിക്കാവുന്നതാണ്. അന്നു കേവലം വനപ്രായമായിരുന്ന യൂറോപ്പിൽ അപരിഷ്കൃതരായ ജനങ്ങളാണു നിവസിച്ചിരുന്നതു്. പക്ഷേ അവർ പരിഷ്കാരത്തിലും സംസ്കാരത്തിലും അനുക്രമമായ അഭിവൃദ്ധി പ്രാപിച്ചു. പൗരസ്ത്യരാജ്യവാസികളോ അന്നത്തെ നിലയിൽനിന്ന് അധികം മുൻപോട്ടു പോയില്ല. ഉന്മേഷം ക്ഷയിപ്പിക്കുന്ന ഉഷ്ണമേഖലയിലെ കാലാവസ്ഥയായിരിക്കണം ഈ ശോച്യമായ പരിണാമത്തിനു മുഖ്യഹേതു. പരിണാമം ജീവിതത്തിൻെറ സ്വഭാവമാകുന്നു. ഉൽകർഷം പ്രാപിക്കുവാൻ ഉദ്യമിച്ചില്ലെങ്കിൽ, അപകർഷം

സംഭവിക്കാതിരിക്കുവാൻ നിവൃത്തിയില്ലെന്ന സാമാന്യതത്ത്വം മനുഷ്യരേയും രാജ്യങ്ങളേയും ഒന്നുപോലെ ബാധിക്കുന്നതാണ്. ഭരണരീതി, യുദ്ധസമ്പ്രദായം മുതലായ വിഷയങ്ങളിൽ പണ്ടത്തേക്കാൾ പറയത്തക്ക അഭിവൃദ്ധി പ്രാപിക്കാതിരുന്ന പൗരസ്ത്യദേശങ്ങളെ അനായാസേന പാശ്ചാത്യന്മാർ ജയിക്കുവാൻ കഴിഞ്ഞതു മറ്റൊന്നുകൊണ്ടുമല്ല.

എന്നാൽ വൈദേശികന്മാരുടെ ആക്രമണത്തിനു വഴങ്ങിക്കൊടുക്കാതെ ഒരു പൗരസ്ത്യരാജ്യം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്—ജപ്പാൻ. 'ബാലാൎക്കഭൂമി' എന്ന് അൎത്ഥമായ 'നിപ്പോൺ' എന്നായിരുന്നു, ആ രാജ്യത്തിന്റെ പൂൎവ്വനാമം. ശാന്തസമുദ്രത്തിൽ കിടക്കുന്ന ഏതാനും ദ്വീപുകളാണ് അതിൽ അടങ്ങിയിരിക്കുന്നതു്. അത്‌ലാന്തിക്‌സമുദ്രത്തിൽ കിടക്കുന്ന ഇംഗ്ലൻഡിനോട് അതിനു പല വിഷയങ്ങളിലും സാമ്യം കാണാം. നാലുപാടും സമുദ്രമാകയാൽ ആംഗലരെപ്പോലെതന്നെ ജപ്പാൻകാരും സമുദ്രസഞ്ചാരത്തിൽ വിദഗ്ദ്ധന്മാരും തല്പരന്മാരും ആയിത്തീൎന്നിട്ടുണ്ട്. പക്ഷെ, ആകൃതിയിലും പ്രകൃതിയിലും രണ്ടുകൂട്ടരും അത്യധികം വിഭിന്നരാണ്. ജപ്പാൻകാർ ദീൎഘകായന്മാരല്ല; സിതവൎണ്ണന്മാരുമല്ല. അസിതമോ, പീതമോ ആയ നിറവും, പരന്നു മിനുസമുള്ള മുഖവും, നീണ്ടുകറുത്ത തലമുടിയും ജപ്പാൻകാരനു് അഴകായിത്തന്നെയിരിക്കുന്നു.

പാശ്ചാത്യന്മാർ അന്യപൗരസ്ത്യരാജ്യക്കാരെ

പ്പോലെ, ആ ദ്വീപവാസികളേയും ആദ്യം നിസ്സാരരായിട്ടാണു ഗണിച്ചിരുന്നതു്; വൈദേശികരോട് ഇടപെടുന്നതിന്ന് അവരും ഉത്സുകരായിരുന്നില്ല. എങ്കിലും, പത്തൊമ്പതാം ശതാബ്ദത്തിന്റെ ഉത്തരാദ്ധത്തിൽ ഇംഗ്ലീഷുകാരും അമേരിക്കക്കാരും വ്യാപാരം നടത്തുവാനുള്ള സൗകര്യം സമ്പാദിക്കുന്നതിനു പടക്കപ്പലുകളോടുകൂടി എത്തിയപ്പോൾ, ജപ്പാൻകാർ നയവൈദഗ്ദ്ധ്യത്തോടുകൂടിയാണു പെരുമാറിയതു്. ഇൻഡ്യയിലെ നാട്ടുരാജാക്കന്മാരെപ്പോലെ അവർ യുദ്ധസന്നദ്ധരായില്ല; അമേരിക്കയിലെ നീഗ്രോജാതിക്കാരെപ്പോലെ കീഴടങ്ങുകയും ചെയ്തില്ല. വൈദേശികന്മാർക്കു വ്യാപാരത്തിന്ന് അനുമതി നൽകുകയും അതേസമയത്തുതന്നെ സ്വദേശവ്യവസായവും വ്യാപാരവും പുഷ്ടമാകുവാൻ ഉറയ്ക്കുകയും ചെയ്തു.

ആ കാലഘട്ടത്തിലാണു ജപ്പാൻരാജ്യത്തിലെ അത്ഭുതകരമായ പരിവത്തനം ആരംഭിക്കുന്നതു്. വിദ്യാഭ്യാസം പാശ്ചാത്യസമ്പ്രദായത്തിലാക്കി. അന്യരാജ്യങ്ങളിൽനിന്നു സമത്ഥന്മാരായ അദ്ധ്യാപകന്മാരെ ക്ഷണിച്ചുവരുത്തി. യുവാക്കന്മാർ ഉന്നതവിദ്യാഭ്യാസാത്ഥം ഇംഗ്ലൻഡ്, ഫ്രാൻസ്, ജമ്മനി മുതലായ ദേശങ്ങളിലേയ്ക്കു പോയിത്തുടങ്ങി. എന്തിനധികം പറയുന്നു, അല്പകാലത്തിനിടയ്ക്കു പാശ്ചാത്യവിദ്യാഭ്യാസംകൊണ്ടുള്ള ഗുണങ്ങൾ സമഗ്രമായി സമ്പാദിച്ചു; എന്നുമാത്രമല്ല ദോഷങ്ങൾ അധികമായി അവരെ ബാധിക്കുകയും ചെയ്തില്ല.

ഇപ്രകാരം സംസ്കാരംകൊണ്ടു് ഒരു പുതിയ ജീവൻ ഉണ്ടായതിനാൽ, രാജ്യക്ഷേമത്തിനു് അനുകൂലമാകത്തക്കവണ്ണം അവർ ഭരണസമ്പ്രദായത്തിൽ പരിഷ്കാരം വരുത്തി. അന്യദേശങ്ങളിൽനിന്നു് ആവശ്യമുള്ള യന്ത്രങ്ങൾ വാങ്ങി വ്യവസായവും വ്യാപാരവും വൎദ്ധിപ്പിച്ചു. സഞ്ചാരത്തിനും വാൎത്താനിവേദനത്തിനും പരിഷ്കൃതരാജ്യങ്ങളിലുള്ള സൗകൎയ്യങ്ങൾ എല്ലാം ജപ്പാനിലും വേണമെന്നു് ആ ഉൽക്കൎഷേച്ഛുക്കൾ നിശ്ചയിച്ചു.

എന്നാൽ എല്ലാത്തിലും അധികം അവർ ശ്രദ്ധ പതിപ്പിച്ചതു രാജ്യരക്ഷയ്ക്കുവേണ്ട ഉപായങ്ങളിലാണു്. ബലിഷ്ഠവും വിപുലവും ആയ സൈന്യം, നവീനസമ്പ്രദായത്തിലുള്ള യുദ്ധസാമഗ്രികൾ, എന്നിവ സ്വാതന്ത്ര്യസംരക്ഷണത്തിനു് അത്യാവശ്യമാണെന്നു് അവൎക്കു ബോധപ്പെട്ടു. അന്യരാജ്യക്കാരോടു് ആയുധങ്ങളും മററും അനവധി ധനം വ്യയംചെയ്തു് അവർ വാങ്ങിച്ചു. യുവാക്കന്മാരെ യുദ്ധം അഭ്യസിപ്പിക്കുകയും വേഗത്തിൽ സുശിക്ഷിതമായ ഒരു സൈന്യത്തെ രൂപവൽക്കരിക്കുകയും ചെയ്തു. റഷ്യയുമായി നടന്ന ഭയങ്കരസമരത്തിൽ വിജയം പ്രാപിച്ചതോടുകൂടി ജപ്പാൻ പാശ്ചാത്യരാജ്യങ്ങൾക്കു് അത്ഭുതവും ഭയവും അസൂയയും ജനിപ്പിക്കുന്ന ഒരു മഹാശക്തിതന്നെയായിത്തീൎന്നു. കടലിലോ, കരയിലോ ആകാശത്തിലോ നിന്നു ജപ്പാൻകാരെ തോല്പിക്കുവാൻ ഇന്നു് ഒരു മഹാശക്തിക്കും എളുപ്പമല്ല.

അസാമാന്യമായ പരാക്രമവും ധൈര്യവും ഉണ്ടെങ്കിലും ജപ്പാൻകാരൻെറ ആകൃതി സൌമ്യമാണ്; പ്രകൃതി ശാന്തവുമാണ്. കുട്ടികളെ അതിയായ വാത്സല്യത്തോടുകൂടിയാണു ജപ്പാനിലെ മാതാപിതാക്കന്മാർ പരിരക്ഷിക്കുന്നത്. സൽസ്വഭാവികളാകുവാൻ അവക്ക സന്താനങ്ങളെ പ്രഹരിക്കുകയോ, ശകാരിക്കുകയോ, വേണ്ടിവരാറില്ല. വിനയം, ഭക്തി, സ്നേഹം, മര്യാദ മുതലായ മുഖ്യഗുണങ്ങൾ അവിടത്തെ ബാലികാബാലകന്മാക്ക ജന്മസിദ്ധമാണെന്നു തോന്നും. വിനോദസ്ഥലത്തേയ്ക്കുന്നപോലെതന്നെ വിദ്യാലയത്തിലേയ്ക്കും ആഹ്ലാദത്തോടും ഉത്സാഹത്തോടുംകൂടിയാണ് അവർ പോകുന്നത്. ജപ്പാനിലെ എല്ലാ ബാലികമാക്കുംകൂടി മാർച്ചുമാസത്തിൽ ഒരു ജന്മദിനാഘോഷമുണ്ട്. അന്ന് ആ രാജ്യത്തിലൊട്ടാകെ ഒരു മഹോത്സവമാണെന്നുതന്നെ പറയാം. അതുപോലെതന്നെ മേയ്മാസത്തിൽ ബാലകന്മാരുടെ ജന്മദിനവും കൊണ്ടാടാറുണ്ട്. ആ വിശേഷദിവസങ്ങളിൽ പമ്പരം, പന്തു മുതലായ വിനോദസാധനങ്ങൾ ബാലികാബാലകന്മാക്ക സമ്മാനിക്കുന്നു. കുട്ടികളുടെ മുഖ്യമായ ഒരു വിനോദമാണു പട്ടമുണ്ടാക്കി പറപ്പിക്കുന്നത്. പലതരം മൃഗങ്ങളുടെ രൂപത്തിൽ മനോഹരങ്ങളായ പട്ടങ്ങളുണ്ടാക്കി പറപ്പിച്ച് ആകാശദേശത്തിൽ അവയെക്കൊണ്ടു യുദ്ധം ചെയ്യിക്കുന്നതിന് അവിടത്തെ ബാലന്മാർ ഉൽസുകരാകുന്നു.

ജപ്പാൻകാരെപ്പോലെ അത്ര വളരെ കടലാസ്സ്

ഉപയോഗിക്കുന്ന മററു രാജ്യക്കാരില്ല. ജീവിതത്തിന് അത്യാവശ്യമായ പല ഉപകരണങ്ങളും അതുകൊണ്ടാണ് അവർ നിർമ്മിക്കുന്നത്. ചെരുപ്പ്, വിശറി, വിളക്ക് മുതലായ സാധനങ്ങൾ മാത്രമല്ല ഗൃഹങ്ങൾപോലും ജപ്പാനിൽ കടലാസ്സുകൊണ്ടു നിർമ്മിക്കുന്നു. ആ രാജ്യവാസികൾ സാധാരണമായി മേശയും, കസാലയും ഉപയോഗിക്കാറില്ല. അവരുടെ പ്രധാനമായ ഭക്ഷണസാധനം ചോറു തന്നെയാകുന്നു. മാംസാഹാരം മതനിഷിദ്ധമാണെങ്കിലും മത്സ്യം ധാരാളം ഭക്ഷിക്കാറുണ്ട്. രണ്ടു കോൽകൊണ്ടാണ് ജപ്പാൻകാർ ചോറു വായിലാക്കുന്നത്. അരിയിൽനിന്നുണ്ടാക്കുന്ന ഒരുതരം ലഹരിപദാർത്ഥം ജപ്പാൻകാർ പാനം ചെയ്യാറുണ്ട്. പഞ്ചസാരയും പാലും ചേർക്കാതെയാണ് അവർ ചായ കുടിക്കുന്നത്. ആൺകുട്ടികളും പെൺകുട്ടികളും ഒരേ രീതിയിൽ വസ്ത്രധാരണം ചെയ്യുന്നതിനാൽ, കെട്ടിവെച്ചിരിക്കുന്ന തലമുടികൊണ്ടു മാത്രമേ ബാലികമാരെ തിരിച്ചറിയുവാൻ സാധിക്കയുള്ളൂ.

ജപ്പാൻകാരുടെ അസാമാന്യമായ ശില്പസാമർത്ഥ്യവും സൗന്ദര്യബോധവും അവർ ഉപയോഗിക്കുന്ന മൺപാത്രങ്ങളിലും വസ്ത്രങ്ങളിലും കാണുന്ന വിചിത്രവേലകളിൽനിന്ന് ഊഹിക്കാം. വസന്തകാലം ഒരു ഉത്സവം പോലെയാണ് ആ രാജ്യവാസികൾ കൊണ്ടാടുന്നത്. ഏതു ചെറിയ ഗൃഹത്തിന്റെ പുരോഭാഗത്തും മനോഹരമായ ഒരു പൂന്തോട്ടം ഇല്ലാതിരിക്കയില്ല. അതു ലതകളാലും ചെടികളാലും, പുഷ്പങ്ങളാലും പ

ല്ലവങ്ങളാലും, ആനന്ദജനകം ആയിരിക്കയും ചെയ്യും.

നമുക്ക് അസ്വാഭാവികമായി തോന്നുന്ന പല ആചാരങ്ങളും ജപ്പാനിൽ ചെന്നാൽ കാണാം. വന്ദ്യന്മാരെ കാണുമ്പോൾ നാം എഴുന്നേൽക്കുകയാണല്ലോ പതിവ്; ജപ്പാൻകാർ അവരെ കണ്ടാൽ ആദരപൂർവ്വം നിലത്തു കാൽമടക്കി ഇരിക്കും. ഇടത്തുഭാഗത്തുനിന്നു മാത്രമേ അവർ കുതിരപ്പുറത്തു കയറുകയുള്ളു. ആ രാജ്യത്തെ ഭാഷയിൽ എഴുതിയിട്ടുള്ള ഒരു ഗ്രന്ഥം വായിക്കണമെങ്കിൽ ഒടുവിലത്തെ പുറത്ത് അവസാനത്തിൽ കാണുന്ന അക്ഷരം മുതൽ വലത്തുഭാഗത്തുനിന്ന് ഇടത്തുഭാഗത്തേയ്ക്കാണ് ആരംഭിക്കേണ്ടത്.

പർവ്വതങ്ങളും, കുന്നുകളും നിറഞ്ഞ ഒരു രാജ്യമാണ് ജപ്പാൻ. ഹിമവൽപർവ്വതത്തിലെ കൈലാസവും മററും പുണ്യസ്ഥലങ്ങളായിട്ടാണല്ലോ നാം ഗണിച്ചുവരുന്നത്. ആ രാജ്യത്തെ പ്രധാനഗിരിയായ 'ഫൂജിയാമ'യിലേയ്ക്ക് അവരും തീർത്ഥയാത്ര ചെയ്യാറുണ്ട്. അഗ്നിപർവ്വതങ്ങളുടെ ക്ഷോഭം, ഭൂകമ്പം, ചുഴലിക്കാററ് ഈ പ്രകൃതിശക്തികൾനിമിത്തം അനേകം ഗൃഹങ്ങളും, ജനങ്ങളും നശിക്കുന്നതു ജപ്പാനിൽ അപൂർവ്വസംഭവമല്ല.

ജപ്പാൻചക്രവർത്തിയുടെ രാജധാനി 'ടോക്കിയോ' എന്ന പ്രധാനനഗരത്തിലാണ്. ഗ്രാമങ്ങളിലെന്നപോലെതന്നെ നഗരങ്ങളിലും ബുദ്ധദേവാലയങ്ങൾ ധാരാളം കാണാം. രാജ്യവാസികളിൽ ഭൂരിപക്ഷവും ബുദ്ധമതാവലംബികളത്രെ.

## ൻ. സമുദ്രം.

മറുകരകാണാൻ കഴിയാതെ ബഹുദൂരം വ്യാപി ച്ചു കിടക്കുന്ന അത്യഗാധമായ ജലവിഭാഗമാണു് സമുദ്രം. ജലജന്തുക്കളാൽ ആകുലവും തിരമാലകളാൽ പ്രക്ഷുബ്ധവും ആയ അതിന്റെ കാഴ്ച ആരെയാണു് ഭയത്തിനും അത്ഭുതത്തിനും വശഗരാക്കാത്തതു്! പ്ര കൃതിയിലെ മഹാത്ഭുതങ്ങളിൽ ഒന്നായ സമുദ്രം എങ്ങ നെ ഉണ്ടായി? ഇതിനെ സംബന്ധിച്ചു് ഹൈന്ദവ പുരാണങ്ങളിൽ കാണുന്ന ഒരു കഥ രസാവഹമായി രിക്കുന്നു.

പണ്ടു സൂര്യവംശത്തിൽ സഗരൻ എന്നൊരു മഹാരാജാവുണ്ടായിരുന്നു. അദ്ദേഹം തൊണ്ണൂറെറാ മ്പതു് അശ്വമേധം നടത്തിയത്രെ. നൂറാമത്തെ യ ജ്ഞം സമാരംഭിക്കുന്നതിനു ദിഗ്വിജയാർത്ഥം അയച്ചി രുന്ന അശ്വത്തെ അസൂയാലുവായ ശതമുഖൻ പിടിച്ചു കൊണ്ടുപോയി പാതാളത്തിൽ തപസ്സുചെയ്തിരുന്ന കപിലമഹർഷിയുടെ ആശ്രമത്തിനു സമീപം കെട്ടി യിട്ടു. ആ വാജിയെ അന്വേഷിച്ചുനടന്ന സഗരപുത്ര ന്മാർ അധോലോകത്തിലേയ്ക്കു് പോകുന്നതിനു ഭൂമി വളരെ ദൂരം കുഴിക്കുകയുണ്ടായി. ആ കുഴിയാണു സമു ദ്രമെന്നാകുന്നു ആ പൗരാണികന്മാർ വിശ്വസിച്ചിരു ന്നതു്. സാഗരം എന്ന സമുദ്രപര്യായം ഈ കഥയെ സ്മരിപ്പിക്കുന്നതാണു്.

ശാസ്ത്രകാരന്മാർ ഈ പക്ഷം സമ്മതിക്കുന്നതല്ല.

ഭൂഗോളം ഒരു കാലത്തു ചുട്ടുരുകിക്കിടന്നിരുന്ന ഒരു വസ്തുവായിരുന്നുവെന്നും അനേകം സഹസ്രാബ്ദങ്ങൾ കഴിഞ്ഞശേഷമാണു് ഇന്നത്തെ രൂപത്തിൽ ആയിത്തീർന്നതെന്നും പ്രകൃതിശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. ആദികാലത്തു ഭൂമിയെ ആവരണം ചെയ്തുനിന്നിരുന്ന ബാഷ്പപടലം കാലക്രമത്തിൽ തണുത്തു്



ജലരൂപമായി പതിച്ചു് നിമ്നഭാഗങ്ങളിൽ കെട്ടിനില്ക്കുവാൻ ഇടയായി. ഇപ്രകാരമാണു സമുദ്രം ഭൂമുഖത്തു പ്രത്യക്ഷമായതു് എന്നത്രേ യുക്തിയുക്തമായ ശാസ്ത്രവാദം.

സമുദ്രങ്ങൾ രാജ്യങ്ങളെ യോജിപ്പിക്കുന്നുവെന്നും വിയോജിപ്പിക്കുന്നുവെന്നും പറയാവുന്നതാണു്. അമേ

രിക്കാഖണ്ഡത്തെ ഏഷ്യയിൽനിന്ന വേർപെടുത്തി നിറുത്തിയിരിക്കുന്നതു സമുദ്രമാണല്ലോ. എന്നാൽ സഞ്ചാരസൗകൎയ്യംകൊണ്ടും മററും ഈ രണ്ടു ഭൂഖണ്ഡങ്ങളേയും ബന്ധിപ്പിച്ചിരിക്കുന്നതും അതുതന്നെയാണ്. സമുദ്രത്തിൻെറ പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടു ധൎമ്മങ്ങളും നമുക്ക ഉപകരിക്കുന്നുണ്ട്.

ജനസമുദായങ്ങളുടെ ചില സ്വാൎത്ഥവൃത്തികൾക്ക സമുദ്രം പ്രതിബന്ധമായിരിക്കുന്നു. അന്യരാജ്യങ്ങളെ ആക്രമിക്കുവാനുള്ള അന്യായമായ ആഗ്രഹം ലോകത്തിൽ ഇന്നോ ഇന്നലയോ ഉള്ളതല്ല. സമുദ്രം പലപ്പോഴും ഈ വിധത്തിലുള്ള ദുരാഗ്രഹങ്ങളുടെ പീഡകളിൽനിന്ന ചില രാജ്യങ്ങളെ രക്ഷിച്ചിട്ടുണ്ട്. ഇംഗ്ലൻഡിനും ജപ്പാനുമുള്ള പ്രധാനമായ രക്ഷ നാലുവശവും കിടങ്ങുപോലെ കിടക്കുന്ന കടലുകളാകുന്നു ഒരിടത്തുണ്ടാകുന്ന ഭയങ്കരമായ സാംക്രമികരോഗം മറുകരയിലുള്ള മറെറാരു രാജ്യത്തു പിടിപെടാതിരിപ്പാനും കടൽ ഉപയോഗപ്പെടുന്നു. അമേരിക്കയിൽ ഉണ്ടാകുന്ന സാംക്രമികവ്യാധികൾ ജപ്പാനിലെ ജനങ്ങളിൽ പകരുവാനിടയില്ല.

എന്നാൽ, ദേശങ്ങളെ വിയോജിപ്പിക്കുന്നതിലധികം യോജിപ്പിക്കുകയാണ സമുദ്രം ചെയ്യുന്നതു്. പാശ്ചാത്യന്മാരെ ഇന്ത്യയിൽ കൊണ്ടുവരുവാൻ പ്രധാനമായി സഹായിച്ചതു് അതാണല്ലോ. ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള രാജ്യങ്ങളുമായി വാണിജ്യം നടത്തുന്നതിനും സമുദ്രം സഹായിക്കുന്നു. ഇംഗ്ലൻഡിൽ

ന്നിന്നും മററും നമുക്കാവശ്യമുള്ള വസ്തുക്കൾ ഇത്ര ക്ഷണ ത്തിൽ എത്തിക്കുവാൻ അതിൻെറ സഹായമില്ലെങ്കിൽ സാധിക്കുമോ ?

രാജ്യങ്ങൾ ധനസമൃദ്ധങ്ങളാകണമെങ്കിൽ അവയ്ക്ക് വാണിജ്യാഭിവൃദ്ധി കൂടിയെ കഴിയൂ. കച്ചവടം വൎദ്ധിക്ക ണമെങ്കിൽ സമുദ്രസാമീപ്യം ആവശ്യമാകുന്നു. ധാരാ ളം ഉൾക്കടലുകളും, തുറമുഖങ്ങളുമുണ്ടെങ്കിലേ കപ്പലു കൾക്കു വന്നടുക്കുവാനും മററും സൗകൎയ്യമുണ്ടാവുക യുള്ളൂ. ഇംഗ്ലൻഡ്, ജൎമ്മനി, അമേരിക്ക മുതലായ രാജ്യങ്ങൾ വാണിജ്യത്തിലും ധനസ്ഥിതിയിലും മുൻ പിട്ടു നിൽക്കുന്നതിന് ഒരു കാരണം സമുദ്രസാമീപ്യമാ കുന്നു.

സമുദ്രം ഒരു രത്നഭണ്ഡാഗാരമാണെന്നു പറയാം. പ്രതിവൎഷം എത്ര മുത്തും പവിഴവുമാണ് അതു മനു ഷ്യസമുദായത്തിനു ദാനം ചെയ്യുന്നതു് ! ലോകത്തി ലെ ജനസമുദായത്തിൻെറ വലിയ ഒരു ഭാഗത്തിനു ഭ ക്ഷണം നൽകുവാനുള്ള ഔദാൎയ്യവും സരിൽപതിക്ക് ഉ ണ്ട്. കടലിൽനിന്നു മത്സ്യങ്ങളെ പിടിച്ചു തിന്നും, വി ററു പണം സമ്പാദിച്ചും എത്ര ജനങ്ങൾ കാലയാപ നം ചെയ്യുന്നു ! റഷ്യ, സൈബീറിയ മുതലായ പ്രദേശ ങ്ങളുടെ ഉത്തരഭാഗങ്ങളിൽ താമസിക്കുന്ന ചില അപ രിഷ്കൃതമനുഷ്യർ കടൽമത്സ്യങ്ങളില്ലെങ്കിൽ ക്ഷുത്തട ക്കാൻ നിവൃത്തിയില്ലാതെ മരിച്ചുപോകുമായിരുന്നു. മ നുഷ്യൎക്ക് അത്യന്തോപയുക്തമായ ഉപ്പും സമുദ്രജല ത്തിൽനിന്നു കിട്ടുന്നതാണ്.

മഴ സമുദ്രത്തെ ആശ്രയിച്ചാണിരിക്കുന്നതു്. സൂര്യകിരണങ്ങളുടെ അത്യുഷ്ണംമൂലം സമുദ്രജലം ആവിയായിപ്പൊങ്ങി ഘനിഭവിച്ചിട്ടാണല്ലോ വർഷമുണ്ടാവുന്നതു്. അതില്ലെങ്കിൽ നമുക്കു ജീവനം ദുഷ്കരമായിത്തീരുമായിരുന്നു.

ഉപരിതലം നോക്കിയാൽ കടലിൽ പ്രവാഹമുണ്ടെന്നു് ആൎക്കും തോന്നുകയില്ല. എന്നാൽ ചില സമുദ്രങ്ങളിൽ ഉഷ്ണജലപ്രവാഹവും ശീതജലപ്രവാഹവും ഉണ്ടു്. അന്തൎഭാഗത്തുകൂടിയുള്ള ആ ഒഴുക്കുകൾ ചില പ്രദേശങ്ങളിലെ ശീതോഷ്ണാവസ്ഥയ്ക്കു വലിയ മാററം വരുത്തുന്നു. "ഗൾഫ് സ്റ്റീറീം" എന്ന ഉഷ്ണപ്രവാഹമത്രേ ഇംഗ്ലൻഡിലെ ശൈത്യത്തെ കുറയ്ക്കുന്നതു്.

---

## ൧൦. ഒരരിപ്പിറാവു്.

1. പുലർകാലമെനിക്കു പുണ്യമിന്നു-
ജ്ജ്വലതേജസ്സെഴുമോമനപ്പിറാവേ!
ഉലകിൽ പ്രിയദൎശനൻ ഭവാനെൻ
നിലയോപാന്തമലങ്കരിച്ചുവല്ലോ.

2. ചിറകിൻെറ ചിതപ്പെടുന്ന നാനാ-
നിറവും തുണ്ഡപദങ്ങൾതൻതുടുപ്പും-
പറവാൻപണി ഗാത്രസൌഭഗം തേ
പറവച്ചാത്തിനു മാനഹേതുപാരം.

3. ഇരുകണ്ണിതു കുങ്കുമദ്രവത്താൽ
നറുതേൻവാണികൾ തൊട്ടപൊട്ടുപോലെ;
ചുരുളിപ്പൊഴുതേ വിടൎന്ന വാഴ-
ച്ചെറുകൂമ്പിൻപടി കോമളം തവാംഗം

4. അലസാതൊരു സൂചി ശില്പദക്ഷൻ
പലവൎണ്ണങ്ങളിലുള്ള പട്ടനൂലാൽ
നലമാംപടി തയ്ച്ചു തീൎത്തതോ, നിൻ
മലർമെയ്യെ,ത്ര മനോഹരം പിറാവേ!

5. ജനിസിദ്ധമനോജ്ഞമാൎദ്ദവത്താൽ
തനിവില്ലീസ്സൊടിടഞ്ഞ താവകാംഗം
കനിവിൽത്തടവുന്നു ബാലസൂൎയ്യൻ,
പനിനീർപ്പു പണിയുന്ന തൻകരത്താൽ!

6. അതിരററഴകുള്ളതായ കാഴ്ചി-
ല്ലതിവേഗേന മറഞ്ഞു പോകുമല്ലോ;
അതിനാൽ വിധി ചേൎത്തു തീൎത്തതാവാ-
മതിനൊക്കുന്നൊളി വീശുമിക്ഖഗത്തെ!

7. തവ ഗേഹിനിയെങ്ങു? ലോകനേത്രോ-
ത്സവമേ, താങ്കൾ തനിച്ചുപോന്നതെന്തേ?
അവൾ കൊച്ചുകിടാങ്ങൾതൻ തുണയ്ക്കായ്-
ബ്ഭവനത്തിങ്കൽ വസിയ്ക്കയായിരിക്കാം!

8. അരി ഞാൻ വിതറിത്തരാം നിനക്കെ-
ന്നരികത്തേയ്ക്കണകെന്നരിപ്പിറാവേ!

ശരിയായ് മമ മന്ദിരാഗതൻ നീ-
യരിമപ്പെട്ട വിരുന്നുകാരനത്രേ.

9. മഴിവല്ല പിഴിഞ്ഞെടുത്ത സത്താ-
മഴകേ മന്ദമകന്നകന്നുപോയ് നീ
അഴലിങ്ങുരുളായ്ക്ക സൗകുമാര്യ-
പ്പുഴതൻ കൊച്ചുതരംഗമേ, പിറാവേ!

10. ഭുവി കൊക്കുകൾകൊണ്ടുകൊത്തിയും, തൻ-
പവിഴച്ചെങ്കഴൽ മെല്ലെ മെല്ലെ വച്ചും,
സവിലാസമിവൻെറ കൺ കുളൎപ്പി-
ച്ചിവിടെത്തെല്ലിടക്കൂടി ലാത്തണേ നീ!

11. ഇവനിൽക്കനിയാതെ തോപ്പിലുൾപ്പു-
ക്കവശം ചപ്പിലയിൽ ചരിയ്ക്കൊലാ നീ,
തവ പട്ടുവിരിപ്പിൽ വെച്ചിടേണ്ടു-
ന്നവയാം കാൽകളിൽ മുള്ളു തട്ടിയാലോ!

12. വളരെച്ചെറുരക്തരേഖ ചേരും
ഗളമേതാനുമുയർത്തിയെന്നെ നോക്കി,
പുളകപ്രദമാം മൃദുസ്വനത്താൽ
കളകണ്ഠോത്തമ, യാത്ര ചൊൽവിതോ നീ?

വള്ളത്തോൾ

## ൧൧. കുഞ്ചൻ നമ്പ്യാർ.

കേരളത്തിലെ ഹൈന്ദവക്ഷേത്രങ്ങളിൽ ഉത്സവം നടക്കുമ്പോൾ സന്ദർശകന്മാരെ അത്യധികം ആകർഷിക്കാറുള്ള ഒരു വിനോദമാണു തുള്ളൽ. ഈ നാട്യകലയുടെ ജനയിതാവു കലക്കത്തു കുഞ്ചൻനമ്പ്യാരാകുന്നു. അദ്ദേഹം തിരുവില്വാമലയ്ക്കടുത്തു ഭാരതപ്പുഴയുടെ വടക്കുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന ഗ്രാമത്തിലാണു് ജനിച്ചതു്. നമ്പ്യാരുടെ മാതാപിതാക്കന്മാർ ആരായിരുന്നെന്നു് ഊഹിക്കുവാൻപോലും പ്രയാസംതന്നെ. അദ്ദേഹത്തിനു് ഒരു സോദരനും, സോദരിയുമുണ്ടായിരുന്നു.

ബാല്യത്തിൽതന്നെ, അസാമാന്യമായ ബുദ്ധിസാമർത്ഥ്യം പ്രദർശിപ്പിച്ചിരുന്ന നമ്പ്യാർ ദേശഭാഷയിലും സംസ്കൃതത്തിലും പാണ്ഡിത്യം സമ്പാദിച്ചിരുന്നു. പ്രഥമഗുരു ആരായിരുന്നു ? എവിടെയാണു് അദ്ധ്യയനം ചെയ്തിരുന്നതു് ? ഈ സംശയങ്ങൾക്കൊന്നും വിശ്വാസനീയമായ സമാധാനം ഇനിയും ലഭിച്ചിട്ടില്ല. തിരുവിതാംകൂറിൽ കിടങ്ങൂർ എന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിന്റെ മാതുലൻ താമസിച്ചിരുന്നതു്. അമ്മാമനെ സഹായിക്കുവാൻ കുഞ്ചൻ ചെറുപ്പത്തിൽതന്നെ അവിടേയ്ക്കുപോയി. ദ്രോണമ്പിള്ളി ആചാര്യൻ, ഉണ്ണിരവിപ്പണിക്കർ ഈ രണ്ടു മാന്യപുഷന്മാരുടെ പരിചയം അക്കാലത്താണു് അദ്ദേഹത്തിനു സിദ്ധിച്ചതു്. സംസ്കൃതത്തിൽ കാവ്യനാട

കാലങ്കാരാദികൾ അഭ്യസിക്കുന്നതിനു ദ്രോണമ്പള്ളി സഹായിച്ചിരിക്കണം. നന്തിക്കാട്ടു പണിക്കർ ധന വിഷയകമായ പല സഹായങ്ങളും ചെയ്തു കൊടുത്തിരിക്കുവാൻ ഇടയുണ്ട്. കലാരസികനായ ചെമ്പകശ്ശേരി രാജാവുമായി നമ്പ്യാരെ പരിചയപ്പെടുത്തിയതും ആ മാന്യന്മാരാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

നമ്പ്യാർ തന്റെ അഭ്യുദയകാംക്ഷിയായ ഉണ്ണിരവിപ്പണിക്കരെ കല്യാണസൗഗന്ധികം തുള്ളലിൽ സ്മരിക്കാതിരുന്നിട്ടില്ല. അദ്ദേഹത്തിന്റെ പരദൈവത്തെയാണ് താഴെ ഉദ്ധരിക്കുന്ന വരികളിൽ വന്ദിച്ചിരിക്കുന്നതു് എന്നു സ്പഷ്ടമാണല്ലോ:

"നന്ദികാരണ്യമാം മന്ദിരെ വാഴുന്ന
മന്ദാരദാരുവാം ബാലരവിയുടെ
നന്ദിവരുത്തുന്ന കണ്ടങ്കരിങ്കാവി-
ലിന്ദുചൂഡപ്രിയേ, വന്ദേ ഭഗവതി."

സാഹിത്യപരിശ്രമം ആരംഭിച്ച കാലത്തുതന്നെ നമ്പ്യാർ അസാധാരണമായ കവിതാസാമർത്ഥ്യം പ്രദർശിപ്പിച്ചിരുന്നു. ചെറുശ്ശേരിയെ അനുകരിച്ച് അദ്ദേഹം എഴുതിയ ശീലവതി, കൃഷ്ണഗാഥപോലെ ഉൽകൃഷ്ടമായ ഒരു കാവ്യമല്ലെങ്കിലും വികാരോദ്ദീപകമായ ഒരു സരളകൃതിയാകുന്നു. എഴുത്തച്ഛനോടും അദ്ദേഹത്തിന് അത്യധികം ആദരമുണ്ടായിരുന്നുവെന്നു തോന്നുന്നു. നളചരിതം കിളിപ്പാട്ടിന്റെ നിർമ്മാണത്തിൽ അദ്ദേഹം ആ മഹാനെയാണു അനുകരിച്ചിട്ടുള്ളതു്. ശ്രീകൃഷ്ണചരിതമാണ് മറെറാരു വിശിഷ്ട

കൃതി. അതു് 'മധുരപദാകലിത'മായ ഒരു മണിപ്രവാളകാവ്യമാകുന്നു. എന്നാൽ അതൊന്നും അദ്ദേഹത്തിനു യോജിക്കുന്ന കവിതാസമ്പ്രദായങ്ങളായിരുന്നില്ല. സ്വാതന്ത്ര്യസിദ്ധമായ ഫലിതവും പരിപുഷ്ടമായ ലോകജ്ഞാനവും പ്രകാശിപ്പിക്കത്തക്കവണ്ണം ഒരുകവിതാപദ്ധതിയുണ്ടാക്കുവാൻ നമ്പ്യാർ അന്നുതന്നെ ആലോചിച്ചിരുന്നു; അതിന്നു് അനുകൂലമായ ഒരു സന്ദർഭവും കിട്ടി.

ഒരു ദിവസം അമ്പലപ്പുഴക്ഷേത്രത്തിൽ നമ്പ്യാർ ചാക്ക്യാർക്കൂത്തിന്നു് മിഴാവു കൊട്ടിക്കൊണ്ടിരിക്കയായിരുന്നു. അസമർത്ഥനായ ചാക്യാരുടെ കഥാകഥനം നീരസജനകമായിത്തോന്നിയതിനാൽ കുഞ്ചൻ അറിയാതെ ഒന്നു് ഉറങ്ങിപ്പോയി. തന്മൂലം യഥാസമയം മിഴാവു കൊട്ടുകയുണ്ടായില്ല. ഈ ഉദാസീനതയ്ക്കു ചാക്യാർ അദ്ദേഹത്തെ ശകാരിച്ചു. അന്നു രാത്രിയാണു് കല്യാണസൗഗന്ധികം തുള്ളൽ രചിച്ചതു്. അടുത്ത ദിവസം ചാക്ക്യാർ കൂത്തുപറയാൻ വന്നതോടുകൂടി നമ്പ്യാരും നൂതനമായ ഒരു രീതിയിൽ വേഷം കെട്ടി ഗോപുരത്തിൽ വന്നു തുള്ളൽ തുടങ്ങി. ആ പുതിയ വിനോദം രസകരമായിത്തോന്നിയ ജനങ്ങൾ എല്ലാവരും കൂത്തു് ഉപേക്ഷിച്ചു തുള്ളൽ കാണുവാൻ ചെന്നുചേർന്നു. അന്നു്, ചാക്ക്യാരുടെ മുൻപിൽ കൊളുത്തിവച്ചിരുന്ന നിലവിളക്കുമാത്രമേ ശേഷിച്ചുള്ളു. നമ്പ്യാർ ഇങ്ങനെ പ്രതികാരം ചെയ്തു.

ക്രമേണ തുള്ളലിൽ ജനങ്ങൾക്കു വർദ്ധിച്ചുവന്ന താൽപര്യം നമ്പ്യാരെ വീണ്ടും താദൃശങ്ങളായ കൃതി

കൾ നിർമ്മിക്കുന്നതിന്ന പ്രേരിപ്പിച്ചു. പരിഹാസം കലൎന്ന ജീവിതനിരൂപണത്തോടുകൂടിയ ആ ലളിതഗീതങ്ങൾ അല്പകാലത്തിനിടയ്ക്കു പണ്ഡിതന്മാരേയും പാമരന്മാരേയും ഒരുപോലെ രസിപ്പിക്കുന്ന ഒരു വിനോദകലയായിത്തീൎന്നതിൽ എന്താണ് അത്ഭുതം ?

അക്കാലത്തു നമ്പ്യാരുടെ രക്ഷകനും പ്രോത്സാഹകനും ആയിരുന്ന ചെമ്പകശ്ശേരിരാജാവിന്റെ രാജ്യം നഷ്ടപ്പെട്ടു. അതിനെപ്പററി സ്വകൃതികളിൽ അദ്ദേഹം ഒന്നും സൂചിപ്പിക്കാതിരുന്നതു് എന്തുകൊണ്ടാണെന്നറിഞ്ഞുകൂട. വിജിഗീഷുവും അന്നത്തെ വഞ്ചിരാജാവും ആയിരുന്ന ശ്രീവീരമാൎത്താണ്ഡവൎമ്മ 923-ൽ ദേവനാരായണനെ സ്ഥാനഭ്രഷ്ടനാക്കി അമ്പലപ്പുഴരാജ്യം വേണാടിനോടു ചേൎത്തു. വിജേതാവായ ആ തിരുമേനിയും നമ്പ്യാരെ യഥാൎഹം ആദരിക്കാതിരുന്നില്ല. അതുമുതൽ മഹാകവിയുടെ താമസം തിരുവനന്തപുരത്തായി.

രാജസേവയുടെ തിക്തമായ രുചി ഇടയ്ക്കിടയ്ക്കറിഞ്ഞിരുന്നെങ്കിലും സ്യാനന്ദൂരത്തിലെ ആവാസവും സാമാന്യേന നമ്മുടെ കവിക്കു സംതൃപ്തിജനകമായിരുന്നു എന്നു തോന്നുന്നു. അവിടെ വച്ചാണ് അദ്ദേഹം അനേകം തുള്ളൽപ്പാട്ടുകൾ രചിച്ചതു്. ഉദാരനായ മാൎത്താണ്ഡവൎമ്മ മഹാരാജാവു് നാടു നീങ്ങിയപ്പോൾ അനേകം ആട്ടക്കഥകളുടെ നിൎമ്മാതാവും സാഹിത്യാരാധകന്മാരുടെ നേതാവുമായിരുന്ന ധൎമ്മരാജാവു് നമ്പ്യാരുടെ രക്ഷകനും പ്രോത്സാഹകനുമായിത്തീൎന്നു.

അദ്ദേഹത്തിൻെറ പ്രീതിയ്ക്കുവേണ്ടി ആയിരിക്കണം, നമ്പ്യാർ മൂന്നു ആട്ടക്കഥകൾ എഴുതിയതു്. അവയ്ക്കു ഗണ്യമായ പ്രചാരം സിദ്ധിക്കയുണ്ടായില്ല.

ഒരിക്കൽ തമ്പുരാൻ അമറേത്തു കഴിഞ്ഞു് എഴുന്നെള്ളിയപ്പോൾ സേവകന്മാരുടെ സ്വഭാവം അറിയുവാൻ ഇന്നത്തെപ്പായസത്തിനു വല്ലാത്ത കയ്പ് എന്നു അരുളിച്ചെയ്തുവത്രെ. ഉടനെ അവരെല്ലാം 'റാൻ, കയ്പു ദുസ്സഹമായി അടിയങ്ങൾക്കും തോന്നി' എന്നറിയച്ചു. ഉടനെ കുഞ്ചൻ നമ്പ്യാർ, 'ഈ കയ്പ് അടിയനു മധുരമാണെ'ന്നു പറയാതിരുന്നില്ല. എന്തു പറഞ്ഞാലും പ്രീതിക്കുവേണ്ടി സമ്മതിക്കുന്ന സേവകന്മാരുടെ നേരെ പരിഹാസവും സ്വതന്ത്രനായ നമ്പ്യാരുടെ നേരെ ബഹുമാനവും മഹാരാജാവിനു തോന്നിയിരിക്കണം.

ജീവിതത്തിൻെറ അധികഭാഗവും നമ്പ്യാർ തിരുവനന്തപുരത്താണു കഴിച്ചു കൂട്ടിയിരുന്നതു്. വാദ്ധക്യമായപ്പോൾ മഹാരാജാവിൻെറ അനുമതിയോടുകൂടി അദ്ദേഹം അമ്പലപ്പുഴെ സ്ഥിരതാമസമാക്കി. അക്കാലത്തു് ഒരുപേപ്പട്ടി കടിച്ചു് ആ സരസ്വതീദാസൻ പരലോകം പ്രാപിച്ചുവെന്നാണു് ഐതിഹ്യം.

150-ൽ പരം വഷങ്ങൾക്കുമുൻപ് ആ മഹാകവി തനിക്കു് ഏററവും പ്രിയപ്പെട്ട കേരളത്തേയും കേരളീയരേയും വിട്ടു് കാലധമ്മം പ്രാപിച്ചെങ്കിലും അദ്ദേഹത്തെ സംബന്ധിക്കുന്ന സ്മരണ ഒരിക്കലും നമ്മുടെ ഹൃദയത്തിൽനിന്നു മാഞ്ഞുപോകുന്നതല്ല.

## ൧൨. ജീവികളും ജീവിതോപകരണങ്ങളും.

"തനിക്കു വേണ്ടുന്ന ഉപകരണങ്ങൾ സ്വയം നിൎമ്മിക്കുന്ന ഒരു ജീവിയാണു മനുഷ്യൻ," എന്നു പാശ്ചാത്യപണ്ഡിതനായ കാർലെയിൽ ഒരിക്കൽ നിൎവ്വചിച്ചിട്ടുണ്ട്. ആകാശസഞ്ചാരത്തിനു വിമാനങ്ങൾ, സമുദ്രതരണത്തിനു കപ്പൽ, ആത്മരക്ഷയ്ക്കു് ആയുധങ്ങൾ, ആവശ്യമുള്ള പദാൎത്ഥങ്ങൾ ഉണ്ടാക്കുന്നതിനു വിവിധയന്ത്രങ്ങൾ, ഇങ്ങനെ എത്ര ഉപകരണങ്ങളാണു് അവന്റെ ബുദ്ധിശക്തിയുടെ പ്രത്യക്ഷഫലങ്ങളായിട്ടുള്ളതു്? അന്യജീവികളെ അപേക്ഷിച്ചു ശരീരശക്തിയിൽ നിസ്സാരനായ മനുഷ്യൻ പ്രപഞ്ചത്തിൽ പ്രഥമസ്ഥാനം സമ്പാദിച്ചിട്ടുള്ളതു കേവലം ഉപകരണങ്ങളുടെ സഹായത്താലാകുന്നു. വായു, വിദ്യുച്ഛക്തി, ആവി, ജലപ്രവാഹം മുതലായ പ്രാകൃതികമഹാശക്തികളെപ്പോലും സ്വസൃഷ്ടങ്ങളായ ഉപകരണങ്ങളാലല്ലേ അവൻ അടിമപ്പെടുത്തിയിരിക്കുന്നതു്?

എന്നാൽ മനുഷ്യൻ മാത്രമേ ഉപകരണങ്ങൾ ഉപയോഗിക്കുന്നുള്ളു എന്നു വിചാരിക്കുന്നതു് അബദ്ധമാകുന്നു. അണുപ്രായങ്ങളായ പ്രാണികൾമുതൽ മഹാസത്വങ്ങളായ ആനകൾവരെയുള്ള അന്യജീവികൾക്കും ജീവിതനിൎവ്വഹണത്തിന്നു് ഉപകരണങ്ങളുടെ അപേക്ഷയുണ്ട്. അവയ്ക്കു് അതെല്ലാം സഹജമായിട്ടുണ്ടെന്നു മാത്രമേ ഒരു വ്യത്യാസം ഉള്ളു.

ആരാമത്തിൽ സാധാരണമായി കാണുന്ന അച്ച്

ആഹാരസമ്പാദനത്തിന് ഒരുതരം അരം കൊണ്ടുനടക്കുന്നുണ്ടെന്നു പ്രകൃതിശാസ്ത്രജ്ഞന്മാർ പറയുമ്പോൾ നമുക്കു അത്ഭുതംതോന്നും. പക്ഷെ, അതു കൃത്രിമമല്ല; പ്രകൃതിദത്തമാകുന്നു. ആ ഉപകരണം വായിലാകയാൽ പുറമെ കാണാവുന്നതുമല്ല. ധാരാളം ചാറുകിട്ടുന്ന പച്ചിലകളുടെ സമീപത്തെത്തിയാൽ ആ കീടം തന്റെ തടിച്ച ചുണ്ടുകൾ അതിന്മേൽ പതിപ്പിച്ചതിനുശേഷം മുൻപറഞ്ഞ ഉപകരണംകൊണ്ടു പ്രവൃത്തി ആരംഭിക്കുന്നു. അതിനു നമുക്കുള്ളതുപോലെ താടിയോ, ദന്തപംക്തിയോ ഇല്ല. നീണ്ടു പരുപരുത്ത രസനതന്നെയാണ് ആഹാരസമ്പാദനാത്ഥം അതിനു പ്രകൃതിനൽകിയിട്ടുള്ള അരം. അതിന്മേൽ വരിവരിയായി പതിനയ്യായിരത്തോളം അതി[illegible]ങ്ങളായ പല്ലുകളുണ്ടത്രെ. ഭൂതക്കണ്ണാടിയുടെ സഹാ[illegible]ത്താലാണ് ഈ മഹാത്ഭുതം ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിക്കു വിഷയമായിട്ടുള്ളതു്. സസ്യഭുക്കായ ആ കീടത്തിന് ഇലകൾ കടിച്ചുതിന്നുവാനും സസ്യങ്ങളെ നശിപ്പിച്ചു തോട്ടക്കാരനെ ശുണ്ഠിയെടുപ്പിക്കുവാനും നാവു് അരംപോലെ ഉപകരിക്കുന്നു.

പരിസരം, ജീവിതരീതി, ആഹാരസമ്പാദനക്രമം ഇവയ്ക്കനുരോധമായി പല ജീവികൾക്കും പ്രത്യേകമായ ചില യന്ത്രങ്ങളോ, ആയുധങ്ങളോ, സഹായസാധനങ്ങളോ കാണാം. ചിലന്തിവലയിൽപെട്ടു പ്രാണരക്ഷണാത്ഥം പിടയുന്ന ഈച്ചകളും, ചെറുതുമ്പികളും, സസന്തോഷം പാഞ്ഞുചെല്ലുന്ന ചിലന്തിവീരൻ സമീ

പത്തു് എത്തുമ്പോഴേയ്ക്കും, നിശ്ചലമായിത്തീരുന്നതു് എന്തുകൊണ്ടാണു്? സൂക്ഷ്മവസ്തുക്കളെ ബൃഹത്തരങ്ങളാക്കി കാണിക്കുന്ന ഭൂതക്കണ്ണാടിയുടെ സാഹായ്യമുണ്ടെങ്കിൽ ജാലബദ്ധമായ ക്ഷുദ്രജീവി രക്ഷപ്പെടാതിരിക്കുവാൻ എട്ടുകാലി അതിൻെറ കാലുകളും ചിറകുകളും ദൂരെ നിന്നുതന്നെ നൂൽ വീശി ബന്ധിക്കുന്നതു് കാണാം.

സ്വശരീരത്തിൽനിന്നുതന്നെ നൂൽ നിർമ്മിക്കുന്നതിന്നു് ഉപകരിക്കുന്ന ആറു യന്ത്രങ്ങൾ എട്ടുകാലിയുടെ ഉദരാന്തത്തിൽ പ്രകൃതി ഘടിപ്പിച്ചിട്ടുണ്ടു്. ആഹാരസമ്പാദനാർത്ഥം നിർമ്മിച്ചിട്ടുള്ള ജാലത്തിൽ കുടുങ്ങുന്ന ജീവി ആത്മരക്ഷയ്ക്കു പിടയാതിരിക്കുകയില്ലെന്നും വല പൊട്ടിച്ച് അതു പൊയ്ക്കളയുമെന്നും ചിലന്തിക്കറിയാം. അങ്ങനെ സംഭവിക്കാതിരിപ്പാൻ അതിനെ ദൃഢമായി ബന്ധിക്കുന്നതിനു നൂൽ എറിയണമല്ലൊ. പ്രകൃതിദത്തമായ ആ ഉപകരണങ്ങൾ ഇല്ലായിരുന്നെങ്കിൽ ചിലന്തി കുഴങ്ങുമായിരുന്നു.

ഉപായജ്ഞനായ ഈ ക്ഷുദ്രജീവി ഒരു നദി കടക്കുന്നതിനു പ്രയോഗിക്കുന്ന സൂത്രവും, പ്രകാശിപ്പിക്കുന്ന ബുദ്ധിചാതുര്യവും, ആരേയും വിസ്മയിപ്പിക്കാതിരിക്കുകയില്ല. ഉന്നതമായ ഒരു ഭാഗത്തു് ഇരുന്നു് അതു വളരെ നീളത്തിൽ ഒരു നൂൽ നിർമ്മിച്ചു തുടങ്ങും. കാററു തട്ടി മറുകരയിലുള്ള വൃക്ഷങ്ങളിലോ മറേറാ, അതു തന്നു ചെന്നു മുട്ടുന്നതുവരെ അങ്ങനെതന്നെ പ്രവൎത്തിച്ചുകൊണ്ടിരിക്കും. അനന്തരം ആ നൂൽപ്പാലത്തിൻെറ

ഒരു തല ഈ കരയിലും ഉറപ്പിക്കും. പിന്നെ വലിച്ചു നോക്കി ഉറപ്പു പരിശോധിച്ച് ആപൽക്കരമല്ലെന്നു കണ്ടാൽ മാത്രമേ അതിൽക്കൂടെ സഞ്ചരിക്കുകയുള്ളൂ.

ഇത്ര ലാഘവംകൂടിയ ഒരു തന്തുവിന് ഇത്ര ബലമുണ്ടാകുന്നതു് അത്ഭുതജനകമായിരിക്കുന്നു. അതിൽ മൂന്നോ നാലോ ഇഴകൾ മാത്രമേ ചേൎന്നിരിക്കുന്നുള്ളൂവെങ്കിലും വലിയ കാററു വീശുമ്പോൾകൂടി എട്ടുകാലികൾ നിർബ്ബാധം സഞ്ചരിക്കാം. അതിസൂക്ഷ്മശരീരികളായ ചിലന്തിക്കുഞ്ഞുങ്ങൾക്കുകൂടി ഈ കൗശലം ജന്മസിദ്ധമാണ്. അവ നാനാഭാഗത്തും സഞ്ചരിക്കുന്നതു തന്തുനിൎമ്മിതങ്ങളായ പാലങ്ങളിൽക്കൂടിയാകുന്നു. ന്തുലിന്മേൽകൂടി ഉന്നതമായ വൃക്ഷത്തിലേയ്ക്കും മററും അവ കയറുകയും ഇറങ്ങുകയും ചെയ്യുന്നതു രസകരമായ കാഴ്ചതന്നെ.

ചിലന്തിയുടെ വായ ഭയങ്കരമായ ഒരു യന്ത്രമാണെന്നു പറയാം. അതിന്റെ രണ്ടുഭാഗത്തും കൂൎത്ത രണ്ടു മുള്ളുകൾ ഉണ്ടു്. അതിനുള്ളിൽ ഒരുതരം ഉഗ്രവിഷമാണു്. ആ മുള്ളുകൾകൊണ്ടാണു് ഇരകളായ ക്ഷുദ്രജീവികളെ മുറിപ്പെടുത്തി അവയുടെ ശരീരത്തിൽ വിഷം പകത്തുന്നതു്.

ജീവിതത്തിനാവശ്യമായ ചില ഉപകരണങ്ങൾ ഈച്ചകൾക്കും ഇല്ലായ്കയില്ല. കടന്നൽ, നമ്മുടെ ദേഹത്തിൽ മുറിയേല്പിക്കാറുണ്ടല്ലോ. അതു വാസ്തവത്തിൽ കടിക്കുകയല്ല ചെയ്യുന്നതു്; സൂചിപോലെ രണ്ടു സാധനങ്ങൾ ദേഹത്തിൽ തറയ്ക്കുകയാണു്.

അതേസമയത്തുതന്നെ തന്മൂലമുണ്ടാകുന്ന ക്ഷതത്തിൽ തലയിട്ട രക്തപ്രവാഹം വദ്ധിപ്പിക്കുവാനുള്ള രണ്ടു കൊമ്പുകൾ അതിനുണ്ട്.

മനുഷ്യൻ ചൂണ്ടലിട്ട മത്സ്യങ്ങളെ പിടിക്കാറുണ്ടല്ലൊ. തങ്ങൾക്കു പ്രകൃതിസിദ്ധമായ ചില കൊമ്പുകളെ ചൂണ്ടലാക്കി അല്പപ്രാണികളെപിടിക്കുന്ന മത്സ്യങ്ങൾ നൈൽനദിയിൽ ധാരാളമാണത്രെ. അവ കരയ്ക്കുസമീപം ആ അവയവങ്ങളുടെ അഗ്രത്തിലുള്ള ഉരുണ്ട ഭാഗങ്ങൾ മാത്രം ഉപരിഭാഗത്തു കാണത്തക്ക വണ്ണം നിശ്ചലമായി കിടക്കും; ആ വസ്തുക്കൾ വല്ല ധാന്യമണികളും ആയിരിക്കുമെന്നു ഭ്രമിച്ചു ക്ഷുദ്രജീവികൾ ചെല്ലുമ്പോൾ അവയെ പിടിച്ചു വിഴുങ്ങുകയും ചെയ്യും.

ആഫ്രിക്കയിലെ മരുഭൂമികളിൽ കൗശലംകൊണ്ടു പക്ഷികളെ പിടിച്ചുതിന്നുന്ന നാഗവഞ്ചകന്മാർ അപൂവ്വമല്ല; ആ ക്രൂരജീവികൾ ഏകദേശം ഒരു പാത്രത്തിന്റെ ആകൃതിയിൽ നിശ്ചലമായി ചുരുണ്ടു കിടന്നു വഷജലം ശേഖരിക്കും. ആകാശത്തിൽ സഞ്ചരിക്കുന്ന ദാഹവശഗങ്ങളായ പക്ഷികൾ അതു കുടിക്കുവാൻ ചെല്ലുമ്പോൾ അവയെ നിട്ദയം പിടിച്ചു വിഴുങ്ങിക്കളെയുവാനാണ് ഈ കൗശലം പ്രയോഗിക്കുന്നതു്. ഏതു ജീവിക്കും ജീവിതത്തിനുവേണ്ട ഉപായവും ഉപകരണവും സഹജമായിട്ടുണ്ടെന്നു പ്രകൃതിശാസ്ത്രജ്ഞന്മാർ നിരീക്ഷിച്ചറിഞ്ഞിരിക്കുന്നു.

## ൬൩. കന്നിമാസം.

കൂടീ ഗുണങ്ങളധികം നളിനീസുഹൃത്താ-
യീടുന്നൊരുഷ്ണകിരണന്റെ കരത്തിനെല്ലാം ;
വാടാതെ ലക്ഷ്മി ജലജങ്ങളിൽ വന്നുചേർന്നു ;
പാടേ തെളിഞ്ഞു സലിലങ്ങൾ ജഗത്തിലെങ്ങും. 1

കാറെന്ന പേരൊടു കനത്തു കിടന്നിരുന്ന
ചേറങ്ങു നീങ്ങി മുഴുവൻ ഗഗനത്തിൽനിന്നും ;
താരാപഥത്തിലഴകോടു ചരിച്ചിടുന്ന
താരേശപാദമതി നിമ്മലമായിരുന്നു. 2

ഓരായിരം കിരണമുള്ള ദിവാകരന്റെ
ഘോരാംശുകൊണ്ടു ഭുവനങ്ങൾ തപിച്ചിടുന്നു ;
ധാരാളമായ് വിമലശീതളതോയമുള്ള
നീരാഴികൾക്കു സുഭഗതാഗുണം വളന്നു. 3

വെള്ളപ്പളുങ്കിനെതിരായതിയായ് വിളങ്ങും-
വെള്ളത്തിനുള്ള കൊതികൊണ്ടു ജലാശയത്തിൽ
ഉള്ളിൽ കടന്നു ഗഗനം പ്രതിബിംബമെന്ന-
കള്ളം നടിച്ചു മരുവുന്നു സുരാദിസേവ്യം. 4

കാറങ്ങു നീങ്ങി മുഴുവൻ ഗഗനത്തിൽനിന്നും ;
ചേറെങ്ങുമില്ലവനിയിൽ, പൊടിയില്ല തെല്ലും ;
ചേരുന്നതില്ല തുഹിനം, വിമലം സമസ്തം ;
സാരം നിനയ്ക്കിൽ മലമൊന്നഴൽ ചേപ്പതല്ലോ. 5

തിർണ്ണം വളൎന്നസിതയായ് വിലസുന്നിതുഴി-
പ്പെണ്ണിന്റെ നൽക്കബരിയാം വനരാജിയെല്ലാം;
തൂൎണ്ണം ശരത്സഖിയതിൻ കസുമങ്ങൾ ചേൎത്തു
പൂൎണ്ണപ്രകാശമഴകോടുളവാക്കിടുന്നു. 6

കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

---

## ൧൪. സനാതനൻ.

മൂന്നു വൎഷത്തേയ്ക്കു തീരെ മഴയില്ലാതിരുന്നതി നാൽ, മുൻപു് ഒരിക്കൽ വംഗദേശത്തിന്റെ ദക്ഷിണ ഭാഗം അത്യുഗ്രമായ ക്ഷാമത്തിന്നു് ഇരയായിത്തീൎന്നു. നദികളും തടാകങ്ങളും വററി; ചെടികളും വൃക്ഷങ്ങളും ഉണങ്ങി; പച്ചനിറത്തിലുള്ള ഒരു പുല്ലിന്റെ കൂമ്പു കൂടി ഒരു ദിക്കിലും ഇല്ലാതായി; ഒരു പക്ഷിയുടെ ശബ്ദംപോലും അവിടത്തെ അന്തരീക്ഷത്തെ മധുരമാക്കിയിരുന്നില്ല; മനുഷ്യരും മൃഗങ്ങളും ആഹാരം ലഭിക്കാതെ പ്രതിദിനം മരിച്ചുതുടങ്ങി.

അക്കാലത്തു് ആ പ്രദേശത്തു് സനാതനൻ എന്നു പേരായ ഒരു ബാലൻ ഉണ്ടായിരുന്നു. അവനു് ഒരു മാതാവും സഹോദരനും മാത്രമേ ഉണ്ടായിരുന്നുള്ളു. വയലുകളെല്ലാം ഉണങ്ങിപ്പോയതിനാൽ അവൎക്കു് ഉപജീവനത്തിനു വഴിയില്ലാതായി. ഭക്ഷണസാധനം വാങ്ങുവാൻവേണ്ടി ആദ്യം അവർ ഒരു പശു

ഉണ്ടായിരുന്നതിനെ വിററു. ആഹാരസാധനത്തിന്
അസാമാന്യമായ വിധത്തിൽ വില വർദ്ധിച്ചിരുന്നതി
നാൽ ആ പണം അവക്ക് ഒരു മാസത്തെ ചെലവിനു
മതിയായില്ല. അമ്മയും അനുജനും ക്ഷുത്തുകൊണ്ടു
വലയുന്നതു കണ്ട് സനാതനൻ അത്യധികം വ്യാകുല
നായി. അവൻ എന്തുചെയ്യും! പണം കൊടുത്താൽ
പോലും ഭക്ഷണസാധനം കിട്ടുവാൻ അന്നു പ്രയാസ
മായിരുന്നുവല്ലോ.

ഒരു ദിവസം എവിടെയോനിന്നു കിട്ടിയ നാഴി
അരി ആ ബാലൻ സന്തോഷത്തോടുകൂടി അമ്മയുടെ
കൈയിൽ കൊണ്ടുകൊടുത്തു. ആ പുത്രവത്സല അതു
പാകംചെയ്തു ഭക്ഷണം കഴിക്കുവാൻ സനാതനനേയും
അവൻെറ അനുജനേയും വിളിച്ചു. വിശപ്പുകൊണ്ടു
വിവശനായിരുന്നെങ്കിലും മൂത്തപുത്രൻ ഇങ്ങനെയാ
ണു സമാധാനം പറഞ്ഞതു്: "അമ്മേ, എൻെറ വയറു
തൊട്ടുനോക്കൂ എനിക്ക് ഇന്നു വേണ്ടിടത്തോളം ആ
ഹാരം കിട്ടി. ഉള്ള ചോറ് അമ്മയും അനുജനും കൂ
ടി ഭക്ഷിച്ചാൽമതി." ആ ബാലൻെറ മാതൃസ്നേഹവും
സഹോദരവാത്സല്യവും എത്ര അത്ഭുതകരമാണ്! പ
റഞ്ഞതു പരമാത്ഥമാണ്. എന്നായിരുന്നു മാതാവു്
വിചാരിച്ചതു്.

ആ ദരിദ്രകുടുംബത്തിലെ മൂന്ന് അംഗങ്ങളും ഭി
ക്ഷവാങ്ങി എത്ര ദിവസമാണ് ഉപജീവനം കഴിക്കുക?
ഭയങ്കരമായ ക്ഷാമകാലത്തു് ആരാണു ഭിക്ഷ കൊ
ടുക്കുക ? രണ്ടുമൂന്ന് ആഴ്ചയ്ക്കകം സനാതനൻെറ

സഹോദരൻ പട്ടിണികൊണ്ടു മരിച്ചു. മാതാവു രോഗശയ്യയെ അവലംബിച്ചു. സാധു സനാതനൻ എത്രമാത്രം വിഷാദിച്ചിരിക്കും എന്നു നമുക്ക് ഊഹിക്കാമല്ലോ.

അശരണയായ മാതാവിനെയെങ്കിലും രക്ഷിയ്ക്കണമെന്നു വിചാരിച്ചു സ്നേഹവാനായ ആ ബാലൻ അഞ്ചും എട്ടും നാഴിക നടന്നു നാഴി അരിയോ രണ്ടുമൂന്നു അപ്പക്കഷണമോ സമ്പാദിച്ച് ഒരു പൊടിപോലും ഭക്ഷിക്കാതെ മടങ്ങിവന്നു മാതാവിനു കൊടുക്കുകയായിരുന്നു പതിവ്. വഴിക്കു വല്ല കാട്ടിലും ചെന്നു കാരക്കായും മററും പറിച്ചുതിന്നാണ് അവൻ ക്ഷുത്ത് അടക്കിയിരുന്നതു്. രോഗിണിയായ ജനനി അതൊന്നും അറിഞ്ഞിരുന്നില്ല. പുത്രനും വല്ലതും ഭക്ഷിക്കുന്നുണ്ടായിരിക്കുമെന്നാണ് ആ വത്സല്യവതി വിചാരിച്ചിരുന്നതു്.

അങ്ങനെ കുറെ ദിവസം കഴിഞ്ഞു. മാതാവിൻെറ ആധിയും വ്യാധിയും വർദ്ധിച്ചുവന്നു. അംഗാവസാദം നിമിത്തം പതിവുപോലെ വളരെദൂരം നടന്നു വല്ലതും കിട്ടുമോ എന്നു നോക്കുവാൻ സനാതനനും ശക്തിയില്ലാതായി. എന്നിട്ടും നിഷ്കളങ്കമായ മാതൃസ്നേഹത്താലും, സഹോദരസ്നേഹത്താലും, പ്രേരിതനായ ആ ബാലൻ ഭിക്ഷാടനത്തിനു പോകാതിരുന്നില്ല. ആ സമയത്തു കുടിൽകൂടി ഇല്ലാത്ത ഒരു ദരിദ്ര പാതവക്കത്തു് ഇരുന്നു കുറച്ചു ഭക്ഷണം പാകം ചെയ്യുന്നതു് അവൻ കണ്ടു. വിശപ്പും ദാഹവുംകൊണ്ടു് ഒരടി നടക്കുവാൻ

ശക്തി ഇല്ലാതിരുന്ന ആ കുട്ടി ഒരു വിധത്തിൽ ആ സ്ത്രീയുടെ സമീപത്തു ചെന്നു ഗൽഗദത്തോടുകൂടി ഇങ്ങനെ അപേക്ഷിച്ചു: "അമ്മേ, മൂന്നു ദിവസമായി ഞാൻ എന്തെങ്കിലും കഴിച്ചിട്ട്: എന്റെ ദേഹം തളരുന്നു; വയറു പൊരിയുന്നു; ഒരുപിടി ചോറു തരണേ ?"

ആ ദീനദീനമായ അപേക്ഷ കേട്ടാൽ ആർക്കാണ് അനുകമ്പ ജനിക്കാതിരിക്കുക! ഗുണവതിയായ ആ ദരിദ്ര പകുതി വെന്ത ഭക്ഷണസാധനത്തിൽനിന്നു കുറച്ചെടുത്ത് ആ കൊച്ചുയാചകനു കൊടുത്തു. കുട്ടി അതു മുഴുവൻ ഉടൻ ഭക്ഷിക്കുമെന്നായിരുന്നു ആ ഉദാര വിചാരിച്ചതു്. പക്ഷേ, ക്ഷുത്തു് അടക്കാൻ നിവൃത്തിയില്ലാതെ ആസന്നമരണയായി കിടന്നിരുന്ന അമ്മയ്ക്കു കൊടുക്കുവാൻവേണ്ടി അതു കീറത്തുണിയിൽ കെട്ടി കൊണ്ടുപോകുന്നതു കണ്ടപ്പോൾ ആ സ്ത്രീയുടെ കണ്ണിൽ വെള്ളം നിറഞ്ഞുപോയി.

ആ പ്രദേശത്തുനിന്നു സനാതനന്റെ ഗൃഹത്തിലേയ്ക്കു രണ്ടു നാഴിക ദൂരമുണ്ടായിരുന്നു. പ്രിയ ജനനിയെപ്പററിയുള്ള വിചാരംകൊണ്ട്, തന്റെ വിശപ്പും ദാഹവും വകവയ്ക്കാതെ അര നാഴികയോളം അവൻ നടന്നു. പിന്നെ ഒരടിപോലും വയ്ക്കുവാൻ ആ കുട്ടിയുടെ ക്ഷീണങ്ങളായ പാദങ്ങൾ ശക്തങ്ങളായില്ല. അവൻ പാതവക്കത്തു് ഒരു ഉണങ്ങിയ മരത്തിന്മേൽ ചാരി ഇരുന്നു. കൈയിൽ ഉണ്ടായിരുന്ന ആഹാരസാധനത്തിൽനിന്ന് അല്പമെടുത്തു ഭക്ഷിച്ചെ

കിലോ എന്ന് ആ കുട്ടിക്കു തോന്നാതിരുന്നില്ല. അമ്മ പട്ടിണികിടന്നു മരിക്കാറായിരിക്കുമ്പോൾ അങ്ങനെ ചെയ്യുന്നതു് ഉത്തമനായ പുത്രന് ഉചിതമായ കർമ്മമല്ലെന്നു അവനു തോന്നി. നാലഞ്ചു നിമിഷത്തിനകം ആ സാധുബാലൻ തലതിരിഞ്ഞു മൂർച്ഛിച്ചു വീഴുകയും ചെയ്തു. ആ മോഹാലസ്യത്തിൽനിന്നു അവൻ പിന്നീട് ഒരിക്കലും ഉണരുകയുണ്ടായില്ല.

ആദിത്യൻ അസ്തമിച്ചു. ക്ഷാമപീഡിതമായ ആ പ്രദേശത്തിന്റെ ഭയങ്കരത അന്ധകാരത്താൽ അദൃശ്യമായി. സനാതനൻ അപ്പോഴും നിശ്ചേഷ്ടനായി കിടക്കുകയായിരുന്നു.

പാതവക്കത്തുവച്ചു ഭക്ഷണം പാകം ചെയ്തിരുന്ന ആ സ്ത്രീ, അടുത്തദിവസം പ്രഭാതത്തിൽ, ആ വഴിയെ കടന്നുപോയി. അപ്പോൾ ആണ് അവിടെ മരിച്ചു കിടക്കുന്ന സനാതനനെ കാണുവാൻ ഇടയായതു്. കൈയിലുണ്ടായിരുന്ന ഭക്ഷണസാധനം മരണസമയത്തുപോലും ഭക്ഷിക്കാതെ മാതാവിനുവേണ്ടി കരുതിവച്ച ആ ബാലന്റെ കഥ ആ സ്ത്രീ കണ്ണുനീരോടുകൂടി പറയുന്നതു കേൾക്കുവാൻ, ചെല്ലുന്ന ദിക്കിലെല്ലാം ജനങ്ങൾ തിക്കിത്തിരക്കി കൂടി. എല്ലാവരും ബാഷ്പാർദ്രങ്ങളായ നയനങ്ങളോടുകൂടി സനാതനന്റെ ചരിത്രം കേട്ടുനിന്നു.

## ൧൫. വില.

ആഹാരത്തിന് അരി, ശരീരാച്ഛാദനത്തിനു വസ്ത്രം, ഇങ്ങനെ പല പദാൎത്ഥങ്ങളും നാം വാണിജ്യസ്ഥലങ്ങളിൽനിന്നോ മറേറാ വാങ്ങുക പതിവുണ്ടല്ലൊ. അവയ്ക്കു പകരം കൊടുക്കുന്ന പണത്തിനാണു നാം സാധാരണമായി വില എന്നു പറയുന്നതു്. ഇതിൽനിന്ന് ഒരു സാധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുമ്പോൾ അതിനു പകരമായി കൊടുക്കുകയോ വാങ്ങുകയോ ചെയ്യുന്ന പണമാണു വില എന്നാണല്ലോ മനസ്സിലാകുന്നതു്. എന്നാൽ ഗ്രാമങ്ങളിൽ നാണ്യത്തിന്റെ സഹായം കൂടാതെതന്നെ പദാൎത്ഥവിനിമയത്തിന്റെ രൂപത്തിൽ വ്യാപാരം നടക്കുന്നുണ്ട്. നെല്ല്, നാളികേരം മുതലായ സാധനങ്ങൾ പരസ്പരം കൈമാററം ചെയ്യുന്നതുകൊണ്ട് ഒരു സാധനത്തിന്റെ വില എല്ലായ്പോഴും നാണ്യത്തിന്റെ രൂപത്തിൽ ആയിരിയ്ക്കണം എന്നു നിൎബ്ബന്ധമില്ലെന്നു വിശദമാണല്ലൊ.

വാസ്തവത്തിൽ വില രണ്ടു വസ്തുക്കൾക്കു തമ്മിലുള്ള താരതമ്യമാകുന്നു. ഒരു പറ നെല്ലു കൊടുത്താൽ മൂന്നിടങ്ങഴി എണ്ണ കിട്ടുമെങ്കിൽ മൂന്നിടങ്ങഴി എണ്ണയ്ക്ക് ഒരു പറ നെല്ലു വിലയാണെന്നു പറയാം. അതുപോലെതന്നെ ഒരു പറ നെല്ലിന്റെ വില മൂന്നിടങ്ങഴി എണ്ണയാണെന്നും കണക്കാക്കാവുന്നതാണു്.

സാധനങ്ങൾക്കു വില കൂടുകയും കുറയുകയും ചെ

യ്യുന്നതിന് എന്താണു കാരണം ? രണ്ടു പറ നെല്ലു കൊടുത്താൽ ഒരു പറ ഉപ്പു കിട്ടുന്ന ഒരു കാലമുണ്ടായിരുന്നു എന്നു സങ്കല്പിക്കുക ഉപ്പ് ദുല്ലഭമാവുകയോ, നെല്ലു സുലഭമായിത്തീരുകയോ ചെയ്യുന്നപക്ഷം ഈ താരതമ്യത്തിൽ ഭേദഗതി വരും. അപ്പോൾ ഒരു പറ ഉപ്പിനു രണ്ടുപറയ്ക്കുപകരം മൂന്നോ നാലോ പറ നെല്ലു കൊടുക്കേണ്ടിവന്നേക്കാം. ഇങ്ങനെ സംഭവിക്കുന്നതിനു മേല്പറഞ്ഞ രണ്ടു കാരണങ്ങളും ഒരുപോലെ ബാധകമാകയാൽ എല്ലാ സാധനങ്ങൾക്കും ഒരേ നിലയിൽ ഏകസമയത്തു വില കൂടുക ഒരിക്കലും സാംഭാവ്യമല്ലെന്നു വ്യക്തമാണല്ലൊ.

പദാത്ഥങ്ങൾക്കു വിലയുണ്ടായിരിപ്പാനുള്ള കാരണങ്ങൾ ഉപയോഗവും പ്രയത്നവും ആകുന്നു; പ്രായേണ വിലയുള്ള സാധനങ്ങൾക്കെല്ലാം ഈ രണ്ടു ലക്ഷണങ്ങളുമുണ്ടായിരിക്കും. നിരുപയോഗമായ വസ്തു ആരും മൂല്യംകൊടുത്തു വാങ്ങുകയില്ല ഉപയോഗമുള്ള പദാത്ഥങ്ങളിൽതന്നെ ചിലതിനു ക്രയവിക്രയയോഗ്യതയില്ലെന്നു സാരം. വായു ഏററവും ഉപയോഗമുള്ള വസ്തുവാണെങ്കിലും ആരും അതു വിലകൊടുത്തു വാങ്ങുന്നില്ല. ആ പദാത്ഥം മനുഷ്യപ്രയത്നം കൂടാതെ സിദ്ധിക്കുന്നതുതന്നെയാണ് അതിനു കാരണം. അതുപോലെതന്നെ, പ്രയത്നം അധികമാണെങ്കിലും ഉപയോഗത്തെ സംബന്ധിച്ചിടത്തോളം വിശേഷമൊന്നുമില്ലെങ്കിൽ വസ്തുവിനു വില വദ്ധിക്കുന്നില്ല. ഒരു ചക്കയിടുവാൻ പിലാവിന്റെ നാരായക്കൊമ്പിൽ കയറി ഒരുവൻ

വളരെ കഷ്ടപ്പെട്ടവെന്നിരിക്കട്ടെ. അതുനിമിത്തം ആ സാധനത്തിനു വില കൂടുതൽ കിട്ടുമോ ? അതിനും അ ശേഷം ബുദ്ധിമുട്ടാതെ കൊണ്ടുവരുന്ന ചക്കയ്ക്കും ഉപ യോഗത്തെ സംബന്ധിച്ചിടത്തോളം ഭേദമില്ലല്ലൊ. ആകയാൽ ഉപയോഗം, പ്രയത്നം ഈ ധമ്മങ്ങളെ യാണു സാമാന്യമായി ഒരു വസ്തുവിൻെറ മൂല്യം ആശ്ര യിച്ചിരിക്കുന്നതു് എന്നു് അനുമാനിക്കാം.

ഒരു സാധനം ഉണ്ടാക്കുന്നതിനു് വേണ്ടുന്ന മൂലധ നവും പ്രയത്നവും അതിൻെറ വിലയ്ക്കു കാരണമാണു്. പഞ്ഞിയേക്കാൾ വസ്ത്രത്തിനു വില വളരെ കൂടുവാൻ കാരണം അതാകുന്നു നൂൽ നൂൽക്കുക, നെയ്യുക മുത ലായ വേലകൾ നടത്തുവാൻ വേണ്ടുന്ന യന്ത്രങ്ങൾ വാ ങ്ങാൻ വിനിയോഗിച്ചിട്ടുള്ള മൂലധനത്തിൻെറ ആദാ യത്തിൽ ഒരംശവും വേലക്കാരുടെ കൂലിയും വസ്ത്രത്തി ൻെറ വിലയിൽ അടങ്ങുന്നുണ്ടു്. ഇങ്ങനെയുള്ള ചെ ലവുകളും ഉടമസ്ഥൻെറ ആദായവും കൂടിയതാണു പദാ ത്ഥത്തിൻെറ വില.

ആവശ്യവും വിലയ്ക്കു മാററം വരുത്തും. ആവശ്യ ക്കാർ ധാരാളവും സാധനം ദുല്ലഭവും ആയി വരു മ്പോൾ അതിനു വില വദ്ധിക്കുക സാധാരണമാണ ല്ലൊ. ആവശ്യം ചുരുക്കവും സാധനം സുലഭവും ആ കുമ്പോൾ നേരെ മറിച്ചും വരും. ഇതിൽനിന്നു് ആ വശ്യമാണു് വിലയേയും പദാത്ഥനിമ്മാണത്തേയും നിയന്ത്രിക്കുന്നതെന്നു വിശദമാകുന്നു.

മററു വിധത്തിൽ ഉണ്ടാക്കുവാൻ നിവൃത്തിയി

ല്ലാത്ത സാധനങ്ങൾ പലപ്പോഴും 'മോഹവില' കൊടുത്തു വാങ്ങാറുണ്ട്. പരേതനും സുപ്രസിദ്ധ ചിത്രകലാനിപുണനും ആയ കിളിമാനൂർ കോയിത്തമ്പുരാൻ രചിച്ചിട്ടുള്ള ഒരു ആലേഖ്യം പലരും ആഗ്രഹിക്കുന്നു പക്ഷം അതിനു വില വൎദ്ധിക്കാതെ തരമില്ലല്ലോ. ആവശ്യക്കാൎക്കു ആ വസ്തുവിലുള്ള ആശയുടെ ആധിക്യം അനുസരിച്ചു് അതിന്റെ മൂല്യം അധികമാവും. അതാണു മോഹവില.

---

## ൬൩. ഈശ്വരപ്രാൎത്ഥന.

"അരുതേതും നിന്റെ ചരിതങ്ങളെങ്ങൾ-
ക്കുരചെയ്യാനയ്യോ! മുകിൽ വൎണ്ണ!

മറകളായും തൽപ്പൊരുളായും പിന്നെ
മറഞ്ഞതല്ലോ നീതാൻ മരുവുന്നു.

ദഹനനായതും തപനനായതും
പവനനായതും പരനേ! നീ.

അവനിയായതും ഗഗനമായതും
അഴകിൽ വാണെഴും പരനേ! നീ.

അരുണനായതും വരുണനായതും
കരുണക്കാതലേ! പരൻ നീയേ;

മദനനായ് ച്ചെന്നു മനതാരിൽനിന്നു
മലിനരാക്കുന്നോൻ ചിലരെ നീ.

അകതാരിൽനല്ലൊരുറവുണ്ടാക്കിനി-
ന്നാഴൽതീർത്തീടുന്നോൻ ചിലൎക്കെല്ലാം ;

സമനായ്മേവുന്ന യമനായ്നിന്നങ്ങു
കുമയ്യൂട്ടീടുന്നോൻ ചിലരെ നീ.

നരകമായൊരു കടൽതന്നിൽനിന്നു
കരയേററീടുന്നോൻ കനിവോടെ.

ചരണതാരിൽ നിന്നടിമയായ് പുക്ക
മരുവുമെങ്ങളിൽ നിനവെന്തോ?

കുസുമംതന്നിലെ മണംപോലെ നിന്നു
ഭുവനെങ്ങളെങ്ങും നിറഞ്ഞോനെ !

കുടികൊൾകെങ്ങൾതൻ മനക്കാമ്പിൽ വന്നു
കുവലയം വെല്ലും നിറത്തോനേ !

മരണമുണ്ടിനി വരുവാനെന്നോർത്തു
പരനേ ! മാഴ്കുന്നു മനമയ്യോ !

കഴൽതൊഴുതെന്നിൽ കനിവുണ്ടാകണം
കരുണക്കാതലേ ! വിരവോടെ.

കമലതന്നുടെ കരതളിർതന്നാൽ
കലിതമായൊരു കഴലെന്നിൽ

വിലസേണം ചെമ്മെ മറവില്ലാതൊരു
മുകുരംതന്നിലെ മുഖംപോലെ.

നെടിയൊരന്തകൻ കെട്ടതായെങ്ങളെ-
ക്കട്ടതായല്ലൊ വന്നണയുന്നു,

കമലക്കൺമുന കനിവോടെങ്ങളോ-
ടണയേണ്ടും കാലമണഞ്ഞുതേ.

പെരുതായുള്ളൊരു ദുരിതവാരിധി
തരണമെങ്ങൾക്കു തരണം നീ

അതിനു നിന്നുടെ ചരണസേവയാ-
മരിയൊരു തോണിയരുളേണം.

അടിമയായ് പുക്കോരിവരെ ഞാനെന്നും
വെടിയുന്നില്ലെന്ന നിനവാലേ

അഴൽ തീർത്തീടും നിൻ കഴലിൽ ചേർപ്പൊരു
കനിവുണ്ടാകണം ഭഗവാനേ !

ചെറുശ്ശേരി.

---

## ൧൭. ശ്രീശങ്കരാചാര്യർ.

ആലുവാ മണൽപ്പുറത്തുനിന്നു പ്രകൃതിമനോഹരമായ പെരിയാറിൽക്കൂടെ ആറുനാഴികയോളം മുകളിലേയ്ക്കു പോയാൽ, നദിയുടെ വടക്കേ കരയിൽ മിന്നി

ത്തിലങ്ങുന്ന പൊൻതാഴികക്കുടങ്ങളോടുകൂടിയ രണ്ടു ക്ഷേത്രങ്ങൾ കാണാം. പൂജ്യപാദരായ ശ്രീശങ്കരാചാര്യരുടേയും ശാരദാദേവിയുടേയും ആരാധനത്തിനു വേണ്ടി നിർമ്മിച്ചിരിക്കുന്ന ആ പുണ്യായതനങ്ങൾ കാലടി എന്ന കുഗ്രാമത്തിലാണു സ്ഥിതിചെയ്യുന്നതു്.

ഒമ്പതാംശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ അവിടെ കൈപ്പിള്ളിയില്ലത്തു ശിവഗുരു എന്നു പ്രസിദ്ധനായ ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. രൂപവതിയും ശീലവതിയുമായ ആര്യാദേവിയായിരുന്നു അദ്ദേഹത്തിന്റെ ധർമ്മപത്നി. ഒരു നല്ല മീമാംസകനും സമ്പന്നനുമായിരുന്ന ശിവഗുരു സഹധർമ്മചാരിണിയോടുകൂടി യഥാവിധി അനേകം യാഗങ്ങൾ ചെയ്തു് കേരളത്തിൽ മാത്രമല്ല ഇതരദേശങ്ങളിൽക്കൂടി അതിപ്രസിദ്ധനായിത്തീർന്നു. വിശിഷ്ടനായ ആ ബ്രാഹ്മണന്നു് വാർദ്ധക്യമായിട്ടും ഒരു പുത്രനുണ്ടായില്ല. തന്നിമിത്തം വ്യാകുലരായ ദമ്പതിമാർ വൃഷഗിരിയിൽചെന്നു ശിവഭജനം തുടങ്ങി. അവർക്കു് ദൈവാനുകൂല്യത്താൽ ജനിച്ച ഏകപുത്രനാണു് മഹാപുരുഷനായ ശ്രീശങ്കരാചാര്യർ.

അദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പററി നമുക്കു ലഭിച്ചിട്ടുള്ള ജ്ഞാനം വളരെ പരിമിതമാണു്. എങ്കിലും ആ മഹാപുരുഷന്റെ ജീവിതത്തെ അധികരിച്ചു മാധവാചാര്യർ രചിച്ചിട്ടുള്ള ശങ്കരവിജയത്തിൽ നിന്നും കേരളത്തിൽ പ്രചാരമുള്ള ഐതിഹ്യങ്ങളിൽ നിന്നും ചിലതെല്ലാം ഊഹിക്കാം. ശങ്കരനുണ്ണിക്കു

മൂന്നു വയസ്സായപ്പോൾ പിതാവു പരലോകം പ്രാപിച്ചു. പിന്നീടു മാതാവിൻെറ രക്ഷയിൽതന്നെ കുമാരൻ വളൎന്നുവന്നു. ഉപനയനം മുതലായ സംസ്കാരങ്ങളെല്ലാം ബന്ധുക്കളുടെ സഹായത്തോടുകൂടി ആ മഹതി യഥാവിധി കഴിപ്പിച്ചു. അല്പകാലത്തിനിടയ്ക്കു് ശങ്കരൻ വേദശാസ്ത്രങ്ങളിൽ അസാമാന്യമായ പാണ്ഡിത്യം സമ്പാദിച്ചുവത്രെ. എന്നാൽ അദ്ദേഹത്തിൻെറ ആദ്യഗുരു ആരാണെന്നു് ഇന്നും അജ്ഞാതമായിരിക്കുന്നതേ ഉള്ളു. അദ്ദേഹത്തിൻെറ കൃതികളിൽനിന്നോ മറ്റോ അതിനെപ്പററി യാതൊരു സൂചനയും ലഭിക്കുന്നില്ല.

ബാല്യംമുതൽക്കുതന്നെ ശ്രീശങ്കരനു് സന്യസിക്കുവാനുള്ള ആഗ്രഹം തുടങ്ങി. വംശവിച്ഛേദത്തിലുള്ള ഭയത്താലും പുത്രവിരഹത്തിൻെറ ദുസ്സഹതയാലും മാതാവു് ആദ്യം അതിനു സമ്മതിച്ചില്ല. അങ്ങനെയിരിക്കെ ഒരിക്കൽ ശങ്കരൻ ചൂൎണ്ണിനദിയിൽ സ്നാനത്തിനിറങ്ങിയപ്പോൾ അതിഭയങ്കരമായ ഒരു മുതല അദ്ദേഹത്തെ പിടിക്കുവാനിടയായി. കരയ്ക്കു നിന്നിരുന്ന മാതാവിനു ഉറക്കെ വിലപിക്കുകയല്ലാതെ എന്തു ചെയ്യാൻ കഴിയും ? ആൎത്തനാദം കേട്ടു സമീപവാസികൾ ഓടിയെത്തി. നദീമദ്ധ്യത്തിൽ ശങ്കരനുണ്ണിയുടെ രൂപം ഒരിക്കൽകൂടി പ്രത്യക്ഷമായി, "അമ്മേ, സന്യസിക്കാൻ അനുവദിക്കണേ. എന്നാൽ ഈ ക്രൂരസത്വം എന്നെ വിടും" എന്നു് ആ ദിവ്യബാലൻ വിളിച്ചു പറഞ്ഞു. ശോകപരവശയായ മാതാവും

തൽക്ഷണം അതിന്ന അനുവാദം നൽകുകയുംചെയ്തു.
അന്നുതന്നെ ശങ്കരൻ ഉചിതനായ ഒരു ഗുരുവിനെ അന്വേഷിച്ചു പരദേശത്തേയ്ക്കു പുറപ്പെട്ടു. മാതാവു സങ്കടപ്പെട്ടു കരയുവാൻ തുടങ്ങി. 'അമ്മ വിചാരിക്കുമ്പോഴ്ം ഞാൻ തിരികെവന്നു കണ്ടുകൊള്ളാമെ'ന്നു പറഞ്ഞു സമാശ്വസിപ്പിച്ച് അദ്ദേഹം യാത്രയായി.



അക്കാലത്തു നമ്മദാതീരത്തു താമസിച്ചിരുന്ന സുപ്രസിദ്ധനായ ഗോവിന്ദാചാര്യരെയാണ് ആ ബാലൻ ഗുരുവായി സ്വീകരിച്ചതു്. സന്യസിച്ചതിനു ശേഷം ജ്ഞാനമാര്ഗ്ഗത്തിൽ വേണ്ടുന്ന അനുഭവങ്ങളെല്ലാം സിദ്ധിക്കുന്നതുവരെ ശങ്കരാചാര്യർ ഗുരുസന്നിധിയിൽത്തന്നെ താമസിച്ചു. അതിനുശേഷം നേരെ ശ്രീ കാശിയിലേയ്ക്കാണു പുറപ്പെട്ടതു്. അവിടെവെ

ച്ച ചെയ്ത മതപ്രസംഗങ്ങളിലും വാദപ്രതിവാദങ്ങളി ലും കേവലം യുവാവായ അദ്ദേഹം പ്രദർശിപ്പിച്ച ജ്ഞാനവൈപുല്യവും ബുദ്ധിവൈഭവവും, വാദപാടവ വുംകണ്ടു ആളുകൾ അമ്പരന്നുപോയി. അതോടുകൂടി ശ്രീശങ്കരാചാര്യരുടെ പേർ ഭാരതഖണ്ഡത്തിലെല്ലാം പ്രസിദ്ധമാവുകയും ചെയ്തു.

ആചാര്യസ്വാമികൾ കാശിയിലെത്തിയ കാല ത്തു് ഉത്തരഭാരതത്തിൽ ഹിന്ദുമതം വളരെ ക്ഷീ ണാവസ്ഥയിലായിരുന്നു. ബുദ്ധമതത്തിനായിരുന്നു അ സാമാന്യമായ പ്രാബല്യം. ഹൈന്ദവസംസ്കാരത്തി ൻെറ പുനരുദ്ധാരണത്തിനു് ആഗ്രഹിച്ചിരുന്ന ശങ്കരാ ചാര്യരുടെ അനന്തരപരിശ്രമം ബുദ്ധമതത്തെ നിഷ്കാ സനം ചെയ്യുന്നതിനും വീണ്ടും ഹൈന്ദവമതത്തെ യഥാസ്ഥാനം പ്രതിഷ്ഠിക്കുന്നതിനും ആയിരുന്നു. ബൗ ദ്ധഭിക്ഷുക്കളെ അദ്ദേഹം വാദത്തിൽ തോല്പിച്ചു. ഐഹികവും പാരത്രികവുമായ ശ്രേയസ്സിനെന്നുപറ ഞ്ഞു് അജമേധവും ഗോമേധവും നടത്തുന്നതു് അനാ ശാസ്യമാണെന്നു മീമാംസകന്മാരെ ഗ്രഹിപ്പിച്ചു. ജ്ഞാനമാർഗ്ഗത്തിൻെറ പരമോൽകൃഷ്ടത യുക്തിയുക്ത മായ വാദംകൊണ്ടു വെളിവാക്കി. അചിരേണ പ ത്മപാദാദികളായ അനേകം ഉത്തമശിഷ്യന്മാർ അദ്ദേ ഹത്തിനുണ്ടായി.

കാശിയിൽവെച്ചാണു സ്വാമികൾ ബ്രഹ്മസൂത്രം, ദശോപനിഷത്തുകൾ, ഭഗവൽഗീത എന്നീ ഗ്രന്ഥ ങ്ങൾക്കു ഭാഷ്യങ്ങൾ നിർമ്മിച്ചതു്. പ്രസ്ഥാനത്രയി എന്ന

പേരിൽ പ്രഖ്യാതമായിട്ടുള്ള ഈ മൂന്നു ഗ്രന്ഥങ്ങൾക്കും ഭാഷ്യം നിർമ്മിച്ചവരെ മാത്രമേ അക്കാലത്തു ജനങ്ങൾ മഹാപണ്ഡിതന്മാരായി കരുതിയിരുന്നുള്ളു. സ്വാമികൾ ആ കൃത്യം എത്രമാത്രം പ്രശംസാർഹമായ വിധത്തിലാണു നിർവ്വഹിച്ചിട്ടുള്ളതെന്നതിന് അദ്ദേഹത്തിൻെറ ഭാഷ്യങ്ങൾതന്നെ ദൃഷ്ടാന്തങ്ങളാണ്.

തദനന്തരം ആചാര്യർ നേരെ പ്രയാഗയിൽചെന്നു ബുദ്ധമതവിദ്ധ്വംസകനായ കുമാരിലഭട്ടനെ കണ്ടു. ഇന്ത്യയിലുള്ള പണ്ഡിതന്മാരെ ഒന്നൊഴിയാതെ ജയിക്കുന്നതിന്നാണ് ആചാര്യർ പുറപ്പെട്ടതു്. കുമാരിലഭട്ടൻെറ ശിഷ്യനായ മണ്ഡനമിശ്രനേയും അദ്ദേഹത്തിൻെറ പത്നിയും സാക്ഷാൽ സരസ്വതീദേവിയുടെ അവതാരമെന്ന പ്രശംസയ്ക്കുപോലും പാത്രവും ആയിരുന്ന ഭാരതിയേയും പരാജയപ്പെടുത്തിയതോടുകൂടി സ്വാമികളുടെ ദിഗ്ജയപരിശ്രമം സാധിതപ്രായമായി. പരാജിതനായ മണ്ഡനമിശ്രൻ അദ്ദേഹത്തിൻെറ ശിഷ്യനായിത്തീൎന്നു.

ദിഗ്ജയംചെയ്തു ശൃംഗേരിയിലെത്തിയ കാലത്താണ് ആസന്നമരണയായ ജനനി തന്നെ സ്മരിക്കുന്നുണ്ടെന്ന് ആ ദിവ്യന്റെ മനസ്സിലായതു്. ഉടനെ അദ്ദേഹം ജന്മദേശത്തുചെന്നു മാതാവിനെ സന്ദൎശിച്ചു. സന്ന്യാസിക്കു ശേഷക്രിയ ചെയ്യാൻപാടില്ലെന്നു ശാസ്ത്രം ശാസിക്കുന്നതിനാൽ കേരളബ്രാഹ്മണരാരും ആ മഹതിയുടെ ശവസംസ്കാരത്തിനു ശങ്കരാചാര്യരെ സഹായിക്കുകയുണ്ടായില്ല. അദ്ദേഹം നായന്മാരുടേയും മററും

സഹായത്തോടുകൂടി ഇല്ലപ്പറമ്പിൽ വച്ചുതന്നെയാണ് അതെല്ലാം നിൎവ്വഹിച്ചത്.

പിന്നെയും ആചാൎയ്യർ ദേശസഞ്ചാരത്തിനു പുറപ്പെട്ടു. അക്കാലത്താണു കാശ്മീരത്തിൽ ചെന്നു സൎവ്വ പണ്ഡിതന്മാരേയും പരാജിതരാക്കി സൎവ്വജ്ഞപീഠാരോഹണംചെയ്തതു്

ഹൈന്ദവസമുദായത്തിന്റെ ശ്രേയസ്സിനും മതത്തിന്റെ പ്രതിഷ്ഠയ്ക്കുമായി ഏതാനും സന്യാസിമഠങ്ങൾ സ്ഥാപിക്കുകയായിരുന്നു ആ മഹാപുരുഷന്റെ അനന്തരകൃത്യം. ശൃംഗേരിയിൽ ഒരു മഠം മുൻപുതന്നെ സ്ഥാപിച്ച് അതിന്റെ ആധിപത്യം ശിഷ്യനായ സുരേശ്വരാചാൎയ്യരെ ഏല്പിച്ചിരുന്നു. അതിനു പുറമെ ജഗന്നാഥം, ദ്വാരക, ബദരീനാഥം ഈ സ്ഥലങ്ങളിലും ആചാൎയ്യർ ഓരോ മഠം സ്ഥാപിച്ചു, പ്രധാന ശിഷ്യന്മാരായ തോടകാചാൎയ്യർ, ഹസ്താമലകൻ, പത്മപാദൻ എന്നിവരെ യഥാക്രമം അധിപതികളായി വാഴിച്ചു.

ശ്രീശങ്കരൻ കേരളത്തിലേയ്ക്കു മടങ്ങി തൃശ്ശിവപേരൂർ താമസിക്കുന്ന കാലത്തു സായൂജ്യം പ്രാപിച്ചുവെന്നാണു വിശ്വസിച്ചുവരുന്നതു്. ആധുനികകാലത്തെ സന്യാസിവൎയ്യന്മാരിൽ അഗ്രഗണ്യനായ ആചാൎയ്യ വാസ്വാനി, ശങ്കരാചാൎയ്യർ മനുഷ്യപ്രതിഭയുടെ മാനദണ്ഡമാണെന്നു പ്രശംസിച്ചിട്ടുണ്ടു്.

## ൨൰൮. കമ്പിയില്ലാക്കമ്പി.

ശാസ്ത്രം അഭിവൃദ്ധിപ്പെട്ടു തുടങ്ങിയതോടുകൂടി ദൂരം ലോകത്തിൽനിന്നു മറഞ്ഞുതുടങ്ങിയിരിക്കുന്നു. പണ്ട്, ഇക്കാലത്തുള്ളതുപോലെ അതിവേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങളോ, വാൎത്താനിവേദനസൌകൎയ്യങ്ങളോ ഇല്ലായിരുന്നു. തൽഫലമായി ഓരോ രാജ്യക്കാൎക്കും പുറമെയുള്ള ലോകത്തെപ്പററി ഗണ്യമായ അറിവും ഉണ്ടായിരുന്നില്ല. എന്നാൽ, ഇന്നോ, ആറായിരത്തിലധികം നാഴിക അകലെ കിടക്കുന്ന ഇംഗ്ലണ്ടിൽനിന്ന് ആരെങ്കിലും സംസാരിച്ചാൽ അതേ ശബ്ദത്തിൽതന്നെ നമുക്കു കേൾക്കുവാൻ കഴിയും. കമ്പിയില്ലാക്കമ്പിമൂലമാണ് അതു സാധിക്കുന്നതു്.

ജലതരംഗങ്ങളെപ്പോലെതന്നെ വിദ്യുച്ഛക്തിതരംഗങ്ങളുമുണ്ടെന്നും അവയെ ഇളക്കിവിട്ടാൽ നിമിഷത്തിൽ 1,86,000 നാഴിക വേഗത്തോടുകൂടി സഞ്ചരിക്കുമെന്നും 19-ാം നൂററാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന മാക്സ്‌വെൽ എന്ന ശാസ്ത്രജ്ഞൻ പരീക്ഷണങ്ങൾ നടത്തി മനസ്സിലാക്കി. ഏതാനും വൎഷങ്ങൾക്കുശേഷം ഈ തത്ത്വത്തെ ആസ്പദമാക്കിയിട്ടാണ് ഇററലിയിലെ സുപ്രസിദ്ധശാസ്ത്രജ്ഞനായ സിഗ്നോർ മാൎക്കോണി കമ്പിയില്ലാക്കമ്പി കണ്ടുപിടിച്ചതു്.

കുളത്തിലെ അനക്കമില്ലാത്ത വെള്ളത്തിലേയ്ക്കു് ഒരു കല്ല് എറിയുക. കല്ലു വീണിടത്തുനിന്നു ജലതരംഗങ്ങൾ വലയാകൃതിയിൽ ക്രമേണ വലുതായി കുളത്തി

ൻെറ വക്കത്തുചെന്നു മുട്ടുന്നതു കാണാം. കല്ലാണു് വെള്ളത്തിൽ ഇളക്കമുണ്ടാക്കുന്നതു്. ആ ചലനം തരംഗങ്ങളെ ഇളക്കി വിടുന്നു. അവയുടെ സഞ്ചാരത്തിന്നു കുളത്തിലെ വെള്ളമാണു് ആധാരം.

നാം മണിയടിക്കുമ്പോൾ അതിൻെറ നാക്കു് അങ്ങോട്ടും ഇങ്ങോട്ടും ആടുന്നു. മണിയുടെ ചുററും ഉള്ള അന്തരീക്ഷത്തിൽ വായു നിറഞ്ഞിരിക്കുന്നതിനാൽ നാക്കിൻെറ ആട്ടം വായുമണ്ഡലത്തിൽ ചലനമുണ്ടാക്കുകയും ശബ്ദതരംഗങ്ങളെ ജനിപ്പിക്കുകയും ചെയ്യുന്നു. ഈ തരംഗങ്ങൾ നമ്മുടെ കർണ്ണഭേരിയിൽ വന്നു് അടിക്കുമ്പോഴാണു് നാം മണിനാദം കേൾക്കുന്നതു്. ശബ്ദതരംഗങ്ങളുടെ സഞ്ചാരത്തിനു വായുമണ്ഡലമാണു് ആധാരം. ഇത്രമാത്രമാണു് ജലതരംഗങ്ങൾക്കും ശബ്ദതരംഗങ്ങൾക്കും ഉള്ള വ്യത്യാസം. ജലതരംഗങ്ങളെപ്പോലെതന്നെ, ശബ്ദതരംഗങ്ങളും വായുമണ്ഡലത്തിൻെറ നാനാഭാഗത്തും ഒരുപോലെ വ്യാപിക്കുന്നു. ഇവയ്ക്കു് ഒരു നാഴിക സഞ്ചരിക്കുവാൻ 5 നിമിഷം വേണം.

ജലതരംഗങ്ങളെപ്പോലെയും ശബ്ദതരംഗങ്ങളെപ്പോലെയും വൈദ്യുതതരംഗങ്ങൾക്കു സഞ്ചാരത്തിന്നു് ഒരു പ്രത്യേകമായ ആധാരം ആവശ്യമില്ല. ഓരോ പരമാണുവിൻേറയും ഇടയ്ക്കു ഉള്ളതായി വിശ്വസിക്കുന്ന 'ഈതർ' എന്ന പദാർത്ഥത്തിൽക്കൂടി അതിന്നു കാടുകളേയും മേടുകളേയും തരണംചെയ്തു വെളിച്ചത്തിൻെറ വേഗത്തോടുകൂടി സഞ്ചരിക്കുവാൻ സാധിക്കും.

ഇംഗ്ലൻഡിലെ പാർലിമെൻറു മന്ദിരത്തിൽവെച്ചു പ്രധാനമന്ത്രി പ്രസംഗിക്കുകയാണെന്നു വിചാരിക്കുക. അദ്ദേഹത്തിൻെറ സംസാരത്തിൽനിന്നു ജനിക്കുന്ന ശബ്ദതരംഗങ്ങളെ, വിദ്യുച്ഛക്തി പ്രയോഗിച്ചിട്ടുള്ള ഒരു പ്രത്യേകയന്ത്രത്തിൻെറ സഹായംമൂലം വൈദ്യുതതരംഗങ്ങളായി മാററുവാൻ സാധിക്കും. ഉടനെ ആ വൈദ്യുതതരംഗങ്ങൾ വായുമണ്ഡലത്തിൽക്കൂടി അതിവേഗത്തിൽ നാനാഭാഗത്തേയ്ക്കും സഞ്ചരിക്കും. അവയിൽ ചിലതു മദിരാശിയിലും എത്തുന്നതാണല്ലോ. ഉടനെ മറെറാരു യന്ത്രത്തിൻെറ സഹായത്തോടുകൂടി ആ വൈദ്യുതതരംഗങ്ങളെ വീണ്ടും ശബ്ദതരംഗങ്ങളായി മാററുകയാണു ചെയ്യുന്നതു്. അപ്പോൾ പ്രധാനമന്ത്രിയുടെ പ്രസംഗം വ്യക്തമായി കേൾക്കാം. വൈദ്യുതതരംഗങ്ങൾ നിമിഷത്തിൽ 1,86,000 നാഴിക ദൂരം സഞ്ചരിക്കുന്നതുകൊണ്ടു് ഇതെല്ലാം ഒരു നിമിഷത്തിൻെറ എത്രയോ ചെറിയ ഭാഗത്തിനിടയിലാണു് നടക്കുന്നതു്.

ലണ്ടനിൽ പ്രധാനമന്ത്രി സംസാരിക്കുന്ന സ്ഥലത്തു നമുക്കു രണ്ടുതരം യന്ത്രങ്ങൾ ആവശ്യമുണ്ടു്. ഒന്നു് പ്രധാനമന്ത്രിയുടെ സംസാരത്താൽ വായുവിൽ ഉണ്ടാകുന്ന ശബ്ദതരംഗങ്ങളെ വൈദ്യുതതരംഗങ്ങളാക്കി മാററുവാനും മററതു് അവയെ വായുമണ്ഡലത്തിൽ സ്വതന്ത്രമായി വിതരണം ചെയ്യുവാനുമാണു്. മദിരാശിയിൽ ആ വൈദ്യുതതരംഗങ്ങളെ ശബ്ദതരംഗങ്ങളാക്കി മാററുവാനുള്ള ഒരു ഉപകരണംമാത്രമേ ആവശ്യമുള്ളു.

ഇന്ത്യയിൽ ബോംബെയിലും, ഡെൽഹിയിലും. അലഹബാദിലുംഇത്തരം യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

---

## ൧൯. ദ്വാരക.

ഇപ്പാരിലില്ലിന്നീവണ്ണമൊരു മഹാരാജധാനി,
മുപ്പാരിലുമില്ല, മന്യേ മുകുന്ദപാദം.

അല്പമില്ലാഞ്ഞതുവിിങ്കൽ പോയി വസുദേവൻ
ചിൽപുരുഷനോടുകൂടിപ്പരമപദം.

പശ്ചിമപയോധിയുടെ നടുവിന്നാഭരണമാം
കശ്ചന പൊന്നുന്തുരുത്തുമതിന്റെ മീതെ

ദൃശ്യാവനനഗരിയെ നാണിപ്പിച്ച രത്നപുരി
നിശ്ചലമായിട്ടുനിന്ന നിലയുമോർപ്പൂ.

ഭാഗവതിയായ പുരി പൊക്കംകൊണ്ടു നഭസ്സിന്റെ
ഭാഗത്തേയുമതിക്രമിച്ചനേകം കാലം

ഭോഗവതി പുരിയുടെ തലയിലിരുന്നപോലും,
ഭോഗിശായിയോടുകൂടിപ്പോകയും ചെയ്തു.

ചുററുമംബരം ചുംബിക്കും പൊന്നുംപുറക്കോട്ടയ്ക്കു-
ത്തൊററരത്നക്കൽത്തളം ചെയ്തിരിക്കമൂലം

മുററമെല്ലാം മിന്നങ്ങീട്ടുതെററിത്തെള്ളതെളെ മിന്നും;
മുററുമെവിടെയുമാക്കും കണ്ണാടി കാണാം!

മുകളിലാകാശം മുട്ടമകമതില്ലകടേയും
മുകപ്പുകടേയുമെണ്ണം ഗണിച്ചുക്കൂടാ !

മുകുന്ദന്റെ പാദമെന്റെ മനോമയമായിരിക്കും
മുകുരത്തിൽ കണ്ടപോലെ പറഞ്ഞുകൂട്ട.

സാലംതോറും നന്നാലു ഗോപുരങ്ങളുണ്ടത്രയല്ല
സാലംകാരപുരദ്വാരങ്ങളുടെ നേരെ

നാലുദിക്കിലോട്ടമോരോ മഹാമാറ്ഗ്ഗങ്ങളുണ്ടതിൻ-
നാലിന്റേയും പാശ്വങ്ങളിലാപണങ്ങളും ;

അങ്ങാടികളിലൊക്കെയുമാലയങ്ങളിലൊക്കെയും
മങ്ങിടാതെ മഹാലക്ഷ്മിയുടെ കടാക്ഷം

തങ്ങിടുകകൊണ്ടു ധനധാന്യാദികൾക്കിടംപോരാ,
പൊങ്ങിടുന്ന നാനാമണി ഹേമാദികൾക്കും !

ഇന്ദിര രണ്ടെണ്ണായിരത്തെട്ടായിട്ടിരുന്നരുളും
മന്ദിരങ്ങളുമത്രയുമുണ്ടെന്നുവയ്പൂ.

നന്ദഗോപാംപുത്രമിത്രപൗത്രാദിഗൃഹഗണന്നം
ദന്ദശൂകേശനുമെളുതല്ല നിണ്ണയം !

പ്രദ്യോതനകോടിപ്രകാശന്മാരായി വിളങ്ങീടും
പ്രദ്യുമ്നാനിരുദ്ധാദിസത്മങ്ങളും സദാ

മദ്യമത്തനാകും മാധവാഗ്രജന്റെ മന്ദിരവും
വിദ്യാവൃദ്ധനാമുദ്ധവരുടെ ഗൃഹവും

സാത്യകി കൃതവൎമ്മാദി മഹാരഥന്മാരുടേയും
സാതചത സംഘത്തിന്റേയും, കുടികോടികൾ.

സാദ്ധ്യ സംഖ്യാദികളെല്ലാം സഹസ്രാന്തസഹസ്രവും
സാദ്ധ്യാസത്തെഗ്ഗമിച്ചിട്ട മടങ്ങിവാങ്ങും ;

ചിന്മയന്റെ പുരിക്കുള്ളിൽ ഗൃഹമില്ലാതിടമില്ല,
പൊന്മയമല്ലാതെയില്ല ഗൃഹത്തിലെങ്ങും ;

നിൎമ്മലമായ പൂങ്കാവും പൊയ്കയും വേണ്ടുന്നതെല്ലാം
നന്മാലയംതോറും വെവ്വേറെയുണ്ടെല്ലാൎക്കും.

ജ്യേഷ്ഠനെ മുൻപിട്ട ചെല്ലും പ്രപഞ്ചപ്പെരുമാളുടെ
കോട്ടയ്ക്കകത്തകപ്പെട്ട പുരുഷന്മാൎക്കും,

കേട്ടാലും പുരസ്ത്രീകൾക്കും കരിതുരഗാദികൾക്കും,
വാട്ടംവിട്ട വസിപ്പാനിപ്പാരിടം പോരാ!

രാമപുരത്തു വാര്യർ.

---

## ൨൦. ക്ഷയം.

രോഗങ്ങളുടെ രാജാവായിട്ടാണ് പൗരസ്ത്യന്മാർ ക്ഷയത്തെ ഗണിച്ചിരുന്നത്. അതുകൊണ്ട് ഈ വ്യാധിക്ക് അവർ 'രാജയക്ഷ്മാവ്' എന്ന നാമധേയം നൽകിയിരിക്കുന്നു. യൂറോപ്പിലും വടക്കേ അമേരിക്കയിലും ഈ രോഗത്താൽ പ്രതിദിവസം അ

ഞ്ഞൂറിലധികം ആളുകൾ മരിക്കുന്നുണ്ടത്രെ! ഇൻഡ്യയിൽ ക്ഷയംകൊണ്ടു മൃത്യുവശഗന്മാരാകുന്ന മന്ദഭാഗ്യന്മാരുടെ സംഖ്യ ഇതിലും എത്രയോ അധികമായിരിക്കണം.

രാജയക്ഷ്മാവു് ഒരു സാംക്രമിക രോഗമാകുന്നു. ഈ രോഗത്തിന്റെ ബീജങ്ങൾ വായിൽക്കൂടിയോ മൂക്കിൽക്കൂടിയോ ആണു് ശരീരത്തിൽ കടന്നുകൂടുന്നതു്. ഭക്ഷ്യപദാർത്ഥങ്ങളിലും പേയദ്രവ്യങ്ങളിലും വായുവിങ്കലും കൂടി രോഗാണുക്കൾ ദേഹത്തിൽ സംക്രമിക്കുന്നു. ശ്വാസകോശങ്ങളെ ബാധിക്കുമ്പോഴാണു് ക്ഷയത്തിന്റെ ഭയങ്കരത പെട്ടെന്നു് അനുഭവപ്പെടുന്നതു്. അസ്ഥികളിലോ ഉദരാവയവങ്ങളിലോ ക്ഷയബീജങ്ങൾ കടന്നു കൂടിയാൽ അത്ര പെട്ടെന്നു് മരണം നേരിട്ടില്ലെന്നു വരാം. എന്നാലും രക്തത്തിൽക്കൂടി രോഗാണുക്കൾ ശ്വാസകോശത്തിലെത്തുകയും വേഗത്തിൽ പ്രാണഹാനി സംഭവിക്കുകയും ചെയ്യാറുണ്ടു്. എല്ലുകൾക്കും തന്മൂലം അംഗങ്ങൾക്കും ക്ഷയരോഗബീജങ്ങളുടെ ബാധയാൽ വക്രതയും വൈരൂപ്യവും പററുകയും സാധാരണമാണു്.

ഈ അണുക്കളെ നശിപ്പിക്കുന്നതു് അസാദ്ധ്യമല്ലെങ്കിലും സുഖസാദ്ധ്യമല്ല. കേവലം വായുവിൽത്തന്നെ ഒരു സംവത്സരത്തോളം കാലം ജീവിക്കുന്നതിനു് ഇവയ്ക്കു കഴിയും. ക്ഷയരോഗി ഒരിടത്തു് തുപ്പിയെന്നു് ഇരിക്കട്ടെ. തുപ്പൽ വററുന്നതോടുകൂടി അതിലുള്ള രോഗാണുക്കൾ നശിക്കുന്നില്ല. വേണ്ടിടത്തോളം

സൂര്യരശ്മി തട്ടുവാൻ ഇടയില്ലാത്തതും ഈറപ്പുള്ളതും ആയ സ്ഥലത്താണെങ്കിൽ രോഗബീജങ്ങൾ സജീവങ്ങളായിത്തന്നെ കുറെക്കാലം കിടക്കും. ശ്വസിക്കുന്ന വായുവിൽക്കൂടി അടുത്തുചെല്ലുന്ന ആളുകളുടെ ശ്വാസകോശത്തിൽ ഈ മരണത്തിൻെറ വിത്തുകൾ എത്തുകയും ചെയ്യും. ഈച്ചകളുടെ കാലുകളിലും ചിറകുകളിലും പററിപ്പിടിച്ച് തുറന്നു വച്ചിരിക്കുന്ന ഭക്ഷണസാധനങ്ങളിൽചെന്നു ചേൻ്ന് അവ ഭക്ഷിക്കുന്നവരുടെ ഉദരത്തിൽ കടന്നു കൂടുകയാണ് ചെയ്യുന്നതെന്നും വരാം. പിന്നീട് രോഗാണുക്കളുടെ വദ്ധന ചിന്താതീതമായ വേഗത്തിലാകുന്നു.

ക്ഷയപീഡിതന്മാരെ സ്പശിക്കുകയോ അവരുടെ സമീപത്തു പോവുകയോ ചെയ്യരുത്. അവരുടെ തുപ്പലും തുപ്പൽപ്പാത്രവും ദഹിപ്പിച്ചു കളയുന്നത് ബീജങ്ങൾ പരക്കാതിരിക്കുന്നതിന്ന് സഹായമായിരിക്കും. അവർ ഉപയോഗിച്ച പാത്രങ്ങൾ കാർബോളികാമ്ലംകൊണ്ടോ അണുധ്വംസകങ്ങളായമററു വല്ല വസ്തുക്കൾകൊണ്ടോ ശുദ്ധമാക്കിയതിനു ശേഷമേ എടുക്കാവു. സൂര്യപ്രകാശവും ശുദ്ധവായുവും പ്രകൃത്യാ തന്നെ ക്ഷയാണുക്കളുടെ ശത്രുവാകുന്നു. അതിനാൽ നിമ്മലമായ വായു ധാരാളം ശ്വസിക്കുന്നതും താമസിക്കുന്ന മുറികളിലും ഗൃഹപരിസരങ്ങളിലും സൂര്യപ്രകാശം കിട്ടുവാൻ തടസ്സമില്ലാതാക്കുന്നതും ഈ രോഗത്തിനെ ജയിക്കുവാൻ സഹായമായിരിക്കും.

പാശ്ചാത്യരാജ്യങ്ങളിൽ പൊതുജനങ്ങൾ സഞ്ച

രിക്കുന്ന വാഹനങ്ങളിലും അവർ സമ്മേളിക്കുന്ന മന്ദിരങ്ങളിലും, വീഥികളിലും തുപ്പിയാൽ വലിയ ശിക്ഷയനുഭവിക്കേണ്ടിവരുംഎന്ന് എഴുതിപ്പതിക്കാറുണ്ട്. രോഗബീജങ്ങൾ പരക്കാതിരിക്കുന്നതിന് വേണ്ടിയാണ് ആരോഗ്യകാംക്ഷികളായ അവർ അപ്രകാരം ചെയ്യുന്നതു്. കടവുകളിലും തെരുവുകളിലും മുററത്തും തുപ്പുകയും, മലിനപദാർത്ഥങ്ങൾ ഇടുകയും, ചെയ്യുന്നവർ ആരോഗ്യനിയമം അറിഞ്ഞോ അറിയാതേയോ ലംഘിക്കുന്നവരാണ്. പ്രകൃതി അവരെ ശിക്ഷിച്ചുകൊള്ളുംഎന്നു സമാധാനിച്ചാൽപോര. ആ നിയമലംഘകന്മാർ സമുദായത്തെ രോഗപീഡിതമാക്കുന്നവരാകയാൽ ദണ്ഡാർഹന്മാരാകുന്നു.

സൂര്യപ്രകാശത്തെ സേവിക്കുക, ശുദ്ധവായു സുലഭമായ തുറന്ന സ്ഥലങ്ങളിൽ സഞ്ചരിക്കുകയും വിശ്രമിക്കുകയും ചെയ്യുക; ശരീരവും, വസ്ത്രാദികളും, വസതികളും, പരിസരങ്ങളും ശുചിയാക്കിവച്ചുകൊണ്ടിരിക്കുക; ഇത്രയുമായാൽ രാജയക്ഷ്മാവു് നിങ്ങളുടെ സമീപത്തേയ്ക്കു വരികയില്ല; സംശയിക്കേണ്ട.

---

## ൨൧. സമയവിനിയോഗം.

"ആമകുംഭാംബുസമാനമായുസ്സുടൻ
പോവതേതും നിരീക്കുന്നതില്ലാരുമേ."

ധാരാളം ധനമുള്ളവർപോലും അമിതവും അനാ

വശ്യവുമായി വ്യയം ചെയ്യുന്നപക്ഷം ഒടുവിൽ വിഷാദിക്കേണ്ടിവരും. ആ സ്ഥിതിക്ക്, വരവു കുറഞ്ഞവർ മിതവ്യയികളായിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. സമയമാണ് ഏററവും വലിയ ധനം. നമ്മുടെ ജീവിതകാലം വളരെ പരിമിതമാകുന്നു. ഏതു നിമിഷത്തിലാണ് അതു് അവസാനിക്കുക എന്ന് ആൎക്കാണു നിശ്ചയിക്കാവുന്നതു്? ബാലന്മാരും യുവാക്കന്മാരും ഈ ദുഃഖജനകമായ സത്യം അറിയാതെ സമയം വൃഥാ വ്യയം ചെയ്യാറുണ്ട്. അവർ, തീൎച്ചയായിട്ടും വാൎദ്ധക്യം വരുമ്പോൾ വ്യസനിക്കേണ്ടിവരും.

അതിനാൽ, ബാല്യകാലത്തിൽത്തന്നെ സമയത്തിന്റെ വിലയെപ്പററി എല്ലാവരും ചിന്തിക്കേണ്ടതാണ്. ഒരു നിമിഷം നാം നിരുപയോഗമാക്കിക്കളഞ്ഞാൽ സുദുല്ലഭമായ ജീവിതത്തിന്റെ വലിയ ഒരു ഭാഗമാണ് വെറുതെ നഷ്ടപ്പെട്ടുപോകുന്നതു് എന്ന് ഓൎമ്മിക്കേണ്ടതാണ്. എന്നാൽ മാത്രമേ, കാലം പ്രയോജനപ്രദമാക്കുവാൻ സാധിക്കുകയുള്ളു. ഈശ്വരഭജനം, ജ്ഞാനസമ്പാദനം, പരോപകാരം, ധനസമ്പാദനം മുതലായി എത്രയെത്ര കൃത്യങ്ങൾക്കാണ് നമുക്ക് സമയം ആവശ്യമുള്ളതു്! എന്നിട്ടും, നാം അതു മരുഭൂമിയിൽ വെള്ളംപോലെ വൃഥാ കളയുന്നതു് ബുദ്ധിപൂൎവ്വമായ പ്രവൃത്തിയാണോ? 'കലസുദീഘം, ജീവിതം അതിഹ്രസ്വം' എന്ന് ഒരു കവി വിഷാദിച്ചിട്ടുണ്ട്.

സമയവിനിയോഗത്തിന്ന് നമുക്കു നിശ്ചിതമായ ഒരു ക്രമവും പദ്ധതിയും ഉണ്ടായിരിക്കണം. ഇംഗ്ലണ്ടിലെ രാജാവ് ആൽഫ്രഡ് എന്ന മഹാൻ ഒരു ദിവസത്തിലുള്ള ഇരുപത്തിനാലു മണിക്കൂറും നിരുപയോഗമാകരുതെന്നു കരുതിയിരുന്നു. അദ്ദേഹം ആ സമയത്തെ മൂന്നു സമഭാഗങ്ങളായി വിഭജിച്ച്, 'പ്രവൃത്തി', 'വിനോദം', 'നിദ്ര' എന്നിവയ്ക്കു വിനിയോഗിച്ചുവന്നു. പ്രവൃത്തി ചെയ്യുന്നവർക്കു മാത്രമേ വിനോദത്തിനും സൈ്വരവിശ്രമമായ നിദ്രയ്ക്കും അർഹതയുള്ളു. അലസമായി കഴിഞ്ഞുകൂടുവാനുള്ളതല്ലാ മനുഷ്യജീവിതം. തനിക്കും മററുള്ളവർക്കും പ്രയോജനകരമായ പ്രവൃത്തിയാണ് ജീവിതത്തിന്റെ മുഖ്യമായ ലക്ഷ്യം ആയിരിക്കേണ്ടത്. "ഒരു ചാൺ തികയില്ല ജീവിതം; വ്യോമംപോലെ വലുതാംതാനും കൃത്യം" എന്ന പരമാത്ഥം വിസ്മരിക്കാവുന്നതല്ല.

## ൨൨. പശ്ചാത്താപം.

തന്മടിത്തട്ടിൽ ചേൎത്തു നെററിയിൽ മുകൎന്നുകൊ-<br>ണ്ടമ്മ കൺമണിയോടു ചോദിച്ചാൾ മധുരമായ്:—

"മന്മനോരാജ്യം പൊന്നിൽ മുക്കിടുമഹർമ്മുഖം<br>നിന്മലരൊളിമുഖം വാടിയതെന്തെൻ വത്സ !

ആരു നിൻ ചുണ്ടിൽനിന്നു കവൎന്നു മന്ദസ്മിത-<br>മാരു ചെന്തളിരിൽനിന്നെടുത്തു നറുംപൈമ്പാൽ ? "

വൃദ്ധവാസരം, തന്റെ ധവളാംബരത്തിന്മേൽ
ബദ്ധകൗതുകം ധൂളി പുരണ്ട കരങ്ങളാൽ

ചായമങ്ങിങ്ങു തേച്ചു സന്ധ്യയെച്ചുംബിപ്പാനായ്
ചായുന്നു നിജാനനം; ഊഴിതന്നങ്കത്തിങ്കൽ

വാരിധിയുരുളുന്നു കരഞ്ഞു കരഞ്ഞന്നോ
വാശിയാ;ലിളംകാററു തൂങ്ങുന്നു മരക്കൊമ്പിൽ.

പൈതലോതിനാൻ: "അമ്മേ ഞാനിന്നു വരുംവഴി
പൈദാഹവിവശനായന്ധനാമൊരു വൃദ്ധൻ

ചില്ലിക്കാശിനു-ലോകർതന്നനുകമ്പാമൃത-
ത്തുള്ളിക്കു-പാത്രംവച്ചു പാതതന്നൊരു വക്കിൽ

വന്നിരിക്കയാണോരോന്നോതിത്തണ്ടല്ലോടൊട്ടി
നിന്നതൻ വയററിൽ കൈ വച്ചുഴന്നല്പപ്രാണൻ!

ദാരിദ്ര്യപ്പുലി തിന്ന കവിളമജ്ജന്തുവിൻ
ക്രൂരമാം നഖമേററ നെററിയും ദയനീയം!

പാഴ്ക്കല്ലാപ്പാത്രത്തിങ്കലിട്ടു ഞാൻ വെറും നേരം-
പോക്കിനു-ഹാ! ദാരിദ്ര്യക്കാരതൻ ചെറുമുള്ളും

മൽക്കരമേററിട്ടില്ലതെങ്ങിനെയറിയുമാ--
മർത്ത്യനുള്ളഴൽ കലം രണ്ടായിപ്പിളന്നുപോയ്.

ചൊല്ലിനാൻ വൃദ്ധൻ നെഞ്ചു പൊടിഞ്ഞു:–"നരക
കല്ലറയ്ക്കടിക്കല്ലു പാകുന്ന മൂഢാത്മാവേ, [ത്തിൻ

എൻചിത്തം പിളൎപ്പതെന്തിന്നതിൻ ശകലത്താൽ
തൻചുമർ വയ്ക്കാനാവാം, നിനക്കു നന്നാവട്ടെ ! "

ഞാനിട്ട കല്ലെൻ ഏതിലാണു വീണതു, ശക്തി-
ഹീനനാമെനിക്കതു ദുർഭരം മഹാഭാരം."

പൈതലേ, നീ താണുപോയ് പാതാളദേശത്തോളം
കൈ തരും പശ്ചാത്താപം കേറുവാനതിൽനിന്നും.

ജി.

---

## ൩൩. പുസ്തകങ്ങൾ.

പകൽ മുഴുവൻ പ്രയത്നിക്കുന്ന ഒരാൾക്കു ഗ്രന്ഥ പാരായണംപോലെ രസാവഹവും വിജ്ഞാനപ്രദവും ആയ ഒരു വിനോദം വേറെ ഉണ്ടോ എന്നു സംശയമാണു്. പ്രയത്നംകൊണ്ടു ദേഹത്തിന്നുമാത്രം ദിനംപ്രതി ആയാസം നൽകിയാൽ പോരാ; ബുദ്ധിക്കും വ്യായാമം കൊടുക്കേണ്ടതാണു്. എന്നാൽ മാത്രമേ ദേഹവും മനസ്സും ഒരുപോലെ അരോഗമായി വളരുകയുള്ളു. ഗ്രന്ഥപാരായണം ഒരാളുടെ മനസ്സിനെ ആഹ്ലാദിപ്പിക്കുന്നു; വിവിധങ്ങളായ സങ്കല്പരംഗങ്ങളിൽക്കൂടി മനസ്സിനെ നയിച്ചു് അഭിലഷണീയങ്ങളല്ലാത്ത പരിസരങ്ങളെ തൽക്കാലത്തേക്കെങ്കിലും വിസ്മരിപ്പിക്കുന്നു. മനുഷ്യരുടെ ചിന്താശീലത്തെ വൎദ്ധിപ്പിക്കുവാൻ പുസ്തകങ്ങൾക്കുള്ള ശക്തി പണ്ഡിതനും സരസനും ആയ ഒരു

യഥാൎത്ഥ സുഹൃത്തിന്നുപോലും ഇല്ല.

ആംഗലസാഹിത്യകാരനായ ജോൺ റസ്കിൻ എന്ന മഹാനെപ്പററി നിങ്ങൾ കേട്ടിരിക്കുവാൻ ഇടയില്ല. സാഹിത്യത്തേയും സുന്ദരങ്ങളായ മററു ലളിതകലകളേയും പററി വിശേഷജ്ഞേയങ്ങളായ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ള അദ്ദേഹം പുസ്തകങ്ങളെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

പുസ്തകങ്ങളെ സാമാന്യമായിട്ടു രണ്ടിനമായി വിഭജിക്കാം:-തൽക്കാലത്തേയ്ക്കുള്ള നല്ല പുസ്തകങ്ങൾ, എന്നേയ്ക്കുമുള്ള നല്ല പുസ്തകങ്ങൾ.

ഒന്നാമത്തെ വകുപ്പിൽപ്പെട്ട നല്ല പുസ്തകങ്ങൾ, നിങ്ങൾക്കു കണ്ടു സംസാരിക്കുവാൻ സാധിക്കാത്ത ഒരു സ്നേഹിതൻെറ സംഭാഷണം വായിക്കുന്നതിനായി അച്ചടിച്ചിട്ടുള്ളവയാണു്. മിക്കപ്പോഴും അവ വിജ്ഞാനപ്രദങ്ങളും, അതേസമയത്തുതന്നെ രസികനായ ഒരു സുഹൃത്തിൻെറസംഭാഷണംപോലെ ഹൃദ്യങ്ങളുമായിരിക്കും. മനോഹരമായ സഞ്ചാരവിവരണം, രസകരമായ കഥ, സത്യമായ രാജ്യചരിത്രം, ഇങ്ങനെ പലതും തൽക്കാലത്തേയ്ക്കുള്ള നല്ല പുസ്തകങ്ങളാണു്. അവ നമുക്കു സമ്മാനിക്കുന്ന മാന്യന്മാരോടു നാം സദാ കൃതജ്ഞരായിരിക്കണം. ആ ഗ്രന്ഥങ്ങളെ ഉപയോഗപ്പെടുത്താതിരിക്കുന്നതു ലജ്ജാവഹമായ ഒരപരാധമാകുന്നു.

പക്ഷെ 'യഥാൎത്ഥമായ പുസ്തക'ങ്ങളുടെ സ്ഥാനം പ്രസ്തുതഗ്രന്ഥങ്ങൾ കൈകേറുവാൻ പാടില്ല. സ്നേഹിതന്മാരുടെ കത്തുകളും അന്നന്നത്തെ വൃത്താന്തപ

ത്തങ്ങളും രസകരങ്ങളല്ലെന്ന് ആരും പറയുകയില്ല. പക്ഷേ അവയിൽനിന്നു ലഭിക്കുന്ന ആനന്ദം നിത്യമാണോ ? നിത്യമായ ആനന്ദം പ്രദാനം ചെയ്യാൻ അവ ശക്തങ്ങളാണോ ? ഇതു രണ്ടുമാണു നോക്കേണ്ടതു്. ഒരിക്കൽ വായിക്കുന്നതോടുകൂടി ഉപയോഗം അവസാനിക്കുന്നതുകൊണ്ട് അവ നിത്യാനന്ദപ്രദങ്ങളല്ല.

ഒരു സുഹൃത്തിനോടു സംസാരിക്കുമ്പോഴോ, അയാളുടെ കത്തു വായിക്കുമ്പോഴോ, ഉള്ള ഒരു അനുഭവമല്ല ഒരുത്തമഗ്രന്ഥം പാരായണംചെയ്യുമ്പോൾ നമുക്കു ഉണ്ടാകുന്നതു്. ഗ്രന്ഥകാരനു പറയുവാനുള്ളതു് അന്യരെ അറിയിക്കണമെന്നുമാത്രമല്ല അതിൻെറ ഉദ്ദേശ്യം; ആ ആശയങ്ങൾ ശാശ്വതമാക്കുകകൂടി വേണം.

കേവലം താൽക്കാലികമായ രസത്തോടുകൂടിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതു തൽക്കർത്താവിനു് ഒരേസമയത്തു് എല്ലാവരോടും ഒരുപോലെ സംസാരിക്കുവാൻ സാധിക്കാത്തതുകൊണ്ടാണു്. തന്മൂലം അവ അനേകം സംഭാഷണങ്ങളുടെ ആകത്തുകയാകുന്നു.

എന്നാൽ ആദർശഗ്രന്ഥങ്ങളുടെ സ്വഭാവം ഇതിൽനിന്നു വിഭിന്നമാണു്. സത്യമാണെന്നും പ്രയോജനപ്രദമാണെന്നും സുന്ദരമാണെന്നും സ്വാനുഭവംകൊണ്ടു ദൃഢമായി വിശ്വസിക്കുന്ന ഏതാനും നവീനാശയങ്ങൾ ശാശ്വതമാക്കുന്നതിന്നായി ഗ്രന്ഥകർത്താവു പ്രകാശിപ്പിക്കുന്നു. അദ്ദേഹത്തിൻെറ അറിവു് എത്തിയിട്ടുള്ളേടത്തോളം അതുവരെ അതു് ആരും പറഞ്ഞിട്ടില്ല ; അദ്ദേഹത്തിൻെറ അറിവിൽ പെട്ടിട

ഭത്താളം ഇനി ആർക്കും അതു പറയുവാൻ സാധിക്കയു മില്ല; അങ്ങനെയുള്ള ചിന്താഫലം കഴിയുന്നതു സുന്ദരമായ രീതിയിൽ അദ്ദേഹം പ്രകാശിപ്പിക്കുന്നു. ഏതു് ഉത്തമഗ്രന്ഥത്തിൻെറയും ആവിർഭാവം ഇപ്രകാരമാണു്.

ഓരോ ഗ്രന്ഥം രചിക്കുമ്പോഴും തൻെറ ജീവിതത്തിലെ അമൂല്യമായ ഒരു ഭാഗമാണു ഗ്രന്ഥകാരൻ ലോകത്തിൻെറ ഗുണത്തിനായി വിനിയോഗിക്കുന്നതു്. അതുവരെ ചിന്തിച്ചിട്ടുള്ളതിൻേറയും അനുഭവിച്ചിട്ടുള്ളതിൻേറയും പഠിച്ചിട്ടുള്ളതിൻേറയും ഒരു വിശിഷ്ടാംശം ഓരോ ഗ്രന്ഥത്തിലും തൽകർത്താവു പ്രകടിപ്പിക്കുന്നു. ജീവിതത്തിനു് ഉപകരിക്കത്തക്കവണ്ണം, മഹാശയന്മാരുടെ ഹൃദയരക്തം കേടുവരാതെ സൂക്ഷിച്ചുവച്ചിട്ടുള്ള ഭാജനങ്ങളാണു് പുസ്തകങ്ങൾ എന്നു് ഒരു മഹാകവി പറഞ്ഞിട്ടുള്ളതും ഇതുകൊണ്ടുതന്നെയത്രെ.

ഈദൃശങ്ങളായ ഗ്രന്ഥങ്ങൾ വായിക്കുവാനുള്ള അഭിരുചി സ്വയം സമ്പാദിക്കേണ്ടതു ജീവിതാനന്ദത്തിനു് അത്യാവശ്യമാണെന്നു പറയേണ്ടതില്ലല്ലോ. പ്രപഞ്ചത്തിൽ സുഖവും ദുഃഖവും ഇടകലന്നിരിക്കും. ഉദയവും അസ്തമയവും പോലെ, അഭിവൃദ്ധിയും അധഃപതനവും മാറിമാറി വന്നുകൊണ്ടിരിക്കും. സമ്പൽക്കാലത്തു നമ്മുടെ ചുററും കൂടുവാൻ അനേകം സ്നേഹിതന്മാരുണ്ടാവും; എന്നാൽ ദാരിദ്ര്യമാണു് അവരുടെ സ്നേഹത്തെ പരീക്ഷിക്കുന്നതു്. ഏതുകാലത്തും സ്നേഹി

ക്കുന്ന ഒരു സുഹൃത്തിനേപ്പോലെ ഭാവം അറിഞ്ഞു സരസമായി ഉപദേശിക്കുന്നതു് ഉത്തമഗ്രന്ഥങ്ങൾ മാത്രമാകുന്നു. സമ്പത്തിൽ അതു നമ്മെ രസിപ്പിക്കുന്നു; ദാരിദ്ര്യത്തിൽ അതു നമ്മെ ആശ്വസിപ്പിക്കുന്നു; അങ്ങനെയുള്ള നിത്യസുഹൃത്തുക്കളെ സമാർജ്ജിക്കുവാൻ ഓരോരുത്തനും ശ്രമിക്കേണ്ടതല്ലേ?

പുസ്തകപ്രണയികളായ അനേകംപേർ ഗ്രന്ഥങ്ങൾക്കുവേണ്ടി അസഹനീയമായ ദാരിദ്ര്യംകൂടി അനുഭവിച്ചിട്ടുണ്ടു്. ഏതാനും പവൻ കൊടുത്തു് 'ഫ്ളെച്ചർ' എന്ന മഹാൻെറ നാടകങ്ങളുടെ ഒരു പഴയപ്രതി സമ്പാദിക്കുവാൻ ആംഗലസാഹിത്യകാരനായ ചാറൽസ് ലാമ്പും അദ്ദേഹത്തിൻെറ സോദരിയും ആറുമാസം കീറിപ്പൊളിഞ്ഞ വസ്ത്രം ധരിച്ചു കഴിച്ചുകൂട്ടിയതായി പറഞ്ഞിരിക്കുന്നു. ഒടുവിൽ ആ ഗ്രന്ഥം കിട്ടിയപ്പോൾ എന്തൊരു അത്യാനന്ദത്തോടുകൂടിയാണു് ആ സോദരീസോദരന്മാർ രാപ്പകൽ ഇരുന്നു് വായിച്ചതു്.

വിനോദിപ്പിക്കുന്നതോടുകൂടിത്തന്നെ മനസ്സിനെ സംസ്കരിക്കുവാനും പുസ്തകങ്ങൾക്കു ശക്തിയുണ്ടു്. രാമൻെറ കഥ വായിക്കുമ്പോൾ രാമനോടു പ്രതിപത്തിയും രാവണനോടു വിപ്രതിപത്തിയും തോന്നുന്നതു സാധാരണമാണല്ലോ. അതു നമ്മെ സന്മാർഗ്ഗനിരതരാക്കിത്തീർക്കുന്നു. "പുസ്തകങ്ങളാണു് എന്നെ മനുഷ്യനാക്കിയതു്" എന്നു വളരെക്കാലം മുമ്പു ജീവിച്ചിരുന്ന ഒരു മഹാൻ പറഞ്ഞിട്ടുണ്ടു്. സ്വഭാവം സംസ്കരിക്കുവാൻ ഗ്രന്ഥങ്ങൾക്കുള്ള ശക്തിയാണു് അതു സൂചിപ്പിക്കുന്നതു്.

## ൨൪. പദാൎത്ഥങ്ങൾ.

ലോകത്തിൽ കാണുന്ന പദാൎത്ഥങ്ങളെല്ലാം അനേകസഹസ്രം പരമാണുക്കൾ ചേൎന്നുണ്ടായതാണെന്നു ശാസ്ത്രകാരന്മാർ തെളിയിച്ചിരിക്കുന്നു. അണുക്കൾ ചില വസ്തുക്കളിൽ സാന്ദ്രമായിരിക്കും; ചിലതിൽ അവയ്ക്കു് അത്രതന്നെ സാന്ദ്രത കാണുകയില്ല; മററു ചിലതിൽ അണുക്കൾ വളരെ അകന്നിരിക്കും. ഈ വ്യത്യാസം പ്രമാണിച്ചു പദാൎത്ഥങ്ങളെയെല്ലാം മൂന്നായി വിഭജിക്കാമെന്നു സ്പഷ്ടമാണെല്ലോ. അവയ്ക്കു യഥാക്രമം ഘനദ്രവ്യം, ദ്രവദ്രവ്യം, വാതകദ്രവ്യം എന്നു സംജ്ഞ കല്പിച്ചിരിക്കുന്നു.

കല്ലു്, ശരീരം മുതലായ വസ്തുക്കളിൽ ഘടകങ്ങളായ അണുക്കൾ അതിനിബിഡമായിരിക്കുന്നു. അതിനാൽ അവയെ ഘനദ്രവ്യം എന്ന വിഭാഗത്തിലാണു ഗണിക്കേണ്ടതു്. തദപേക്ഷയാ അവയവാണുക്കൾക്കു സാന്ദ്രതകുറഞ്ഞ ജലം,എണ്ണ മുതലായവ ദ്രവദ്രവ്യങ്ങളാകുന്നു. അമ്ലജനകം, ഇംഗാലാമ്ലവാതകം മുതലായവയിലെ ഘടകങ്ങൾ അത്യന്തം അകന്നിരിക്കുന്നതിനാൽ അവ മൂന്നാമത്തെ ഇനത്തിലാണു് ഉൾപ്പെടുന്നതു്.

ഘനദ്രവ്യത്തിനു പ്രകൃത്യാ ഒരു രൂപം സ്ഥിരമായിട്ടുള്ളതിനാൽ അതു ദൃശ്യമാകുന്നു. അദൃശ്യമല്ലെങ്കിലും ദ്രാവകവസ്തുക്കൾക്കു സ്ഥിരമായ ഒരു രൂപമില്ല. അവയ്ക്കു പ്രസരിക്കുവാൻ കഴിയും. ആ ശക്തി ആ

ട്ട്യത്തേതിനില്ല. എന്നാൽ വാതകദ്രവങ്ങൾ അരൂപ ങ്ങളും തന്മൂലം അദൃശ്യങ്ങളുമത്രെ. അവയ്ക്കു ദ്രവ ദ്രവ്യങ്ങളേക്കാൾ പ്രസരണശക്തി വളരെ അധികവു മാണു്.

ശീതോഷ്ണാവസ്ഥയുടെ ഭേദം നിമിത്തം ഒരു പദാ ൎത്ഥത്തിനുതന്നെ ഈ മൂന്നു പരിണാമവും അസംഭവ്യ മല്ല. സ്വല്പം ജലമെടുത്തു നല്ലവണ്ണം ചൂടുപിടിപ്പി ച്ചാൽ കുറച്ചുനേരം കഴിയുമ്പോൾ ആ പദാൎത്ഥം അദൃശ്യമാകുന്നു. എന്നാലും അതു നശിക്കുന്നില്ല. ചൂടു നിമിത്തം അണുക്കൾ വികസിച്ചു ജലം വാതകമായി മാറുക മാത്രമാണു ചെയ്യുന്നതു്. ആ ബാഷ്പത്തെത്ത ന്നെ തണുപ്പിച്ചു നമുക്കു ജലമുണ്ടാക്കാം. അത്യന്തം ശീതളമായ ഉത്തരധ്രുവത്തിലും ദക്ഷിണധ്രുവത്തി ലും സമുദ്രജലം ഉറച്ചുകിടക്കുന്നു. ശൈത്യം നിമി ത്തമുണ്ടാവുന്ന ഈ പരിണാമം ധ്രുവപ്രദേശങ്ങളിൽ മാത്രം സംഭവിക്കുന്ന ഒന്നല്ല. ശീതകാലത്തു നമ്മുടെ ഗൃഹങ്ങളിൽ വെളിച്ചെണ്ണയും മററും ഉറച്ചു ഘനദ്രവ്യ മായി മാറാറുണ്ടല്ലൊ.

തണുപ്പുള്ള കാലങ്ങളിൽ നമ്മുടെ കിണററിലേ യും മററും വെള്ളം ഉറയ്ക്കാത്തതു് ഇവിടങ്ങളിൽ ഒരി ക്കലും ധ്രുവങ്ങളിലെന്നപോലെ അത്ര വലിയ ശൈ ത്യം ഉണ്ടാകാത്തതുകൊണ്ടു മാത്രമാണു്.

തണുപ്പുതട്ടിയാൽ സങ്കോചിക്കുന്നപോലെ പ ദാൎത്ഥങ്ങൾ ഉഷ്ണംകൊണ്ടു വികസിക്കയും ചെയ്യും. ഈ പ്രകൃതിരഹസ്യം അനുഭവപ്പെടുത്തുവാൻ വലി

യ പ്രയാസമില്ല. ഒരു ഇരുമ്പുണ്ട ഞെങ്ങിയിറങ്ങത്തക്കവണ്ണം മാത്രം വിസ്താരമുള്ള ആയസവലയം എടുത്തു തീയിലിട്ടു നല്ലപോലെ തപിപ്പിക്കുക. അതിനുശേഷം ആ ഇരുമ്പുണ്ട അതിൽ നിഷ്പ്രയാസം ഇറക്കുവാൻ കഴിയും. വണ്ടിച്ചക്രത്തിന്റെ പുറമെയുള്ള ഇരുമ്പുപട്ട ഉറപ്പിക്കുന്നതിന്നു മുമ്പ് അഗ്നിയിലിട്ടു പഴുപ്പിക്കുന്നതു കണ്ടിട്ടുണ്ടെങ്കിൽ മറെറാരു പരീക്ഷ ചെയ്യാതെതന്നെ ഈ പരമാത്ഥം ബോധപ്പെടുന്നതാണ്.

അഗ്രത്തിൽ ഒരു സ്ഫടികക്കുഴൽ വച്ചുറപ്പിച്ചിട്ടുള്ള ഒരു പാത്രത്തിൽ കുറെ തണുത്ത വെള്ളം ഒഴിക്കുക. വെള്ളം കുഴലിൽ എവിടെവരെ നിൽക്കുന്നുവോ അവിടെ ഒരടയാളം വയ്ക്കണം. അനന്തരം പാത്രം അടുപ്പത്തോ മറേറാ വച്ചു നല്ലവണ്ണം ചൂടു പിടിപ്പിക്കുന്നതായാൽ ജലത്തിലെ അവയവാണുക്കൾ വികസിച്ചുതുടങ്ങും. തൽഫലമായി ആദ്യത്തെ രേഖയിൽനിന്നു ജലം സ്വല്പം പൊങ്ങിവരുന്നതു കാണാം.

വാതകദ്രവ്യവും ചൂടുതട്ടിയാൽ വികസിക്കും. കട്ടികുറഞ്ഞ ഒരുറബ്ബർസ്സഞ്ചിയിൽ തണുത്ത കാററു നിറച്ചു ശേഷം നല്ലവണ്ണം ചൂടു പിടിപ്പിച്ചാൽ സഞ്ചി പൊട്ടിപ്പോകും. കാരണം, അതിനുള്ളിൽ നിറഞ്ഞുനില്ക്കുന്ന വായുവിന്റെ അവയവാണുക്കൾ ചൂടേററു വികസിക്കുന്നതല്ലാതെ മറെറാന്നുമല്ല.

വലിയ വസ്തുക്കളിലും ഉഷ്ണത്തിന്റെ മാററം രൂപഭേദം വരുത്തുന്നുണ്ട്. ഭൂമിതന്നെ അനേകായിരം

സംവത്സരങ്ങൾക്കു മുൻപ് ചുട്ടുരുകി ദ്രവരൂപമായി ട്ടാണു കിടന്നിരുന്നതു്. അതു ജനനിവാസയോഗ്യ മായ ഇപ്പോഴത്തെ സ്ഥിതിയെ പ്രാപിച്ചതു തണു പ്പിന്റെ പ്രവൃത്തികൊണ്ടാണെന്നു പ്രകൃതിശാസ്ത്ര ജ്ഞന്മാർ സിദ്ധാന്തിക്കുന്നു. ഘനരൂപത്തിൽ കാണുന്ന ഈ ഭൂഗോളത്തിന്റെ അന്തർഭാഗത്തേയ്ക്കു അധികദൂരം പ്രവേശിച്ചാൽ അവിടെ ഉഷ്ണം അധികമായിരിക്കുമെ ന്നു മാത്രമല്ല, മണ്ണിനു് ആർദ്രത ഏറിവരുന്നതായും കാണാം. പിന്നേയും കുഴിക്കുന്നപക്ഷം ഭൂമിയെ ദ്രവ രൂപത്തിൽത്തന്നെ കാണാൻ കഴിയുമെന്നാണു ശാസ്ത്ര ജ്ഞന്മാരുടെ അഭിപ്രായം.

---

## ൨൫. ഒരപേക്ഷ.

1. വൃഷ്ണിവംശമണിദീപമതാകും
   കൃഷ്ണനെത്തൊഴുതു ധർമ്മതനൂജൻ
   വിഷ്ണുഭക്തിപരനാദരവോടെ
   ധൃഷ്ണുരേവമവദജ്ജയശൗരേ!

2. ദേവ, കേശവ, മുകുന്ദ, മുരാരേ,
   ദേവകീതനയ, മാധവ, വിഷ്ണോ,
   ദേവരാജനത, ദേഹിദയാം മേ
   ദേവരാജ ഭഗവൻ, ജയശൗരേ.

3. വൈരിയാകിയ സുയോധനനോടായ്
പോരിനങ്ങു തുനിയുന്ന ദശായാം
ഭൂരിഭൂപമരണങ്ങൾ ഭവിക്കും,
പാരമുണ്ടു മടി മേ ജയ ശൗരേ.

4. ദുഷ്ടരെങ്കിലുമശേഷജനാനാം
കഷ്ടമേവ വധമെന്നറിയുന്നോൻ;
ഇഷ്ടമില്ലിതടിയന്നു നിനച്ചാൽ
വിഷ്ടപാധിപ ഹരേ, ജയ ശൗരേ.

5. നല്ലനല്ല ജനമൊക്കെ മരിച്ചാ-
ലില്ല പിന്നെയൊരു സൗഖ്യമൊരുന്നാൾ
വല്ലവണ്ണമൊരു ദിക്കിലിരിക്കാം
നല്ലമാർഗ്ഗമതുതാൻ ജയ ശൗരേ.

6. ശല്യഭീഷ്മമുഖഭൂപതിമാരെ-
ക്കൊല്ലുവാൻ മനസി മേ മടി പാരം
മല്ലലോചന മമാമരണാന്തം
ശല്യമാസ്ഥുരമിദം ജയ ശൗരേ.

7. ഹിംസകൊണ്ടൊരു പദത്തെ ലഭിച്ചാൽ
ധ്വംസമുണ്ടതിനു സംശയമില്ല.
കംസനാശന, ഭവാനിതുമാത്രം
ശംസിയാഞ്ഞു ഭഗവൻ ജയ ശൗരേ

8. വേണ്ട രാജ്യമടിയന്നൊരുനാളും
വേണ്ട; വേണ്ടതു ഭവല്പദസേവ;

വേണ്ടുവോളമതുകൊണ്ടു സുഖിക്കാം
വേണ്ടുവോക്കമൃതകാം ജയ ശൗരേ.

9 കാട്ടിൽ വാഴ്‌ക സുഖം സമരത്തെ-
ക്കാട്ടിലെന്നു മമ പക്ഷമിദാനീം
നാട്ടിലുള്ള പരിഷയ്ക്കൊരനൎത്ഥം
കൂട്ടമാശു സമരം ജയ ശൗരേ.

10. താതശാസനവുമാദരണീയം;
കൈതവം പുനരവൎക്ക ഫലിക്കും;
ജ്ഞാതിനിഗ്രഹമെനിക്കിഹ ചെയ്വാ-
നേതുമില്ല കുതുകം ജയ ശൗരേ.

11. ദന്തിഗേഹമൊരുനാളെഴനള്ളി-
ച്ചന്തമോടഥ സുയോധനനോട്
സന്ധിതന്നെ ശുഭമെന്നരുൾചെയ്വാ-
നെന്തുപായമിനിയും ജയ ശൗരേ.

12. അൎദ്ധരാജ്യവുമെനിക്കിനി വേണ്ടാ,
വൃദ്ധനാം ജനകനുണ്ടധുനാ മേ.
ബുദ്ധിമാനിഹ സുയോധനനോടും
ശുദ്ധിയായ്ക്ക രുചിരം ജയ ശൗരേ.

13. അഞ്ചുപേൎക്കൊരുമിച്ചു വസിപ്പാ-
നഞ്ചുദേശമവനിങ്ങു തരേണം

അഞ്ചുവാസഭവനം തരുവാനോ
വാഞ്ഛയെങ്കിലതുമാം ജയ ശൗരേ.

14. നാട്ടിലേകപുരമെങ്കിലുമിപ്പോൾ
കിട്ടിയാലതിലിരുന്നു പൊറുക്കാം
പാട്ടിലായി വരുമൈവരുമേവം
കൂട്ടിലായതുവരും ജയ ശൗരേ.

15. കാട്ടിൽവാണു കഴിയും ദിവസത്തെ-
ക്കാട്ടിൽനല്ലതു നികേതനവാസം;
കാട്ടിയോരഹിതമൊക്കെ മറക്കാം
വാട്ടമില്ലതു സുഖം, ജയ ശൗരേ.

16. ആഴിയാകുമുടഞാണുടയോളാ-
മൂഴി വാഴ്ക നമുക്കെളുതല്ല;
കോഴവാങ്ങിയശനം ദുരിതാനാം
താഴികക്കുടമഹോ! ജയ ശൗരേ.

17. ജന്തുധർമ്മമിതു സർവ്വമനിത്യം;
ബന്ധുഭാവമിദമൊന്നിഹ സാരം;
എന്തുകാരണമിതിങ്ങനെ തമ്മിൽ
ദ്വന്ദ്വമെന്തു വരുവാൻ ജയ ശൗരേ

18. ചാർച്ചയുള്ളവരിലുള്ളൊരു കാലം
ചേർച്ചവേണമതുതാൻ പുരുഷാർത്ഥം

മൂച്ചയുള്ള വിശിഖങ്ങളയപ്പാ-
നിച്ഛയില്ല ഹൃദയേ ജയ ശൗരേ

19. ദേവ, നിന്തിരുവടിക്കമിതിപ്പോ-
ളേവമേവ രസമെങ്കിലശങ്കം
കേവലം മുനികളോടിടകൂടി
പ്പോവതിന്നു തുടരാം ജയ ശൗരേ.

---

## ൨൬. പുഷ്പങ്ങൾ.

ലോകശില്പിയുടെ നിസ്തുലമായ സൃഷ്ടിസൗകുമാര്യത്തെപ്പററി ആലോചിച്ചു തുടങ്ങമ്പോൾ നിസർഗ്ഗരമണീയങ്ങളായ വിചിത്രവർണ്ണങ്ങളും, ഹൃദയാകർഷമായ സുഗന്ധപൂരവും, അത്യത്ഭുതമായ ആകാരസുഷമയും കൊണ്ടു് ആർക്കും ആനന്ദം നൽകുന്ന പുഷ്പങ്ങളാണു് ആദ്യമായി നമ്മുടെ സ്മരണയിൽ വരുന്നതു്. ആ സ്ഥിതിക്കു ഗുണസമഗ്രതകൊണ്ടു് അത്യന്താദരണീയങ്ങളായ അവയ്ക്കു നാം ശിരസ്സിലും കണ്ഠത്തിലും സ്ഥാനം കൊടുക്കുന്നതു് ഒട്ടും അനുചിതമല്ല. സമ്പന്നന്മാരായ പലരും അവരവരുടെ വസതികൾക്കരികെ പൂന്തോട്ടങ്ങൾ ഉണ്ടാക്കി സംരക്ഷിക്കാറുണ്ടു്.

ആകൃതി, വർണ്ണം, ഗന്ധം മുതലായ ഗുണങ്ങളിൽ ഗണ്യമായ വ്യത്യാസത്തോടുകൂടി പലതരം പുഷ്പങ്ങൾ ഉണ്ടു്. ചുവപ്പു്, പച്ച, മഞ്ഞ, നീലം, ഊത, വെള്ള

എന്നിങ്ങനെ പല വർണ്ണങ്ങളിലും പുഷ്പങ്ങൾ കാണാം. രണ്ടു ജാതി പൂക്കൾ തമ്മിൽ നിറത്തിൽ സാമ്യമുണ്ടെങ്കിൽ ആകൃതിയിലും ഗന്ധത്തിലും വ്യത്യാസം കാണും. ചില പുഷ്പങ്ങളുടെ ഗന്ധം സൗമ്യമാണെങ്കിൽ ചിലതിൻെറ ഗന്ധം ഉഗ്രമാകുന്നു. ചെത്തി (തെച്ചി), കൊന്ന, പ്ലാശു മുതലായവയുടെ പുഷ്പങ്ങൾക്കു സൗരഭ്യം വളരെ കുറവാണെങ്കിലും ആ ന്യൂനത പരിഹരിക്കത്തക്ക വിധത്തിലുള്ള ശോഭ അവയ്ക്കുണ്ടു്. പിച്ചകപ്പൂവ്, മുല്ലപ്പൂവ് മുതലായവ സൗരഭ്യത്തിൽ മെച്ചം കൂടിയവയാണ്. താമര, ചെമ്പകം തുടങ്ങിയ പൂക്കൾ പ്രഭാതത്തിലും, പതിററടിപ്പൂവു വൈകുന്നേരവും വികസിക്കുന്നു. ചില കുസുമങ്ങൾ ചില ഋതുക്കളിൽ മാത്രമേ ഉണ്ടാവുകയുള്ളൂ. മനോഹരങ്ങളായ അനവധി പൂക്കൾ വസന്തകാലത്താണ് ഉണ്ടാവുന്നതു്. അതുകൊണ്ടു് ആ ഋതുവിന്നു 'പുഷ്പകാലം' എന്നു പേർ പറയാം.

പുഷ്പങ്ങൾകൊണ്ടു പ്രകൃതി എന്തൊരു പ്രയോജനമാണ് ഉദ്ദേശിച്ചിട്ടുള്ളതു് എന്ന് ഇനി നമുക്ക് ആലോചിക്കുക. അവ സൗന്ദര്യാധിക്യത്താൽ നമ്മുടെ നേത്രത്തേയും സൗരഭ്യവിശേഷത്താൽ നാസികയേയും പ്രീണിപ്പിക്കുന്നു. ചില പുഷ്പങ്ങളിൽനിന്ന് വില ഏറിയ പല സുഗന്ധദ്രവ്യങ്ങളും എടുത്തുവരുന്നുണ്ടു്. എന്നാൽ പുഷ്പങ്ങളുടെ മുഖ്യമായ പ്രയോജനം ഇതൊന്നുമല്ല; ഫലോല്പാദനവും സന്ത്യവംശരക്ഷണവുമാകുന്നു. ഈ ഉദ്ദേശ്യം നിർവ്വഹിപ്പാനായി ലോകശില്പി ഏതെ

ല്ലാം അവയവങ്ങളാണു പുഷ്പങ്ങൾക്കു നൽകിയിട്ടുള്ള തെന്നും അവയുടെ വ്യാപാരങ്ങൾ എന്തെല്ലാമാണെന്നും പരിശോധിക്കാം.

പകുതി കീറിയെടുത്ത ചെമ്പരത്തിപ്പൂവിന്റെ



ചിത്രമാണു് ഈ കാണുന്നതു്. ഇതിൽ ഞെട്ടി, ബഹിർ ദളങ്ങൾ, അന്തർദളങ്ങൾ, കേസരനാളം, കേസരങ്ങൾ, കേസരഗോളങ്ങൾ, കീലം, പരാഗഗ്രാഹിക, അണ്ഡാശയം, അണ്ഡങ്ങൾ എന്നിങ്ങനെ പല ഭാഗങ്ങളും അടങ്ങിയിട്ടുണ്ടു്. പുഷ്പത്തിന്റെ കടയ്ക്കലായി

ദളങ്ങളേയും മററും വഹിച്ചുകൊണ്ടു നില്ക്കുന്ന പച്ചനിറത്തിലുള്ള ചെറുതണ്ടാണ ഞെട്ടി. അതിൻെറ കടയ്ക്കൽനിന്ന മേല്പോട്ടു തുടങ്ങിയാൽ ആദ്യമായിക്കാണുന്ന ഹരിതവൎണ്ണങ്ങളായ അഞ്ചു ദളങ്ങളാണ് ബാഹ്യദളങ്ങൾ. അവയെ നീക്കിക്കഴിഞ്ഞാൽ പിന്നെ കാണുന്നതു് അന്തർദളങ്ങളാകുന്നു. അവയേയും അകത്തിയാൽ കേസരനാളവും അതിൻെറ അഗ്രത്തിൽ ചെറുമുടികളോടുകൂടിയ കേസരഗോളങ്ങളും കാണാം. കേസരനാളത്തേയും പതുക്കെ എടുത്തു കളഞ്ഞാൽ ശേഷിക്കുന്നതു പൊള്ളയായ ഒരു കുഴലാകുന്നു. അതാണു കീലം. ഈ നാളത്തിൻെറ അററത്തു രോമാകൃതിയിൽ തല പരന്ന് അഞ്ചു കവരങ്ങൾ കാണുന്നില്ലേ? അതാണു പരാഗഗ്രാഹിക. കീലത്തിൻെറ അടിയിൽ ഉള്ള വണ്ണം കൂടിയ ആ ഭാഗം അണ്ഡാശയമാകുന്നു. വിത്തുണ്ടാകുന്നതു് ഇതിന്നകത്തായതുകൊണ്ട് ഈ ഭാഗത്തിനു വിത്തറയെന്നും പേരുണ്ട്. അണ്ഡാശയത്തിന്നു ചുററുമായി ആർദ്രമായ ഒരു വസ്തു കാണാം. അതാണു മധു. കേസരനാളത്തിനും കേസരഗോളത്തിനുംകൂടി പൌരുഷകേസരമെന്നും കീലത്തിനും പരാഗഗ്രാഹികയ്ക്കും അണ്ഡാശയത്തിനുംകൂടി സ്ത്രൈണകേസരമെന്നും ശാസ്ത്രജ്ഞന്മാർ പേർ കൊടുത്തിട്ടുണ്ട്.

മേല്പറഞ്ഞ അവയവങ്ങളിൽ ഞെട്ടാണു പുഷ്പങ്ങൾക്കു സസ്യത്തോടു ചേൎന്നു നില്ക്കുന്നതിന് ആധാരമായിട്ടുള്ളതു്. ബാഹ്യദളം മൃദുവായ അന്തർദളത്തേ

യും ഉള്ളിലുള്ള ഇതരഭാഗങ്ങളേയും സംരക്ഷിക്കുവാനാണു്. അന്തർദളങ്ങൾ തേനീച്ച മുതലായവയെ ആകർഷിക്കുന്നു. പൌരുഷകേസരത്തിന്റെ അററത്തുള്ള ഗോളങ്ങളിൽ ഇരിക്കുന്ന പുഷ്പരേണു പരാഗഗ്രാഹികയിൽകൂടി അണ്ഡാശയത്തിലെത്തിയാലേ കായുണ്ടാകയുള്ളു. ചില പുഷ്പങ്ങളിൽ പൌരുഷകേസരം താഴ്ന്നും, സ്ത്രൈണകേസരം ഉയൎന്നും നില്ക്കുന്നതിനാലും ചിലപ്പോൾ സ്ത്രൈണകേസരം പാകമാകുന്നതിനുമുൻപു് കേസരഗോളം പൊട്ടി പൂംപൊടി പൊഴ്യോകുന്നതിനാലും മററും സ്വയമേവ അതു സ്ത്രൈണകേസരത്തിൽ ചേരുവാൻ വിഷമമാകുന്നു. അതുകൊണ്ടാണു തേനീച്ച, ഉറുമ്പു്, വണ്ടു്, ചിത്രശലഭങ്ങൾ മുതലായവയുടെ സഹായം പരാഗാധാനത്തിനു ആവശ്യമായിരിക്കുന്നതു്. അവ സൌരഭ്യത്താലും അന്തർദളങ്ങളുടെ ശോഭയാലും ആകർഷിക്കപ്പെട്ടു് തേനിൽ കൊതിയോടുകൂടി പുഷ്പങ്ങളിൽ ചെന്നിരിക്കും. അപ്പോൾ കേസരഗോളങ്ങൾ പൊട്ടി പുറപ്പെട്ടിരിക്കുന്ന പരാഗം അവയുടെ സ്നിഗ്ദ്ധങ്ങളായ ചിറകുകളിലും കാലുകളിലുംമററും പററുകയും അവപുഷ്പത്തിൽ ഇരുന്നു തേൻ കുടിക്കുമ്പോൾ പരാഗം സ്ത്രൈണകേസരത്തിൽ വീഴുകയും ചെയ്യുന്നു.

ചില ചെടികളുടെ പുഷ്പത്തിൽ പൌരുഷകേസരവും സ്ത്രൈണകേസരവുമുണ്ടായിരിക്കുമെങ്കിലും അതിന്റെ പരാഗം അതിൽ ഫലത്തെ ഉൽപാദിപ്പിക്കുവാൻ ശക്തമായിരിക്കയില്ല. വേറെ ചില

പുഷ്പങ്ങളിൽ പൗരുഷകേസരം ഒന്നിലാണെങ്കിൽ സ്ത്രൈണകേസരം മറെറാന്നിലായിരിക്കും. മത്തൻ, കുമ്പളംമുതലായവയിൽഒരേവള്ളിയിൽത്തന്നെ ആൺ പൂവും പെൺപൂവും കാണുന്നുണ്ടല്ലോ. ഇവയിൽ കായുണ്ടാവാത്തതിൽ പൗരുഷകേസരവും, ഉണ്ടാവുന്നതിൽ സ്ത്രൈണകേസരവും സ്ഥിതിചെയ്യുന്നു. ഇങ്ങനെയുള്ള സസ്യങ്ങൾക്കു പൂംപൊടി സ്ത്രൈണകേസരത്തിൽ ചെരുവാൻ സഹായിക്കുന്നതു മുൻപറഞ്ഞ പ്രാണികൾതന്നെ. അവ പൗരുഷകേസരമുള്ള പുഷ്പങ്ങളിലെ തേൻ കുടിച്ചതിന്നുശേഷം ചിറകിലും മററും പററിയിരിക്കുന്ന പൂംപൊടിയോടുകൂടി സ്ത്രൈണകേസരമുള്ള പുഷ്പങ്ങളിൽ ചെന്നിരിക്കുവാനിടയാകുമ്പോഴാണു പരാഗം പകരുന്നതു്. പൂമ്പൊടി കീലത്തിൽക്കൂടി അണ്ഡാശയത്തിൽ എത്തുകയും അണ്ഡാശയം ഫലമായി പരിണമിക്കയും ചെയ്യുന്നു.

പുഷ്പങ്ങളുടെ പ്രധാനകർമ്മം ഫലങ്ങളെ ഉൽപാദിപ്പിക്കുകയും തദ്വാരാ സസ്യങ്ങളുടെ വംശപരമ്പര നിലനിൎത്തുകയുമാണെന്നു് ഈ വിവരണത്തിൽനിന്നു് മനസ്സിലായല്ലൊ. അവയുടെ സൗഭാഗ്യവും സൗരഭ്യവുമെല്ലാം പരാഗാധാനത്തിനു സഹകാരികളായ പ്രാണികളെ ആകർഷിപ്പാനുള്ളതാകുന്നു.

മനോഹരങ്ങളായ അന്തർദളങ്ങളോ, സുഗന്ധമോ, തേനോ ഇല്ലാത്ത ചില പുഷ്പങ്ങളുണ്ടു. നെല്ലു്, ഗോതമ്പു് മുതലായവയുടെ പൂക്കൾ ഈ വൎഗ്ഗത്തിൽപ്പെടുന്നു. അവയുടെ സ്ത്രൈണകേസര

ത്തിൽ പുഷ്പരേണു വെന്നുചേരുന്നതു കാററിൻെറ സഹായത്താലത്രെ.

ഹൈമ്പരത്തിപ്പൂവുപോലെ എല്ലാ അവയവങ്ങളും തികഞ്ഞിട്ടുള്ള പുഷ്പങ്ങൾ വളരെ ചുരുക്കമാണു്. മിക്കവയിലും രണ്ടു് അന്തർദളങ്ങളോ പുഷ്പപുടദളങ്ങളോ ഉണ്ടായിരിക്കും. എന്നാൽ പൗരുഷകേസരം, സ്ത്രൈണകേസരം എന്നീ രണ്ടംശങ്ങളിൽ ഏതെങ്കിലും ഒന്നില്ലാത്ത പുഷ്പമില്ലെന്നുതന്നെ പറയാം.

---

## ൨൭. മഹാദേവ ഗോവിന്ദ റാനഡെ.


ഭാരതീയരുടെ അഭിമാനത്തിനു ഹേതുഭൂതന്മാരായ നേതാക്കന്മാരിൽ, മഹാദേവഗോവിന്ദ റാനഡെ അത്യുന്നതമായ ഒരു സ്ഥാനമാണു് അർഹിക്കുന്നതു്. ജനനിയെപ്പോലെ ജന്മഭൂമിയെ സ്നേഹിച്ചിരുന്ന ആ പുണ്യപുരുഷൻ 1842-ൽ ജാതനായി. വിശിഷ്ടസന്താനങ്ങളുടെ മാതാവെന്നു വിഖ്യാതയായ മഹാരാഷ്ട്രഭൂമിക്കുതന്നെയാണു് ആ മഹാനുഭാവൻെറ ജനനത്താൽ പവിത്രയാവാനുള്ള ഭാഗ്യമുണ്ടായതു്. ബ്രാഹ്മണവംശത്തിലാണു് അദ്ദേഹത്തിൻെറ ജനനം. റാനഡെയുടെ പൂർവ്വികന്മാരിൽ പലരും പേഷ്വമാരുടെ വിശ്വസ്തന്മാരായ ഉദ്യോഗസ്ഥന്മാരായിരുന്നതുകൊണ്ടു് ആ മഹാൻെറ കുടുംബം ചരിത്രപ്രസിദ്ധമായിരുന്നു.

ഒൻപതാമത്തെ വയസ്സിൽ റാനഡെ കോൽഹാ

പുരം ഹൈസ്കൂളിലെ ഒരു വിദ്യാൎത്ഥിയായിത്തീൎന്നു. ബുദ്ധിമാനായ അദ്ദേഹത്തിൻെറ വിദ്യാലയജീവിതം ശോഭനമായ ഭാവിയെ സൂചിപ്പിച്ചിരുന്നു. ബാല്യത്തിൽതന്നെ ദേശാഭിമാനം സ്വാതന്ത്ര്യേച്ഛ, രാജ്യസേവാകൗതുകം മുതലായ ഉൽകൃഷ്ടഗുണങ്ങൾ റാനഡെ പ്രകാശിപ്പിക്കാതിരുന്നില്ല. എൽഫിൻസ്റ്റൺ കോളേജിൽ പ്രവേശിക്കുന്ന കാലത്തു് അദ്ദേഹം പൊതുജനകാൎയ്യങ്ങളിലും മററും അസാമാന്യമായ ശ്രദ്ധ പതിപ്പിച്ചിരുന്നു. 1865-ൽ ആണു് റാനഡെ എം. എ. ബിരുദ സമ്പാദിച്ചതു്. അധികം താമസിയാതെ എൽ. എൽ. ബി. നിയമപരീക്ഷയിലും വിജയിയായി.

കോളേജിലെ പ്രൊഫസറായിട്ടാണു് റാനഡെ ആദ്യമായി ഉദ്യോഗരംഗത്തിൽ പ്രവേശിച്ചതു്. പിന്നീടു് ആ നിയമജ്ഞനു് ഒരു സബ് ജഡ്ജിയുടെ സ്ഥാനം ലഭിച്ചു. കൃത്യനിഷ്ഠയും അക്ഷീണോത്സാഹവും മൂലം ആ നീതിമാൻ ക്രമത്തിൽ ഉയൎന്നുയൎന്നു് ഒരു ഹൈക്കോട്ട് ജഡ്ജിയായി. ഔദ്യോഗികജീവിതം ആ മഹാപുരുഷനെ ജനങ്ങളുടെ പ്രീതിക്കും അനശ്വരമായ ഖ്യാതിക്കും പാത്രമാക്കി.

റാനഡെയുടെ ഉൽകൃഷ്ടങ്ങളും നാനാമുഖങ്ങളുമായ ഉദ്ദേശങ്ങളേയും പ്രവൃത്തികളേയുംപററി ഇവിടെ സവിസ്തരം പ്രതിപാദിക്കുന്നില്ല. അത്രമാത്രം ആലോചനാശക്തിയും വിവിധവിഷയങ്ങളെപ്പററിയുള്ള വിജ്ഞാനവും നിഷ്കളമായ സ്വരാജ്യസ്നേഹവും അദ്ദേഹത്തെപ്പോലെ വളരെ ആളുകൾക്കുണ്ടാവുമെന്നു



വിചാരിക്കാവുന്നതല്ല. റാനഡെയുടെ ത്യാഗവും, ഭണ്ഡാരവും, സമയവും സ്വരാജ്യത്തിനും സമുദായത്തിനും എത്രത്തോളമാണ് ഉപയോഗപ്പെട്ടിട്ടുള്ളതെന്നു വിവരിക്കുക ദുഷ്കരമാണ്.

ആ സ്വരാജ്യസ്നേഹി രാജ്യത്തിന്റെയും ജനതയുടേയും അഭ്യുദയത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ലഭിച്ച ഒരവസരവും വൃഥാ വ്യയം ചെയ്തിട്ടില്ല. പ്രസംഗത്തേക്കാൾ അദ്ദേഹം പ്രവൃത്തിയെയാണ് അധികം ആദരിച്ചിരുന്നതു്. സ്വദേശീയരുടെ ജീവിതവിഷയമായുള്ള ദോഷങ്ങളെ പരിഹരിപ്പാൻ അദ്ദേഹത്തെപ്പോലെ പ്രയത്നിച്ചിട്ടുള്ളവർ അധികംപേരില്ല. തന്റെ ആശയങ്ങൾ രാജ്യത്തിലെങ്ങും പ്രചരിപ്പിക്കുന്നതിന് റാനഡെ എല്ലാ സന്ദർഭങ്ങളും വിനിയോഗിച്ചിരുന്നു. താണജാതിക്കാരുടെ ജീവിതത്തിൽ ആ മഹാനെപ്പോലെ അനുകമ്പ പ്രകടിപ്പിച്ചിട്ടുള്ളവർ ദുല്ലഭമാണ്.

ഒരവസരത്തിൽ ഒരു യൂറോപ്യൻ റാനഡെയെ ആളറിയാതെ അപമാനിക്കുകയുണ്ടായി. തീവണ്ടിയിൽ യാത്രചെയ്തിരുന്ന സമയത്ത് ആ വെള്ളക്കാരൻ ആ ഭാരതീയ നേതാവിന്റെ സാമാനങ്ങളെല്ലാം എടുത്തുപുറത്തേയ്ക്കെറിഞ്ഞു; അനന്തരം അദ്ദേഹം ഇരുന്നിരുന്ന സ്ഥലത്ത് കയറിയിരിപ്പായി. വെളിയിൽനിന്നു മടങ്ങിവന്ന റാനഡെ ഒരക്ഷരം മിണ്ടാതെ മറെറാരു ഭാഗത്തുപോയി ഇരിക്കുകയാണു ചെയ്തതു്. സ്നേഹിതന്മാരിൽ ചിലർ "ആ ധിക്കാരിയായ വിദേശീയന്റെ നേരെ അടങ്ങിയിരിക്കാനാണോ ഭാവം?" എന്നു ചോ

ദിക്കാതിരുന്നില്ല. അദ്ദേഹം അതിന്റെ ശാന്തസ്വര ത്തിൽ ഇങ്ങനെയാണു മറുപടിപറഞ്ഞതു്:— "നാം താഴ്ന്ന ജാതിക്കാരോടു നിർദ്ദയമായ വിധത്തിലല്ലേ പെരുമാറുന്നതു്? ആ സ്ഥിതിക്കു് ഇതിലത്ര വിചാരിപ്പാനും അത്ഭുതപ്പെടാനും ഇല്ല."

അപരാധംചെയ്ത യൂറോപ്യൻ റാനഡെയുടെ കീഴിലുള്ള ഒരുഉദ്യോഗസ്ഥനായിരുന്നു. വിവരം അറിഞ്ഞു വിഷണ്ണനായ അയാൾ അദ്ദേഹത്തോടു ക്ഷമായാചനം ചെയ്തു. ആ അവസരത്തിലും അദ്ദേഹത്തിന്റെ മുഖത്തു് ഒരു ഭാവഭേദവും ഉണ്ടായില്ല.

ഗാഢമായി ആലോചിച്ചതിനുശേഷമേ റാനഡേ എന്തെങ്കിലും പറയുകയോ, പ്രവൎത്തിക്കുകയോ, ചെയ്തിരുന്നുള്ളു. ആ മനസ്വിയുടെ ഹൃദയം ചലിപ്പിക്കുവാൻ ആൎക്കും കഴിഞ്ഞിരുന്നില്ല. സത്യത്തേയും ന്യായത്തേയും ആ മഹാപുരുഷൻ ആരാധിച്ചിരുന്നു.

ദുരഭിമാനം അദ്ദേഹത്തിൽ കണികാണ്മാനുണ്ടായിരുന്നില്ല. അന്യനേതാക്കന്മാരിൽ പലരും തങ്ങളുടെ നിലയ്ക്കു പോരെന്നു പറഞ്ഞു നിരസിക്കുന്ന പല പ്രവൃത്തികളും റാനഡെ സസന്തോഷം ചെയ്തിരുന്നു. ആ മഹാമനസ്കന്റെ ഈ സ്വഭാവവിശേഷത്തെപ്പററി അദ്ദേഹത്തിന്റെ സുപ്രസിദ്ധശിഷ്യനായ ഗോപാലകൃഷ്ണഗോഖലെ ഇങ്ങനെയാണു് ഒരവസരത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്: "ഒരു ക്ഷേത്രം നിൎമ്മിക്കണമെങ്കിൽ മനോഹരമായ ശില്പവേലകളിൽ മാത്രമല്ല അദ്ദേഹത്തിന്റെ കൈ ചെല്ലുക. അകലെ

നിന്നു കല്ലുകളും തടികളും മററും ചുമന്നുകൊണ്ടു വരു വാനും അദ്ദേഹത്തിനു് അശേഷം വൈമനസ്യം ഉണ്ടാവുകയില്ല." രാജ്യശ്രേയസ്സിനു് സഹായമായ ഏതു കൃത്യവും ആ മഹാപുരുഷൻ മാന്യമായിട്ടു ഗണിച്ചിരുന്നു.

റാനഡെയുടെ അനുപമമായ ബുദ്ധിശക്തിയെക്കാൾ അനുകരണീയമായ സ്വഭാവവിശേഷത്തെയാണു അധികം പ്രശംസിക്കേണ്ടതു്. ഈ വിഷയത്തിൽ അദ്ദേഹത്തോടു വല്ലവൎക്കും സാദൃശ്യമുണ്ടായിരുന്നെങ്കിൽ വിശ്രുതനേതാവായ ദാദാബായി നവറോജിക്കു മാത്രമാണു്. റാനഡെയുടെ വിശിഷ്ടഗുണങ്ങളിൽ അഗ്രഗണ്യമായി വിളങ്ങുന്നതു സ്വാൎത്ഥത്യാഗമാകുന്നു. അദ്ദേഹം സമുദായത്തിനും മാതൃഭൂമിക്കും വേണ്ടി അനവരതം പരിശ്രമിച്ചിട്ടുള്ളതു് ജനനേതൃത്വമോ കീൎത്തിസമ്പത്തോ ആഗ്രഹിച്ചിട്ടല്ല. അവ രണ്ടും അദ്ദേഹത്തെ സ്വയം വരിക്കുകതന്നെയാണു ചെയ്തതു്.

റാനഡെയുടെ സമീപത്തിരിക്കുന്നവരെക്കൂടി ദുൎവ്വിചാരങ്ങൾ ബാധിച്ചിരുന്നില്ല. ആ കൎമ്മയോഗി മുപ്പതിൽപരം വൎഷം മാതൃരാജ്യത്തെ സേവിച്ചതിനുശേഷം പരലോകം പ്രാപിച്ചു. ഇന്നും ആ മഹാപുരുഷനെ സ്നേഹത്തോടും ആദരത്തോടും കൂടിയാണു എല്ലാവരും സ്മരിക്കുന്നതു്.

---

## ൨൭. യാഗം.

[മഗധത്തിലെ രാജാവായിരുന്ന ബിംബിസാരനും
ബുദ്ധമുനിയും തമ്മിൽ നടന്ന സംവാദം.]

രാജാവപേക്ഷിച്ചു ഗൗതമനോടു നി-
ർവ്യാജാദരത്തിനാലാനതനായ്

"പുണ്യാജമേധം നടപ്പൂ ഭൂദേവാഗ്ര-
ഗണ്യാലയത്തിങ്കൽ; ദൂരെയല്ല.

ദേവന്മാർ വർഷിക്കുമാനന്ദക്കണ്ണുനീർ
ഭൂവലയത്തിനു താപമാററി,

ശ്യാമളസസ്യത്താൽക്കോൾമയിരുണ്ടാക്കു-
മീമഹാപാവനകർമ്മം, സ്വാമിൻ !

താവക സാന്നിദ്ധ്യഭാഗ്യത്താൽമംഗള-
മാവണമെന്നു നാമാശിക്കുന്നു."

"ഇല്ലാ കശാപ്പുപുരയിലേയ്ക്കെന്നും ഞാ-
നില്ലാ മഹീപതേ ! ശാന്തം പാപം !

പ്രേമവും ത്യാഗവുമീശ്വരനിച്ഛിക്കെ-
ക്കാമവശഗനാമന്ധമർത്ത്യൻ.

സ്നേഹവിഹീനനായ് ദുർബ്ബലജന്തുവിൻ
ദ്രോഹത്താൽ നേടുംപോൽ നിത്യപുണ്യം."

കണ്ണു കലങ്ങിക്കൊണ്ടന്യോന്യം നോക്കി ഭൂ-
വിണ്ണവർ ചുണ്ടു വിറയലോടേ.

യാഗസംരക്ഷകൻ രാജാവു ഗർജ്ജിച്ചാൻ:—
“ഭർഗ്ഗമാധിക്ഷേപ ദക്ഷകന്നും

വേഗമറുക്കണമെങ്കിലും പണ്ടേതാൻ
മാഗധവംശം ദയാർദ്രമല്ലോ.

കാണരുതെൻ നാട്ടിൽ; കാൽക്ഷണംവൈകൊല്ല”
—ശോണമായ് മന്നന്റെ കൺമുനകൾ.

ധീരർഷി പുഞ്ചിരിപൂണ്ടുകൊണ്ടോതിനാൻ:—
“പാരമനുഗ്രഹമീ നിയോഗം.”

ജീവിതമജ്ജയാൽ വാളിൽ മെഴുക്കിട്ട-
മേവിടും വന്മതഭക്തന്മാരെ!

ഈവിധമുള്ളേടം വിട്ടിടൊല്ലെന്നാജ്ഞ-
യാവുകിൽ മാത്രമേ ഖിന്നനാവൂ.”

പോവാനായ് നിൽക്കുന്ന ബുദ്ധന്റെ തൃക്കാലിൽ
ഭൂവാസവേന്ദ്രൻ നമസ്കരിച്ചു.

അന്നു തൊട്ടമ്മുനിശിഷ്യരിലഗ്ര്യനായ്
വന്നിതാ മാഗധ‘ബിംബിസാരൻ.’

ജി.

## ൨൯. ഭൂമിയുടെ ആകൃതിയും ചലനങ്ങളും.

സ്ഥലജലാത്മകമായ ഭൂമി പരന്നു കിടക്കുന്നതായിട്ടാണല്ലോ നമുക്കു തോന്നുന്നതു്. ഒരു കാലത്തു ജനങ്ങൾ അങ്ങനെയാണു വിശ്വസിച്ചിരുന്നതും. ഭൂമിയുടെ ആകൃതി വർത്തുളമാണെന്നു സമ്മതിക്കാത്തവർ നമ്മുടെ ഇടയിൽ ഇന്നും അസുലഭമല്ല. എന്നാൽ ഭാരതഖണ്ഡത്തിലെ ജ്യോതിശ്ശാസ്ത്രകാരന്മാർ പണ്ടുതന്നെ പ്രത്യക്ഷത്തിനു പ്രതികൂലമാണെങ്കിലും ഭൂമി ഗോളാകാരമാണെന്ന അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടു്. പാശ്ചാത്യശാസ്ത്രകാരന്മാരാണു ഭൂമി ഒരു ഗോളമാണെന്നു യുക്തിയുക്തമായി വാദിച്ചു സ്ഥാപിച്ചതു്. അവരുടെ യുക്തികളിൽ ചിലതു് ഇവിടെ വിവരിക്കാം.

ദൂരം കൂടുംതോറും പദാർത്ഥങ്ങളുടെ വലുപ്പം കുറഞ്ഞുകുറഞ്ഞു വരുന്നതായിത്തോന്നുമെന്ന സംഗതിയിൽ ആർക്കും വിവാദത്തിനു വകയില്ല. അകലെ സ്ഥിതിചെയ്യുന്ന ഒരു പർവ്വതം നമുക്കു് എത്ര ചെറുതായിട്ടാണു തോന്നുന്നതു്! ഒരു വലിയ പട്ടം വായുമണ്ഡലത്തിൽ ഉയർന്നുയർന്നു പോകുംതോറും കൃശതരമായി തോന്നുന്നതിനും ഹേതു മറ്റൊന്നല്ല. തീരത്തിൽ നിന്നു സമുദ്രമദ്ധ്യത്തിലേയ്ക്കു പ്രയാണം ചെയ്യുന്ന കപ്പൽ അകലുംതോറും അധികമധികം ചെറുതാകുന്നതായി തോന്നുന്നു. ക്രമത്തിൽ അതു് അദൃശ്യമായിത്തീരുകയും ചെയ്യുന്നു. പക്ഷേ, അതിന്റെ എല്ലാഭാഗവും ഒരുമിച്ചു മറയുന്നില്ല. ഭൂമിയുടെ ഉപരിഭാഗം പരന്ന

താണെങ്കിൽ കപ്പലിന്റെ എല്ലാഭാഗവും ഒരേസമയ ത്ത് അദൃശ്യമാകേണ്ടതാണല്ലോ. യാനപാത്രത്തി ന്റെ മിക്കഭാഗവും നയനങ്ങൾക്ക് അവിഷയമായി ക്കഴിഞ്ഞാലും പാമരം കുറേനേരത്തേയ്ക്കുകൂടി ദൃശ്യ മായിരിക്കും. മാത്രമല്ല ദൂരത്തുനിന്നു നൗകാശയത്തി ലേയ്ക്കുവരുന്ന ഒരു കപ്പലിന്റെ പാമരമാണ് ആദ്യം ദൃഷ്ടിഗോചരമാവുക. അനന്തരം ജലോപരിഷ്ഠമായ ഭാഗം മുഴുവൻ ക്രമേണ ദൃശ്യമായിത്തീരും. ഇതിൽ നിന്ന്, പ്രേക്ഷകന്റെ ദൃഷ്ടികൾക്കും കപ്പലിനും ഇടയ്ക്കു ഭൂമിയുടെ ഉപരിതലത്തിന് ഒരു ഉന്തിപ്പുണ്ടെ ന്ന് അനുമാനിക്കാമല്ലൊ. ഈ വക്രത ഭൂമിയുടെ ഏതുഭാഗത്തും ഉള്ളതുകൊണ്ടു ഭൂമി ഒരു ഗോളമാണെ ന്ന് ഊഹിക്കാം.

ഇനി മററൊരു തെളിവു പ്രസ്താവിക്കാം. എല്ലാ പദാത്ഥങ്ങൾക്കും ഛായയുണ്ട്. വസ്തുവിന്റെ ആകൃ തിതന്നെ നിഴലിനും കാണാം. സൂയ്യപ്രകാശത്തിൽ ക്കൂടി ഭ്രമണം ചെയ്യുന്ന ഭൂമിക്കും ഛായ ഇല്ലാതിരി പ്പാൻ നിവൃത്തിയില്ലല്ലോ. രാത്രിയിൽ സവ്വത്ര വ്യാ പിക്കുന്ന ഇരുട്ടു ഭൂമിയുടെ നിഴലാണെന്ന് അധി കംപേരും അറിഞ്ഞിരിപ്പാനിടയില്ല. ഗ്രഹണസമയ ത്തു ചന്ദ്രബിംബത്തിൽ വത്തുളമായി കാണുന്ന അസി തച്ഛായയും അതുതന്നെ. ഭൂമി ഗോളാകാരമായ ഒരു വസ്തുവാണെന്നു തെളിയിപ്പാൻ ഇതിലധികം ലക്ഷ്യമാ വശ്യമില്ലല്ലൊ.

പക്ഷേ, അതു പരിപൂണ്ണമായ ഒരു ഗോളമല്ല.

മദ്ധ്യരേഖയുടേയും ഒരു ധ്രുവം മുതൽ മറേറ ധ്രുവംവരെയുള്ള ദൈൎഘ്യത്തിനും തമ്മിൽ ഇരുപത്തേഴ നാഴികയുടെ അന്തരമുണ്ട്. ധ്രുവപ്രദേശങ്ങൾ അല്പം പരന്നിരിക്കുന്നതുകൊണ്ടാണു് ഈ ഭേദം കാണുന്നതു്.

ഇനി ഈ ഗോളത്തിന്റെ ചലനങ്ങളെപ്പററിയാണു പ്രതിപാദിക്കുവാനുള്ളതു്. ഭൂമി ഭ്രമണം ചെയ്യുന്നുണ്ടെന്നു പറഞ്ഞാൽ അധികം ആളുകളും വിശ്വസിക്കയില്ല. അതു പ്രത്യക്ഷജ്ഞാനത്തിനു വിപരീതമാണല്ലൊ. എന്നാൽ ഗ്രഹങ്ങളുടെ പരസ്പരാകൎഷണങ്ങളെപ്പററി ഗ്രഹിച്ചിട്ടുള്ളവൎക്കു് ഇതു ദുൎഗ്രഹമായിരിപ്പാനിടയില്ല. സൂൎയ്യമണ്ഡലത്തെ അപേക്ഷിച്ചു് എത്രയോ ചെറുതായ ഈ ഗോളം അതിന്റെ ആകൎഷണത്തിന്നു് അധീനമായി സദാ ഒരു നിശ്ചിതപഥത്തിൽകൂടി സഞ്ചരിക്കുകയാണു്. ആദിത്യനെ ഒരു തവണ പ്രദക്ഷിണം ചെയ്യണമെങ്കിൽ ഭൂമിക്കു മുന്നൂറററുപത്തഞ്ചേകാൽ ദിവസം വേണം. ആ സമയത്തെയാണു നാം ഒരു സംവത്സരമായി ഗണിക്കുന്നതു്. അതിനാൽ ഇതിനു വാൎഷികചലനം എന്നു് അന്വൎത്ഥമായി നാമകരണം ചെയ്തിരിക്കുന്നു. ഋതുഭേദങ്ങൾക്കും അയനഭേദങ്ങൾക്കുംമൂലം ഈ ഭ്രമണമാകുന്നു.

ഈ ഗോളത്തിനു മറെറാരുവിധത്തിലുള്ള ചലനംകൂടിയുണ്ടു്. ആ ഭ്രമണം നിമിത്തമാണു ദിനരാത്രങ്ങൾ സംഭവിക്കുന്നതു്. എന്നാൽ സാമാന്യജനങ്ങളുടെ വിശ്വാസം സൂൎയ്യൻ ഭൂമിയെ ചുററുന്നുവെന്നാണു്. ഈ ബോധം ചാക്ഷുഷാനുഭവത്തിന്നു് അനുകൂലം

തന്നെ. ഉദിച്ച സൂര്യൻ ആറു മണിക്കൂർകൊണ്ട് ആകാശമദ്ധ്യത്തിലും, അനന്തരം അത്രയും സമയംകൊണ്ട് പശ്ചിമചക്രവാളത്തിലും, എത്തുന്നതു നാം ദിവസംപ്രതി കണ്ടുവരുന്നുണ്ടല്ലൊ. പിന്നീടു സൂര്യബിംബം മുപ്പതു നാഴികകൊണ്ടു കിഴക്കുദിക്കിൽ ഉദിക്കുന്നു. ഭൂമി തിരിഞ്ഞാലും ഇതു സംഭവിക്കുന്നതാണോ എന്നു പര്യാലോചിക്കുകതന്നെ.

തീവണ്ടിയിൽ യാത്രചെയ്യുന്ന അവസരത്തിൽ രണ്ടു പാൎശ്വങ്ങളിലുമുള്ള വസ്തുക്കൾ എതിർവശത്തേയ്ക്കു് അതിവേഗത്തിൽ പായുന്നതായി തോന്നാറുണ്ട്. കാർമേഘം അതിവേഗത്തിൽ പായുമ്പോൾ ചന്ദ്രൻ അതിനു് അഭിമുഖമായി ഓടിവരുന്നതുപോലെ തോന്നുക അസാധാരണമല്ല. മേല്പറഞ്ഞ വിശ്വാസത്തിന്റെയും യഥാൎത്ഥ്യം ഇപ്രകാരമത്രെ. ഭൂമണ്ഡലം പടിഞ്ഞാറുനിന്നു കിഴക്കോട്ടു തിരിഞ്ഞു കൊണ്ടിരിക്കയാണു്. അതുകൊണ്ടാണു സൂര്യൻ പശ്ചിമദിക്കിനെ അഭിമുഖമാക്കി സഞ്ചരിക്കുകയാണെന്നു നമുക്കു തോന്നുന്നതു്.

മേൽപറഞ്ഞ വിധത്തിലുള്ള ഭൂചലനത്താലും ദിനരാത്രങ്ങൾ സംഭവിക്കാമല്ലോ. ഒരു പ്രത്യേകസമയത്തു നാം വസിക്കുന്ന ഭൂഗോളം സൂര്യനു് അഭിമുഖമായിത്തീരുന്നു എന്നു സങ്കല്പിക്കുക. ഭൂഗോളം അതിന്റെ അക്ഷത്തിന്മേൽ കിഴക്കോട്ടു തിരിഞ്ഞുകൊണ്ടിരിക്കയാണെങ്കിൽ നമുക്കു സൂര്യൻ എതിർവശത്തേയ്ക്കു് അതിവേഗത്തിൽ സഞ്ചരിക്കുന്നതായി തോന്നാതിരിക്കു

കയില്ല. നാം വസിക്കുന്ന ഭൂഭാഗം ഈ ചലനത്താൽ സൂര്യന്ന് അഭിമുഖമല്ലാതാകുമ്പോൾ രാത്രിയാകുന്നു. വീണ്ടും ഈ പ്രദേശം ആദിത്യന്നു നേരെ വരുന്നതിന്നു പന്ത്രണ്ടുമണിക്കൂർ സമയമേ ആവശ്യമുള്ളു. ഇങ്ങനെ അറുപതുനാഴികകൊണ്ടു ഭൂഗോളം തന്നിയെ ഒന്നു തിരിയുന്നു. ഈ പരിവർത്തനം ദിനരാത്രങ്ങൾക്കു കാരണമാകയാൽ ഇതിന്ന് ആഹ്നികചലനമെന്നു സംജ്ഞ നൽകിയിരിക്കുന്നു.

ഇനി ഭൂമിക്ക് ഇങ്ങനെ ഒരു ചലനമുണ്ടോ എന്നാണു പരിശോധിപ്പാനുള്ളതു്. ഭൂഗോളം കാഴ്ചയിൽ ബൃഹത്തരമാണെങ്കിലും അതിനെ അപേക്ഷിച്ച് എത്രയോ വലിപ്പമേറിയതാണു സൂര്യബിംബം. ലക്ഷത്തിൽപരം മടങ്ങു വലുപ്പമുള്ള ആദിത്യമണ്ഡലം ഭൂമിയെ ചുററുക അസംഭാവ്യമാണെന്ന് ആലോചിച്ചാൽ ആക്കും അറിയാവുന്നതാണ്. ആകർഷണശക്തി ചെറിയ വസ്തുക്കളേക്കാൾ അധികം വലിയ വസ്തുക്കൾക്കാണല്ലൊ. സൗരയൂഥത്തിൽപ്പെട്ട ഇതരഗ്രഹങ്ങൾക്കു ഭ്രമണമുണ്ടെന്ന വിഷയത്തിൽ ആക്കും വിവാദമില്ലെന്നാണു തോന്നുന്നതു്. ആ സ്ഥിതിക്കു ഭൂമിമാത്രം സ്ഥിരമായിരിക്കുന്നുവെന്നു സിദ്ധാന്തിക്കുന്നതു യുക്തിക്ക് അനുരോധമായിരിക്കുകയില്ല.

സൂര്യൻ ഭൂമിയിൽനിന്ന് ഒൻപതു കോടിയിൽ പരം നാഴിക അകലത്താണു നില്ക്കുന്നതു്. ആ ഗോളമാണു ചുററുന്നതെങ്കിൽ ഭ്രമണകക്ഷ്യയുടെ പരിധി 57 കോടിയിൽപരം നാഴികയായിരിക്കുമല്ലൊ. അത്രയും

ദൂരം 24 മണിക്കൂർകൊണ്ടു സഞ്ചരിക്കണമെങ്കിൽ ഒരു സെക്കൻറിൽ ഗതിവേഗം എത്രയായിരിക്കണം? ആറായിരത്തിൽപരം നാഴിക! ഇതിലും വിശ്വാസയോഗ്യമായിരിക്കുന്നതു ഭൂമിയുടെ ആഹ്നികചലനം തന്നെയല്ലയോ?

ഇത്രയും പറഞ്ഞതിൽനിന്നു ഭൂമിക്ക് ആഹ്നികചലനമുണ്ടെന്നു വ്യക്തമായല്ലൊ. ഇങ്ങനെ സദാ ചലിച്ചുകൊണ്ടിരിക്കുന്ന ഭൂമിയിൽ ഓരോ സ്ഥലത്തും സ്ഥിതിചെയ്യുന്ന പദാൎത്ഥങ്ങൾ, ഗൃഹങ്ങൾ എന്നിവയ്ക്കൊന്നും സ്ഥാനഭേദം വരാത്തതെന്താണെന്നൊരു ശങ്കയ്ക്കു് ഇവിടെ അവകാശമുണ്ടു്. അതിനും സമാധാനം പറയാം. ഭൂഗോളം ഒന്നാകെയാണല്ലോ ചലിക്കുന്നതു്. അതുകൊണ്ടു ഭൂമിയിലുള്ള പദാൎത്ഥങ്ങളെ ആ ചലനം ബാധിക്കുന്നില്ല. അതിവേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുന്ന ഒരു കപ്പലിലോ തീവണ്ടിയിലോ ഇരിക്കുന്ന ആളുകൾക്കും പദാൎത്ഥങ്ങൾക്കും ആ വാഹനത്തിൻെറ യാനം നിമിത്തം സ്ഥാനഭേദം സംഭവിക്കുന്നില്ലല്ലോ. അതുപോലെതന്നെ ഭൂമിയുടെ ഗതിയും അതിലെ പദാൎത്ഥങ്ങളുടെ സ്ഥിതിക്കു മാററം വരുത്തുന്നില്ല. അതിനു പുറമേ ഭൂമിയുടെ ആകൎഷണശക്തി നിമിത്തം സകല പദാൎത്ഥങ്ങളും അതിൽനിന്നു് ഒരിക്കലും വേർപെട്ടുപോകാൻ നിവൃത്തിയില്ലാത്ത വിധം അതിനോടു ബന്ധപ്പെട്ടിരിക്കയും ചെയ്യുന്നു. ഭൂഗോളത്തിൻെറ ഉപരിഭാഗത്തു് അനേകം നാഴിക ഉയരത്തിൽ വ്യാപിച്ചുകിടക്കുന്ന വായുമണ്ഡലവും


ഈ ആകർഷണശക്തിക്ക് അധീനമായി ഭൂഗോളത്തോടൊപ്പം ഭ്രമണം ചെയ്യുന്നുണ്ട്. ആകാശഗമനം ചെയ്തുകൊണ്ടിരിക്കുന്ന പക്ഷികൾക്കു ദിഗ്ഭ്രമം കൂടാതെ വീണ്ടും അവയുടെ കൂട്ടുകളിൽ ചെന്നു ചേരാൻ സാധിക്കുന്നതു് ഇതുകൊണ്ടാണു്.

---

## ൩൦. വ്യോമയാനം.

മനുഷ്യനു വിഹഗങ്ങളെപ്പോലെ വായുമണ്ഡലത്തിൽ സഞ്ചരിക്കുവാൻ സാധിക്കുമെന്നു് ഒരു ശതാബ്ദപാദത്തിനു മുൻപു് ആരെങ്കിലും ദീർഘദർശനം ചെയ്തിരുന്നുവെങ്കിൽ അന്നത്തെ ജനങ്ങളുടെ ദൃഷ്ടിയിൽ അയാൾ അപഹാസ്യനായിത്തീരുമായിരുന്നു. എന്നാൽ ലോകക്ഷേമത്തിന്നു് ഉപകരിക്കുന്ന ശാസ്ത്രീയങ്ങളായ പരീക്ഷണങ്ങൾക്കുവേണ്ടി ആത്മത്യാഗംപോലും ചെയ്യുവാൻ മടിക്കാത്ത ചില ധീരന്മാരായ ശാസ്ത്രജ്ഞന്മാരുടെ അനന്തമായ ക്ലേശസഹിഷ്ണുതയുടെ ഫലമായി ഇന്നു വ്യോമസഞ്ചാരം സുകരമായിട്ടുണ്ടു്.

വ്യോമമണ്ഡലത്തിൽ സ്വൈരവിഹാരം ചെയ്യുന്ന പക്ഷികളെ നോക്കി മനുഷ്യൻ അസൂയപ്പെട്ടുതുടങ്ങിയിട്ടു കാലം കുറെയായി. ആകാശഗമനത്തിൽ അതികുതുകികളായ ചിലർ വളരെക്കാലം മുൻപു തന്നെ വിഹഗങ്ങളെ അനുകരിച്ചു ചിറകുവച്ചുകെട്ടി പറക്കുവാൻ ഉദ്യമിക്കാതിരുന്നില്ല. ആ കൃത്രിമപക്ഷ



ങ്ങൾ ലഘുതരങ്ങളും, വ്യാപാരക്ഷമങ്ങളും ബലവത്തരങ്ങളും അല്ലാതിരുന്നതിനാൽ അവക്കു അപായം സംഭവിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ.

കൃത്രിമപക്ഷം ഉപയോഗക്ഷമമല്ലെന്നു കണ്ടപ്പോൾ വായുമണ്ഡലത്തിൽ സ്വയം പൊങ്ങുന്ന വല്ല വസ്തുക്കളുടേയും സഹായത്തോടുകൂടി ആകാശഗമനം ചെയ്വാൻ സാധിക്കുമോ എന്നു ചിലർ ചിന്തിച്ചുതുടങ്ങി. ജലത്തേക്കാൾ ഘനംകുറഞ്ഞ സാധനം അതിൽ താണുപോവുകയില്ലല്ലൊ. വായുവിനേക്കാൾ ലാഘവമുള്ള വസ്തുക്കൾ വായുമണ്ഡലത്തിലും പൊങ്ങിനില്ക്കും. ഈ തത്വത്തെ ആസ്പദമാക്കിക്കൊണ്ടു പലരും വായുവിനേക്കാൾ ലഘുതരമായ വസ്തുക്കൾ കണ്ടുപിടിക്കുവാൻ യത്നിച്ചു. ഘനംകുറഞ്ഞ ഒരു തൂവൽപോലും ഭൂമിയിൽ പതിക്കാതെ ഇരിക്കുകയില്ല. അത്ര ഘനം കുറഞ്ഞതാണല്ലോ വായു. തപ്തമായ വായുതന്നെയാണ് അന്തരീക്ഷവായുവിനേക്കാൾ ഘനംകുറഞ്ഞ വസ്തുവെന്നു ചില ജിജ്ഞാസുക്കൾ ഉടൻ കണ്ടുപിടിച്ചു. കടലാസുകൊണ്ടും തുണികൊണ്ടും മററും വലിയ സഞ്ചികളുണ്ടാക്കി വായു നിറച്ചു ചൂടുപിടിപ്പിച്ചപ്പോൾ അവ സ്വയം അന്തരീക്ഷത്തിലേയ്ക്കു ഉയരുകയുംചെയ്തു. ആകാശഗമനശ്രമത്തിൽ സിദ്ധിച്ച പ്രഥമവിജയമാണ് ഈ കണ്ടുപിടുത്തം.

ബലൂൺ നിമ്മിക്കുന്ന വിഷയത്തിൽ സഫലമായ യത്നംചെയ്തു പ്രഖ്യാതന്മാരായിത്തീൎന്നതു രണ്ടു ഫ്രഞ്ചുയുവാക്കന്മാരാണ്. അവർ വായുനിറച്ചു തപിപ്പിച്ച

വികസിപ്പിക്കുന്നതിനുപകരം സാധാരണ വായുവിനേ ക്കാഠം പതിന്നാലിരട്ടി ഘനംകുറഞ്ഞ അബ്ജനക വാതകം (Hydrogen) ബലൂണിൽ നിറച്ചുനോക്കി. ആ പരീക്ഷണം വിജയത്തിലാണ് പര്യവസാനിച്ചത്. തപ്തമായ വായു അന്തരീക്ഷവായുവിൻെറ സമ്പർക്ക ത്താൽ തണുത്ത് വീണ്ടും ചുരുങ്ങുന്നതുകൊണ്ട്, അതു നിറച്ച യാനപാത്രം അധികനേരം വ്യോമമണ്ഡല ത്തിൽ സ്ഥിതിചെയ്തിരുന്നില്ല. ആ ദോഷം അബ് ജനകത്തിനില്ലല്ലൊ.

ധീരന്മാരും പരിശ്രമശീലന്മാരും ആയ ആ യുവാ ക്കന്മാർ അത്രമാത്രംകൊണ്ടു തൃപ്തരായില്ല. അവർ 70 അടി പൊക്കമുള്ള ഒരു വലിയ ബലൂൺ നിർമ്മിച്ച് അതിൽ ഒരു കൊട്ട കെട്ടിത്തൂക്കി ആട്, കോഴി, താറാവ് എന്നിവയെ പിടിച്ചിട്ട് ആകാശഗമനത്തി ന വിട്ടു. ആ ബലൂൺ അങ്ങുമിങ്ങും കാററിൻെറഗതി യനുസരിച്ചു ചുററിപ്പറന്നശേഷം ഒരുഠംനാട്ടിൽ ചെ ന്നു വീണു. അതിൽ ഉണ്ടായിരുന്ന ജീവികഠംക്ക് യാ തൊരു അപായവും സംഭവിച്ചില്ല. അതിനുശേഷം ബലൂണിനു യൂറോപ്പിൽ കുറേക്കാലത്തേയ്ക്കു ധാരാളം പ്രചാരമുണ്ടായി. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ആയ ഏതാനും ജിജ്ഞാസുക്കഠം അംഗാരബാഷ്പം (coal gas), അബ്ജനവാതകം, തപ്തവായു എന്നിവ നിറച്ച ആ കാശയാനങ്ങളിൽ കേറിയിരുന്ന് ഏഴുനാഴികവരെ ഉയരത്തിൽ സഞ്ചരിക്കയുണ്ടായിട്ടുണ്ട്. ബലൂണിൻെറ അടിയിൽ തൂങ്ങിക്കിടക്കത്തക്കവണ്ണം വല കൊണ്ടു

ദൃഢമായി ബന്ധിച്ചിരുന്ന തൊട്ടിയിൽ ആയിരുന്നു ആ സഞ്ചാരികൾ കയറിയിരുന്നതു്. 'ഔന്നത്യമാപിനി'യുടെ സഹായത്താൽ എത്ര ദൂരം മുകളിലേയ്ക്കു യാത്രചെയ്തുവെന്നു ഗണിക്കുവാൻ അവക്കു പ്രയാസമുണ്ടായിരുന്നില്ല.

---

## ൩൧. വ്യോമയാനം.

### ൨.

അത്ഭുതജനകമായിരുന്നെങ്കിലും ബലൂൺകൊണ്ടു വലിയ പ്രയോജനം ഉണ്ടായിരുന്നില്ല. അവയുടെ ഗതി നിയന്ത്രിക്കുവാൻ യാതൊരു ഉപായവും ഇല്ലായിരുന്നു. തന്മൂലം ജനങ്ങൾ ബലൂൺ നിമ്മാണത്തിൽ പ്രായേണ ഉദാസീനരായിത്തീൎന്നു. ഏകദേശം ഒരു ശതാബ്ദം കഴിഞ്ഞു ഫ്രഞ്ചുകാരും ജമ്മൻകാരുമായി ഭയങ്കര യുദ്ധമുണ്ടായി. ശത്രുക്കൾ പാരീസ്സുപട്ടണം വളഞ്ഞപ്പോൾ ഉൾനാട്ടുകളിലേയ്ക്കു വിജ്ഞാപനങ്ങൾ അയയ്ക്കുവാൻ ഫ്രഞ്ചുകാർ ബലൂൺ ഉപയോഗിച്ചിരുന്നു. എന്നാൽ ഉൾനാട്ടുകളിൽ ഏതെങ്കിലും ദിക്കിൽ നിന്നു് വിട്ടാൽ അതു പാരീസ്സിൽതന്നെ എത്തുമെന്നു വിശ്വസിപ്പാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടു് ആ നഗരത്തിലേയ്ക്കുള്ള കത്തുകളൊന്നും അതുവഴിയായി അയപ്പാൻ സാധിച്ചിരുന്നില്ല. അതു നിമിത്തം മററു വാഹനങ്ങളെപ്പോലെതന്നെ ഇച്ഛാനുസരണം നിയ

ന്ത്രിക്കാവുന്ന വിമാനങ്ങൾ നിർമ്മിപ്പാനുള്ള മാർഗ്ഗം കണ്ടുപിടിക്കുവാൻ പലരും പരിശ്രമിച്ചുതുടങ്ങി. ആ യുദ്ധത്തിന്നുശേഷം പതിനൊന്നുവർഷം കഴിഞ്ഞിട്ടാണ് അത്തരത്തിലുള്ള ഒരു വിമാനം നിർമ്മിക്കുവാൻ സാധിച്ചതു്. എന്നാൽ അതിശക്തിയോടുകൂടി അടിക്കുന്ന കാററിന്നെതിരായി സഞ്ചരിക്കുവാനുള്ള ശക്തി അതിന്നും ഉണ്ടായിരുന്നില്ല.

ആവിയന്ത്രത്തേക്കാൾ തുലോം ഭാരം കുറഞ്ഞ മോട്ടോർയന്ത്രങ്ങൾ കണ്ടുപിടിച്ചതിനുശേഷമാണു വിമാനനിർമ്മാണകലയ്ക്കു ഗണ്യമായ പുരോഗതിയുണ്ടായതു്. വിമാനങ്ങളുടെ ആകൃതിതന്നെ പരിഷ്കരിക്കപ്പെട്ടു. വർത്തുളാകൃതിയിലുള്ള ബലൂണിനു വായുവിൻെറ അലകളെ മുറിച്ചു സഞ്ചരിക്കുവാൻ പ്രയാസമാണ്. തന്നിമിത്തം അഗ്രം മാത്രം കൂർത്തു് ദീർഘാകാരങ്ങളായ വ്യോമയാനങ്ങൾ നിർമ്മിക്കാൻ തുടങ്ങി. ആ വാതകസഞ്ചികൾ പരുത്തിനൂലും റബ്ബറും ചേർത്തു നിർമ്മിക്കുന്ന ഒരുതരം തുണികൊണ്ടാണ് ഉണ്ടാക്കിയിരുന്നതു്. അടിവശത്തു രണ്ടുതൊട്ടിലുകൾ ഉറപ്പിച്ച് മുൻവശത്തേതിൽ യന്ത്രം സ്ഥാപിച്ചു വന്നു. അതിൽത്തന്നെയാണു വൈമാനികന്മാരും മററും കയറിയിരുന്നതും. വിമാനത്തിൻെറ ഗതി യഥേഷ്ടം നിയന്ത്രിക്കുവാനും മററുമുള്ള ഉപകരണങ്ങൾ മറേറ തൊട്ടിലിനോടു ചേർത്താണു ഘടിപ്പിച്ചിരുന്നതു്.

വിമാനനിർമ്മാണവിഷയത്തിൽ പിന്നെയും അനേകംപരിഷ്കാരങ്ങൾ ഉണ്ടായി. ജർമ്മനിയിലെ ഒരു

സൈനികോദ്യോഗസ്ഥനായിരുന്ന സെപ്പലിൻപ്രഭു വളരെ ധനം ചെലവുചെയ്തു് ഒരു വിമാനം നിർമ്മിച്ചു. ആകാശഗമനത്തിനു് ആരംഭിച്ചപ്പോൾതന്നെ അതു കൊടുങ്കാററിൽപെട്ടു തകൎന്നുപോയെങ്കിലും തന്റെ പരിശ്രമം നിഷ്പ്രയോജനമായിട്ടില്ലെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. അതിനെ അനുകരിച്ചു് പിന്നെയും ആ പ്രഭു വിമാനങ്ങൾ നിർമ്മിപ്പാൻ തുടങ്ങി. അങ്ങനെയാണു് സെപ്പലിൻവ്യോമയാനങ്ങളുടെ ആവിർഭാവം.

സെപ്പലിൻ വിമാനത്തിനു് ഏകദേശം അഞ്ഞൂറു് അടി നീളവും അമ്പതു് അടി വീതിയും ഉണ്ടു്. ഉയരം 175 അടി ആണു്. മണിക്കൂറിൽ ഏകദേശം അമ്പതു നാഴിക അതിനു സഞ്ചരിക്കുവാൻ കഴിയും. അലൂമിനീയവും മററു ചിലതും കൂട്ടിയുരുക്കിയ ഒരു മിശ്രലോഹംകൊണ്ടാണു് ഇതിൽ വാതകസഞ്ചികൾവയ്പാനുള്ള കൂടു നിർമ്മിക്കുന്നതു്. ആ പഞ്ജരം പതിനേഴു ഭാഗങ്ങളായിത്തിരിച്ചു് ഓരോന്നിലും അണ്ഡാകൃതിയിലുള്ള ഓരോ സഞ്ചിവയ്ക്കുന്നു. സെപ്പലിൻ വിമാനത്തിൽ 500 അശ്വങ്ങളുടെ ശക്തിയുള്ള മോട്ടോർ യന്ത്രമാണു് സ്ഥാപിക്കുന്നതു്. 30 പേർ അതു പ്രവൎത്തിക്കുവാൻ നിരന്തരം വേല ചെയ്തുകൊണ്ടിരിക്കണം. അവരെല്ലാം സെപ്പലിന്റെ മുൻവശത്തെ തൊട്ടിലിലാണു് ഇരിക്കുക. അവിടെ ദിക്കുകൾ തിരിച്ചറിവാനുള്ള 'വടക്കുനോക്കി', ഉയരം അറിവാനുള്ള 'ഔന്നത്യമാപിനി' മുതലായ യന്ത്രസാമഗ്രികളും വച്ചിരിക്കും. ആ രണ്ടു തൊട്ടിലുകൾക്കും മദ്ധ്യത്തിലായി കമനീയങ്ങ

ളായ ഏതാനും അറകളുണ്ട്. വിമാനനേതാവായ മു ഖ്യോദ്യോഗസ്ഥനും മററും അവയിലാണ് ഇരിക്കുക. കമ്പിയില്ലാക്കമ്പിയന്ത്രം മുതലായവ വിമാനത്തിൽ ഉ ണ്ടായിരിക്കും. യാത്രക്കാൎക്ക് ഭക്ഷണം കഴിക്കുവാനും ഉറങ്ങുവാനും കളിക്കുവാനും മററും വേണ്ടുന്ന സ്ഥലങ്ങ ളെല്ലാം അതിൽ ഉണ്ട്. ആളുകൾ ഇരിക്കുന്ന എല്ലാ മുറികളും ദൂരശ്രവണയന്ത്രത്താൽ അന്യോന്യം സംഘ ടിപ്പിച്ചിരിക്കും. വിശാലമായ ഒരു ഗൃഹത്തിലെ സൎവ്വ സൗകൎയ്യങ്ങളും സെപ്പലിൻവിമാനത്തിൽ ഉണ്ടായിരി ക്കുന്നതാണ്. 100 പേൎക്ക് അതിൽ കയറി യാത്രചെ യ്യാം. ലോകമഹായുദ്ധം നടന്നിരുന്നപ്പോൾ ഇത്തരം വിമാനങ്ങളാണു ജൎമ്മൻകാർ അധികമായി ഉപയോ ഗിച്ചിരുന്നതു്.

വിമാനനിൎമ്മാണകല ഇങ്ങനെ അഭിവൃദ്ധിപ്പെട്ടു വരുന്ന കാലത്തു വേറെ ചിലർ പറക്കുന്ന യന്ത്രങ്ങൾ നിൎമ്മിപ്പാൻ ഉത്സാഹംതുടങ്ങി. യന്ത്രസഹായത്താൽ ചലിക്കുന്ന കൃത്രിമപക്ഷങ്ങളോടുകൂടിയ വ്യോമയാന ങ്ങൾ ഇപ്പോൾ ധാരാളമായിത്തീൎന്നിരിക്കുന്നു. സെപ്പ ലിൻ മുതലായവയേക്കാൾ അവയ്ക്കു് അതിവേഗത്തിൽ സഞ്ചരിക്കാം. അധികം ഉയരത്തിൽ അവയെ കൊണ്ടു പോകയും ചെയ്യാം. ഇങ്ങനെയുള്ള സൗകൎയ്യങ്ങൾ മൂലം യുദ്ധസംബന്ധമായ ആവശ്യങ്ങൾക്ക് അത്തരം വ്യോമരഥങ്ങളാണ് അധികമായി ഉപയോഗിച്ചുവരു ന്നതു്. 'ഏക പക്ഷങ്ങളും' 'ദ്വിപക്ഷങ്ങളു'മായ വ്യോമയാനങ്ങൾ ഉണ്ട്.

---

H.H.

1914-ാമാണ്ടിൽ ലോകമഹായുദ്ധം ആരംഭിച്ചതിനു ശേഷമാണ് വിമാനനിർമ്മാണത്തിൽ ഇത്ര അഭിവൃദ്ധി ഉണ്ടായിത്തുടങ്ങിയത്. അന്നു അവ സൈനികാവശ്യങ്ങൾക്കു മാത്രമേ മുഖ്യമായി ഉപകരിച്ചിരുന്നുള്ളു. തന്നിമിത്തം വിമാനം ഒരു യുദ്ധോപകരണം മാത്രമായിട്ടാണു ഗണിക്കപ്പെട്ടിരുന്നത്. എന്നാൽ ഇന്ന് ഗതാഗതത്തിനും വാർത്താനിർവഹണത്തിനും വ്യോമയാനങ്ങൾ അത്യധികം പ്രയോജനപ്പെടുന്നുണ്ട്. അതിനാൽ ലോകത്തിലെ മിക്ക പ്രധാന നഗരങ്ങളിലും വിമാനസങ്കേതങ്ങൾ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു.

ഇടയ്ക്കെങ്ങും നിൽക്കാതെ വിമാനത്തിൽ ബഹുദൂരം സഞ്ചരിക്കുവാൻ വൈമാനികന്മാർ ധൈര്യപ്പെട്ടിരുന്നില്ല. എന്നാൽ ഇംഗ്ലൻഡിലെ വിദഗ്ധവൈമാനികയായ മിസ് ആമി ജോൺസൻ ഒരു ചെറിയ വിമാനത്തിൽ ഇരുന്ന് അത്‌ലാന്തിക സമുദ്രം തരണംചെയ്ത് അമേരിക്കയിൽ നിഷ്പ്രയാസം എത്തിയതിനുശേഷം പലരും സുദീർഘമായ ആകാശഗമനത്തിനു സന്നദ്ധരാവുകയും വിജയം നേടുകയും ചെയ്തിട്ടുണ്ട്. ഹിമവൽപർവ്വതത്തിൻെറ അത്യുന്നത ശിഖരമായ 'എവറസ്റ്റു'പോലും ചില വിമാനചാരികൾ നിരപായമായി ആരോഹണം ചെയ്തു കഴിഞ്ഞിരിക്കുന്നു! ഭൂഗോളത്തെ മൂന്നോ നാലോ ദിവസംകൊണ്ട് പ്രദക്ഷിണംവയ്ക്കുവാൻ സാധിക്കുമെന്നു ധീരന്മാരായ വൈമാനികന്മാർതെളിയിച്ചു കഴിഞ്ഞിട്ടുണ്ട്.

ആകാശത്തിൽ പറക്കുവാനും, കരയിൽ നില്പാനും മാത്രമല്ല, ജലോപരിഭാഗത്തുകൂടി ഒഴുകുവാനും പർവ്വതംകടക്കുമ്പോൾ മഞ്ഞിൻമീതെ വഴുതിപ്പോകാനും ഉപകരിക്കുന്ന വിധത്തിൽ നിർമ്മിച്ചിട്ടുള്ള വിമാനങ്ങൾ ഇക്കാലത്ത് അപൂർവ്വമല്ല. സമുദ്രഗമനംപോലെതന്നെ ആകാശസഞ്ചാരവും അചിരേണ സുകരമായിത്തീരുമെന്നാണ അനുഭവംകൊണ്ട് അനുമാനിക്കേണ്ടത്.

---

## ൩൨. മിന്നാമിനുങ്ങ്.

ഇതെന്തൊരാനന്ദമിതെന്തു കൗതുകം !
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ ! പറ-
ന്നിതാ തൊട്ടമ്മുമ്പിതു വിണ്ണിലായിതേ ! 1

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്
കിടന്ന ചേലിൽക്കൂടിതാൻെറ തുമ്പിതിൽ
ചുടുന്നതില്ലീ ചെറുതീയതൊന്നുമേ !
കെടുന്നുമില്ലീ മഴയത്തുപോലുമേ ! 2

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനേ
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ. 3